مليباري

# മുഹമ്മദ്(സ)


## മാനവരിലെ മഹോന്നതൻ

## അഹ്മദ് ദീദാത്ത്

വിവർത്തനം
ഉദിനൂർ മുഹമ്മദ് കുഞ്ഞി

**محمد ﷺ هو أعظم البشر**

تأليف
الشيخ أحمد ديدات رحمه الله



المكتب التعاوني للدعوة والإرشاد
وتوعية الجاليات في غرب الديرة

# മുഹമ്മദ് (ﷺ) മാനവരിലെ മഹോന്നതൻ

﴿محمد صلى الله عليه وسلم هو أعظم البشر﴾

[ Malayalam – മലയാളം – مليالم ]


## അഹ്മദ് ദീദാത്ത്

تأليف / الشيخ/ أحمد ديدات

വിവർത്തനം: ഉദിനൂർ മുഹമ്മദ് കുഞ്ഞി

ترجمة : محمد كنهي حميد



ISLAMIC CO OPERATIVE OFFICE FOR CALL AND GUIDANCE CENTER

AT WESTERN DHEERA, RIYADH .K.S.A.

TEL. 439 1942. FAX .4391851

Web edition by:

islamhouse.com

1432– 2011

# താളുകളിൽ


വിവർത്തകക്കുറിപ്പ് 5

അദ്ധ്യായം ഒന്ന് - സർവ്വസമ്മതൻ 14
1-എങ്ങിനെ പ്രതിപാദ്യവിഷയമായി ? 14
2-ആവർത്തിക്കുന്ന ഇകഴ്ത്തലുകൾ. 16
3-അമേരിക്കയും വിഭിന്നമല്ല. 17
4-അപകർഷതാബോധം 18
5-അത്യധികം സ്വാധീന ശക്തിയുള്ളവർ. 19
6-യേശു(ﷺ)വിന്ന് മൂന്നാം സ്ഥാനം 21
7-കൃസ്തീയതയുടെ സ്ഥാപകനായ പൗലോസ്. 23
8-യേശുവിനെ ആരും പിന്തുടർന്നില്ല 25
9-ഉപഭോക്താവിനെ എന്തിന് പ്രകോപിപ്പിക്കുന്നു? 26
10-ചരിത്രത്തിലെ മഹാന്മാരായ നേതാക്കളാരെല്ലാം? 28
11-ഡോ.സാലസാറിനെ ആരറിയും ? 29
12-മുഹമ്മദി(ﷺ)നെഅവഗണിക്കാനാവില്ല 30
13-വില്യം മക്നീൻ 30
14-ജെയിംസ് ഗാവിൻ 31
15-ജൂൽസ് മാസ്സെർമാൻ. 32
16-സന്ദേഹാലുക്കൾ എന്ത് പറയുന്നു ? 40
17-രോഷം പങ്കുവെയ്ക്കൂ. 45

അദ്ധ്യായം രണ്ട് - പൂർവ്വകാല ചരിത്രത്തിൽ നിന്ന് 48
1-വളർത്തിയെടുത്ത രോഗം. 49
2-പ്രാമാണികത്വമെവിടെ ? 50
3-ആരാധനാപാത്രമായ പ്രവാചകൻ 51
4-അദ്ദേഹത്തിന്റെ ആത്മാർത്ഥത 54
5-അവതരണാവസരത്തിലെ താക്കീത് 56
6-നീരസം പ്രകടിപ്പിച്ച സന്ദർഭം 57

| | |
|---|---|
| 7–പ്രലോഭനാതീതമായ വിശ്വാസ്യത | 59 |
| 8–അൽ–അമീൻ അഥവാ വിശ്വസ്തൻ. | 61 |
| 9–കാപട്യാരോപണം | 63 |
| 10–പാപ കൃത്യാരോപണം | 66 |
| 11–വാൾകൊണ്ട് എന്ന ആരോപണം | 68 |
| 12–ഒരു വ്യക്തി എല്ലാവർക്കുമെതിരെയോ? | 74 |


<u>അദ്ധ്യായം–മൂന്ന് ഇന്ന് അതിശീഘ്രതയിൽ വളരുന്ന മതം</u>


| | |
|---|---|
| 1–ധിഷണാശാലികളുടെ വാൾ | 78 |
| 2–ഇസ്ലാമിന്റെ വിജയം | 81 |
| 3–അമുസ്ലിം പൗരസ്ത്യരുടെ അഭിപ്രായങ്ങൾ | 83 |
| 4–മൂന്ന് ഇതര മാനദണ്ഡങ്ങൾ | 85 |
| 5–(ഒന്ന്)ലക്ഷ്യത്തിന്റെ മഹത്വം | 88 |
| 6–യേശു(ﷺ)വിവേചനം കാട്ടുന്നു | 90 |
| 7–സ്വയം വാഴ്ത്തൽ | 92 |
| 8–ശ്രേഷ്ഠമായ മാനദണ്ഡങ്ങൾ | 92 |
| 9–സാർവ്വ ലൗകിക സന്ദേശവാഹകൻ | 93 |
| 10–(രണ്ട്)മാർഗ്ഗങ്ങളുടെ ലഘുത്വം | 95 |
| 11–സമ്മാനിക്കാനൊന്നുമില്ല | 97 |
| 12–അദ്ദേഹത്തിന്റെ ന്യൂനതകൾ | 101 |
| 13–(മൂന്ന്)സംഭ്രമിപ്പിക്കുന്ന സാഫല്യം | 101 |
| 14–കരുണയെന്ന ഗുണം | 107 |
| 15–മുഹമ്മദ്(ﷺ)ന്റെ ദാക്ഷിണ്യം | 110 |
| 16–സ്നാപകനായ യോഹന്നാൻ | 113 |
| അനുബന്ധം A ലാ മാർട്ടിൻ | 129 |
| അനുബന്ധം B ജൂൽസ് മാസ്സെർമാൻ | 132 |
| അനുബന്ധം C ഒരു ദക്ഷിണാഫ്രിക്കൻ കവിത. | 133 |

# വിവർത്തകക്കുറിപ്പ്

ഇസ്ലാമിക പ്രബോധനം ജീവിത തപസ്യയാക്കി, ഉജ്ജ്വലമായ പ്രസംഗ പാടവവും തൂലികാ വൈഭവവും പടവാളാക്കി കർമ്മ രംഗത്തിറങ്ങി വിശ്വ വിശ്രുതനായ് തീർന്ന ഇസ്ലാമിക പണ്ഡിതനാണ് ദക്ഷിണാഫ്രിക്കയിലെ അഹ്മദ് ഹുസൈൻ ദീദാത്ത്. ബൈബിളിലും ഇതര മതഗ്രന്ഥങ്ങളിലും അവഗാഹം നേടിയ അദ്ദേഹം ലോകവ്യാപകമായി പതിനായിരങ്ങൾ നിറഞ്ഞ അമുസ്ലിം സദസ്സുകളിൽ ഇസ്ലാമിക പ്രഭാഷണങ്ങൾ നടത്തിയ അതുല്യ പ്രതിഭാശാലിയാണ്. ആരോഗ്യകരമായ അന്തർമത ചർച്ചകളിലൂടെ മത താരതമ്യ പഠനങ്ങൾക്കും സംവാദങ്ങൾക്കും പാശ്ചാത്യരാജ്യങ്ങളിൽ വേരോട്ടമുണ്ടാക്കാൻ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഹേതുവായിത്തീർന്നു. മതങ്ങൾ തമ്മിൽ ശത്രുതാഭാവത്തോടെ പെരുമാറി സമൂഹത്തിൽ അശാന്തിയും ശൈഥില്യവും വിതയ്ക്കുന്നതിൽ നിന്നും വ്യതിരിക്തമായി അവ മാനവതയുടെ സമുന്നതിക്ക് വേണ്ടി ഇസ്ലാമിന്റെ സംഭാവനകളുപയുക്തമാക്കാനുതകുന്നവയായിരുന്നു.

ക്യസ്ത്യൻ സുവിശേഷ പ്രസംഗകരിൽ അദ്വിതീയനായിരുന്ന ജിമ്മി സ്വാഗ്ഗാർട്ടുമായുണ്ടായ സംവാദത്തിനുശേഷം അദ്ദേഹത്തിന്റെ ജനപ്രീതി വിശ്വമാകെ വർദ്ധിച്ചു. 1986–ൽ അമേരിക്കയിലെ ബാറ്റൻറോജിൽ വെച്ചു നടന്ന പ്രസ്തുത സംവാദത്തെ നൂറ്റാണ്ടിന്റെ സംവാദം (DEBATE OF THE CENTURY) എന്നായിരുന്നു വിശേഷിപ്പിക്കപ്പെട്ടത്. 1988–ൽ ഇംഗ്ലന്റിലെ റോയൽ ആൽബ ർട്ട് ഹാളിൽ പ്രൊഫ: ശൊർറോഷുമായും, സ്വീ ഡനിലെ ബിഷപ്പ് സ്റ്റാൻലി സ്ക്യൂബർഗ്,പാശ്ചാത്യ പണ്ഡിത പ്രതിഭകളായ പ്രൊഫ:ക്ലാർക്ക്, ഇ. ഫ്ളോയ്ഡ്, റോബർട്ട് ഡൗഗ്ലസ് എന്നിവരുമായുണ്ടായ സംവാദങ്ങളും ഏറെ ജനശ്രദ്ധയാകർഷിച്ചവയായിരുന്നു.

ദക്ഷിണാഫ്രിക്കയിലെ ഡർബനിൽ 1957–ൽ ഇസ്ലാമിക് പ്രോപഗോഷൻ സെന്റർ ഇന്റർനാഷണൽ (I.P.C.I) സ്ഥാപിച്ച അദ്ദേഹം, തുടർന്നുള്ള നാൽപത് വർഷങ്ങളുടെ അനുസ്യൂതമായ പ്രയത്നങ്ങളിലൂടെ ലോകത്തെ പ്രമുഖ ഇസ്ലാമിക കേന്ദ്രങ്ങളിലൊന്നായി അതിനെ വികസിപ്പിച്ചു. അദ്ദേഹത്തിന്റെ പ്രബോധന ശൈലിയുടെ അന്യാദൃശ

തയും അദ്ദേഹത്തിന്റെ കർമ്മകുശലതയും സമകാലീന സാഹചര്യങ്ങളിൽ പതിനായിരങ്ങളെ ഇസ്ലാമിലേക്കാഘർഷിച്ചു. അദ്ദേഹം രചിച്ച പതിനഞ്ചോളം കൃതികൾ,ഇസ്ലാമിനെ അനാവരണം ചെയ്യുന്നതും കൃസ്ത്യൻ മിഷ്യനറി വക്രതക്കെതിരേ അദ്ദേഹം നടത്തിയ പോരാട്ടങ്ങളുടെ അനുഭവങ്ങളിൽ നിന്നും വിശകലനം ചെയ്തെടുത്തതുമായ സംഗ്രഹ പഠനങ്ങളടങ്ങിയ ലളിത സുന്ദരമായ ശൈലിയിലുള്ള രചനകളാണ്.അദ്ദേഹത്തിന്റെ ബഹുമുഖ പ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി 1986–ൽ ഇസ്ലാമിക ലോകത്തെ അത്യുന്നത ബഹുമതിയായ കിംഗ് ഫൈസൽ ഇന്റർ നാഷ്നൽ പ്രൈസ് (ഫൈസൽ പുരസ്കാരം) നൽകി ആദരിക്കപ്പെട്ടു.

ഗുജറാത്തിലെ സൂറത്തിൽ 1918–ൽ ജനിച്ച ദീദാത്ത് ഒമ്പതാമത്തെ വയസ്സിൽ ദക്ഷിണാഫ്രിക്കയിലുള്ള തന്റെ പിതാവിന്റെ അടുക്കലെത്തിച്ചേർന്നു. 6–ാം തരം വരെയുള്ള പ്രാഥമിക വിദ്യഭ്യാസത്തിനു ശേഷം ദാരിദ്ര്യം മൂലം സ്ക്കൂളിലെ ഫീസ് നൽകാൻ കഴിയാതെ വിദ്യഭ്യാസത്തിനു വിരാമമിട്ടു. നിത്യവൃത്തിക്കായി നാട്ടിൻ പുറത്തെ

വിവിധ കടകളിൽ ജോലി ചെയ്യാൻ തുടങ്ങിയ അദ്ദേഹത്തിനു 1936–ൽ നറ്റാൽ സൗത്ത് കോസ്റ്റി ലെ ക്യസ്ത്യൻ സെമിനാരിക്ക് സമീപമുള്ള ഒരു മുസ്ലിമിന്റെ കടയിൽ ജോലി ലഭിച്ചു. സെമിനാരി യിലെ പരിശീലകരായ ക്യസ്ത്യൻ മിഷ്യനറിമാർ കടയിൽ വന്നാൽ ഇസ്ലാമിനെതിരേയും മുഹമ്മദ് നബി(ﷺ)ക്കെതിരേയും എയ്തുവിടുന്ന അധിക്ഷേ പങ്ങളുടെ ഒളിയമ്പുകൾ ആ യുവാവിലെ ധാർ മ്മിക ബോധത്തെ തൊട്ടുണർത്തി. അവരുടെ അ പവാദ പ്രചരണത്തിനെതിരെപ്രവർത്തിക്കാനു ള്ള അടങ്ങാത്ത അഭിനിവേശത്തിനു തിരികൊളു ത്തി.

ആയിടെ അദ്ദേഹം മൗലാനാ റഹ്മത്തുള്ളാ ഹ് കൈറാൻവി എഴുതിയ 'ഇള്ഹാറുൽ ഹഖ്' അഥവാ സത്യത്തിന്റെ വെളിപ്പെടുത്തൽ എന്നർ ത്ഥമുള്ള ഗ്രന്ഥം കാണാനിടയായി. ബ്രിട്ടീഷ് ഭര ണത്തിൻ കീഴിൽ ഇന്ത്യയിലെ മുസ്ലിംകൾ ക്യസ് ത്യൻ മിഷ്യനറി ശല്യത്തിനെതിരേ കൈവരിച്ച ബൃഹത്തായ വിജയവും അതിനായി ആവിഷ്ക രിച്ച പദ്ധതികളും വിശദമായി പ്രതിപാദിച്ചിരുന്ന പ്രസ്തുത ഗ്രന്ഥത്തിലെ വാദ പ്രതിവാദം സംഘ

ടിപ്പിക്കാനുള്ള ആശയം അദ്ദേഹത്തിൽ അഗാധമായ പ്രഭാവം ചെലുത്തി.അതിൽ നിന്നും പ്രചോദനമുൾകൊണ്ട അദ്ദേഹം ഇസ്ലാമിക വിഷയങ്ങളിലും ബൈബിളിലുമുള്ള പഠനമാരംഭിച്ചു. പരിശീലകരായ കൃസ്ത്യൻ മിഷ്യനിറമാരോടു വാഗ്വാദത്തിനു തുടക്കമിട്ട അദ്ദേഹത്തിന്റെ മൂർച്ചയുള്ള എതിർ വാദങ്ങൾ അവരുടെ മുഖങ്ങളിൽ മ്ലാനത നിറച്ചു.ബൈബിളിന്റെ വെളിച്ചത്തിൽ തന്നെ അവരുടെ വാദങ്ങൾ തെറ്റാണെന്ന് അവരെയും സെമിനാരിയിലെ മുഖ്യ പുരോഹിതന്മാരെയും അദ്ദേഹം ബോധ്യപ്പെടുത്തി. ഈ വിജയങ്ങൾ അദ്ദേഹത്തെ ദഅ്വയുടെ(ഇസ്ലാമിക പ്രബോധനത്തിന്റെ) മാർഗ്ഗത്തിൽ വ്യാപൃതനാവാൻ പ്രേരിപ്പിച്ചു. അതു മുതൽ അഞ്ചു ദശകങ്ങളോളം ഇസ്ലാമിക തനിമയും സൗന്ദര്യവും ബഹുജന മനസ്സുകളിൽ പതിപ്പിക്കാനുള്ള പ്രചരണ ദൗത്യവുമായി അനേകം പ്രവർത്തനങ്ങളിലേർപ്പെട്ടു.

മെയ് 1996-ൽ 78-ാം വയസ്സിൽ 'ലോക്ഡ് ഇൻ സിൻഡ്രം' എന്ന വാത സംബന്ധമായ ആഘാതത്തിൽ രോഗബാധിതനായ അദ്ദേഹത്തിന്റെ സംസാരശേഷിയും ചലന ശേഷിയും നഷ്ടപ്പെ

ട്ടു. ചികിത്സാർത്ഥം ജൂൺ 1996 മുതൽ മെയ് 1997 വരെ സൗദി അറേബ്യയിലെ റിയാദിലുള്ള കിംഗ് ഫൈസൽ ഹോസ്പിറ്റൽ ആന്റ് റിസേർച്ച് സെന്ററിൽ പ്രവേശിപ്പിക്കപ്പെട്ട അദ്ദേഹത്തെ നിരന്തരം സന്ദർശിക്കാനുള്ള അവസരമുണ്ടായി. ഈ കാലയളവിൽ ചന്ദ്രിക ദിനപത്രത്തിൽ അദ്ദേഹത്തെ ആസ്പദമാക്കി 'നൂറ്റാണ്ടിന്റെ ഇതിഹാസം', അദ്ദേഹത്തിന്റെ പുസ്തക സമാഹാരത്തിലെ പ്രസക്ത ഭാഗങ്ങളുടെ വിവർത്തനമായ 'ഇസ്ലാമും ക്യസ്ത്യാനിസവും താരതമ്യം', ഐ.പി.സി.ഐയുടെ പ്രവർത്തനവും അദ്ദേഹത്തിന്റെ മകൻ യൂസ്ഫ് അഹ്മദ് ദീദാത്തുമായുള്ള അഭിമുഖമടങ്ങിയ 'ഇസ്ലാമിക സ്ഫുരണങ്ങൾ ചൊരിയുന്ന മാർഗ്ഗദീപം' എന്നീ ലേഖനങ്ങൾ ഈ വിനീതൻ എഴുതുകയുണ്ടായി.

ദീദാത്തിന്റെ ചില ലഘുകൃതികൾ എഴുപതുകളിൽ തന്നെ മലയാളത്തിൽ പുറത്തിറങ്ങിയിട്ടുണ്ടെങ്കിലും സാമാന്യം വലിയ കൃതികളൊന്നും മലയാളത്തിൽ പ്രകാശിതമായിട്ടില്ല.അദ്ദേഹം 1990 –ൽ എഴുതിയ 'മുഹമ്മദ്, ദ ഗ്രേറ്റസ്റ്റ്' എന്ന കൃതിയുടെ പരിഭാഷാകർമ്മം നിർവ്വഹിച്ചു പ്രസിദ്ധീകൃ

തമാക്കാൻ ശ്രമിക്കുക വഴി അതിന് അൽപമെങ്കിലും പരിഹാരമാകുമെന്ന പ്രതീക്ഷയും പ്രവാചക പ്രകീർത്തനത്തോടെ എന്റെ പ്രഥമ വിവർത്തന കൃതിക്ക് നാന്ദി കുറിക്കപ്പെടണമെന്ന ഉൽക്കടമായ അഭിലാഷവുമാണ് ഈ എളിയ സംരംഭത്തിന് പ്രേരകം.

ചൈനീസ്, ഇറ്റാലിയൻ, ഫ്രെഞ്ച്, അറബി, നൈജീരിയ എന്നിവയുൾപ്പെടെ അനേകം ഇതര ലോകഭാഷകളിലേക്കു വിവർത്തനം ചെയ്യപ്പെട്ടവയടക്കം ഈ കൃതിയുടെ 4,00,000 ത്തോളം കോപ്പികൾ അച്ചടിക്കപ്പെട്ടിട്ടുണ്ടെന്ന് ഈ കൃതിക്ക് ലഭിച്ച മഹത്തായ ജനസമ്മതി പ്രകടമാക്കുന്നു.

മുഹമ്മദ്(ﷺ) മാനവരിൽ ഏറ്റവും മഹാനാണെന്ന് ആധുനിക കാലഘട്ടത്തിലെ അമുസിലിം പ്രതിഭാധനരുടെ അപഗ്രഥനങ്ങളിലൂടെ ദീദാത്ത് ഈ കൃതിയിൽ വിശദമാക്കുന്നു.മുഹമ്മദ്(ﷺ)ക്കെതിരേ പാശ്ചാത്യരുന്നയിച്ച അപവാദ പ്രചരണങ്ങൾക്ക് പശ്ചാത്യരായ അമുസ്ലിം പ്രതിഭാധനരുടെ തന്നെ ഖണ്ഡനങ്ങളും ദീദാത്ത് ഉദ്ധരിക്കുന്നു. ഇസ്ലാമിന്റെ ഇന്നത്തെ വീര്യരാഹിത്യത്തിനു നിദാന

മായ മുസ്ലിംകളുടെ അലംഭാവത്തിലേക്ക് വിരൽ ചൂണ്ടുന്ന അദ്ദേഹം, ഇന്ന് അതിശീഘ്രതയിൽ വളരുന്ന മതം ഇസ്ലാമാണെന്നതിന് തെളിവായി വസ്തുതകൾ നിരത്തുന്നതുമാണ് പ്രധാനമായും ഇതിലെ പ്രതിപാദ്യം. പ്രബന്ധ ശൈലിയേക്കാളേറെ തന്റെ സ്വതസിദ്ധമായ പ്രസംഗ ശൈലിയിലാണ് ദീദാത്തിന്റെ ആഖ്യാനം.

മൂലകൃതിയിലെ വാക്യങ്ങളുടെ ആശയം യഥായഥം നിലനിർത്തിക്കൊണ്ടുള്ള പദാനുപദ വിവർത്തന രീതിയാണവലംബിച്ചിട്ടുള്ളത്.മുസ്ലിമേതരർക്ക് കൂടി ഗ്രഹിക്കാനുതകും വിധം അറബി പദങ്ങളുടെ അർത്ഥങ്ങൾ ചേർത്തിട്ടുണ്ട്. അത്യാവശ്യമല്ലെന്ന് തോന്നിയ മൂല്യകൃതിയിലെ ചില അടിക്കുറിപ്പുകൾ വിട്ടുകളഞ്ഞിട്ടുണ്ട്. ഈ സംരഭത്തിന്റെ വിജയത്തിനായി പലവിധത്തിലും സഹായിക്കുകയും സഹകരിക്കുകയും ചെയ്ത എല്ലാവരോടുമുള്ള നന്ദിയും കടപ്പാടുകളും വ്യക്തമാക്കട്ടെ. ഈ വിധത്തിലതു നിർവ്വഹിക്കാൻ എന്നെ പ്രാപ്തനാക്കിയ എന്റെ വന്ദ്യപിതാവ് പി.ഷാഹുൽ ഹമീദ്ഹാജി, ഈ ഉദ്യമത്തെ പ്രോത്സാഹിപ്പിച്ച ഐ.പി.സി.ഐയുടെ സെക്രട്ടറി ജനറൽ

ആയിരുന്ന യൂസുഫ് അഹ്മദ് ദീദാത്ത്, ഡോ: ഹൈതം തലാൽ ജാംജും, താരീഖ് മുഹമ്മദ് അൻവർ ഹുസൈൻ, ഇതിന്റെ എഡിറ്റിംഗ് നിർവ്വഹിച്ച റിയാദ് ബാങ്ക് പബ്ലിക്ക് റിലേഷൻസ് ഓഫീസർ മുഹമ്മദലി പൂനൂർ, സെയ്യിദ് അബ്ദുറഹ്മാൻ ജിഫ്രിതങ്ങൾ കാപ്പാട്,ഇതിലെ ഖുർആൻ വാക്യങ്ങളും അറബി കാവ്യശകലവും ഭാഷാന്തരം ചെയ്ത പ്രൊഫ: ടി.അബ്ദുൽ അസീസ്, മങ്കട എന്നിവരും ഇത് പ്രഥമമായി പ്രസിദ്ധീകരിച്ച **I.P.C.I,Durban,South Africa (1998)**, ഈ പതിപ്പ് പ്രസിദ്ധീകരിക്കുന്ന റിയാദിലെ ദീര ഇസ്ലാമിക് കോൾ ആന്റ് ഗൈഡൻസ് സെന്റർ എന്നിവയുടെ സാരഥികളും പ്രത്യേകം പ്രസ്താവ്യമർഹിക്കുന്നു. ഈ സംരഭത്തിൽ ഞാനും എന്നോടു സഹകരിച്ച എല്ലാവരും ചെയ്ത പ്രയത്നങ്ങൾ കരുണാവാരിധിയായ അല്ലാഹു മഹത്തായ സൽകർമ്മങ്ങളായി സ്വീകരിക്കുമാറാകട്ടെ എന്ന പ്രാർത്ഥനയോടെ ഈ കൃതി അനുവാചക കരങ്ങളിൽ സമർപ്പിക്കുന്നു.

**ഉദിനൂർ മുഹമ്മദ് കുഞ്ഞി,** **(udinoormk@gmail.com)**
**റിയാദ്, സൌദി അറേബ്യ**

## അദ്ധ്യായം-1
## സർവ്വ സമ്മതൻ

وَإِنَّكَ لَعَلَى خُلُقٍ عَظِيمٍ (القلم : ٤)

(തീർച്ചയായും താങ്കൾ മഹത്തായ സ്വഭാവമുള്ള വനാകുന്നു.) വിശുദ്ധ ഖുർആൻ - 68 : 4

### എങ്ങിനെ പ്രതിപാദ്യ വിഷയമായി ?

പ്രവാചകൻ മുഹമ്മദ്(ﷺ)[1] എക്കാലത്തെയും ഏറ്റവും മഹാനായിരുന്നുവെന്ന് ഫ്രഞ്ച് ചരിത്ര കാരനായ ലാ മാർട്ടിൻ തെളിയിക്കുന്ന ഒരുദ്ധര ണി[2] എനിക്ക് ലഭിച്ചു.എന്റെ ബന്ധുവും ദക്ഷിണാ ഫ്രിക്കയിലെ ഇന്ത്യൻ ന്യൂസ് ദിനപത്രത്തിന്റെ എ ഡിറ്ററുമായിരുന്ന മുഹമ്മദ് മേത്തർ ഫാറൂഖിയാ യിരുന്നു എനിക്ക് വിവരം ടൈപ്പ് ചെയ്ത് നൽശി യത്. അവസരോചിതമായി എന്റെ പ്രഭാഷണങ്ങ ളിൽ പ്രയോഗിക്കാൻ സഹായകമാകുമെന്ന ഉദ്ദേ

[1] സ്വല്ലല്ലാഹു അലൈഹിവസല്ലം(അല്ലാഹു അദ്ദേഹത്തിന് മേൽ അനുഗ്രഹങ്ങളും സമധാനവും വർഷിക്കട്ടെ)

[2] ഉദ്ധരണിയുടെ പൂർണ്ണ രൂപം പേജ് 65 ൽ നോക്കുക .

ശത്തോടെ മേത്തർ ഇത്തരം വിവരങ്ങൾ കൈമാറുക പതിവായിരുന്നു. ഇതിനുമുമ്പ് ബിഷപ്പ് കെന്നത്ത് ക്രാഗ്ഗ് എഴുതിയ 'മിനാരത്തിന്റെ വിളി' എന്ന ഏറെ വിലയുള്ള പുസ്തകവും അദ്ദേഹം സമ്മാനിച്ചിരുന്നു. അതിന്റെ വിശകലനത്തിലൂടെയാണ് കൃസ്ത്യൻ ഓറിയന്റലീസ്റ്റുകൾ വിദഗ്ദമായി ചെയ്യുന്ന വഞ്ചന എപ്രകാരമുള്ളതാണെന്നെനിക്ക് ബോധ്യപ്പെട്ടത്.

ലാമാർട്ടിൻ നമ്മുടെ പ്രവാചക(ﷺ)ന് നൽകിയ ബഹുമതിയാൽ ആവേശഭരിതനായ എന്റെ ചിന്തകൾ മുസ്ലിം സഹോദരൻമാരുമായി പങ്കുവെക്കണമെന്നതായിരുന്നു എന്റെ ആഗ്രഹം അങ്ങിനെ ഒരവസരത്തിനായി അധികം കാത്തിരിക്കേണ്ടി വന്നില്ല. ഉത്തര നറ്റാലിലെ (ദക്ഷിണാഫ്രിക്ക) ചെറിയൊരു പട്ടണമായ ഡൻഹൗസറിലെ മുസ്ലിം സമൂഹം സംഘടിപ്പിച്ച ഒരു പരുപാടിയിൽ പ്രഭാഷണം നടത്താൻ അവരിൽ നിന്നുണ്ടായ ക്ഷണം ഒരു വിശേഷ ഭാഗ്യമാണെന്ന് കരുതി ഞാൻ സമ്മതിച്ചു. അവരുടെ പരസ്യാവശ്യാർത്ഥം പ്രഭാഷണ വിഷയമെന്താവണമെന്ന് എന്നോടന്വേഷിച്ചപ്പോൾ ലാമാർട്ടിനിൽ നിന്നും പ്രചോദിതനായ

ഞാൻ MUHAMMED(PBUH) THE GREATEST (ഏറ്റവും മഹാനായ മുഹമ്മദ്(ﷺ)) എന്നാവട്ടെ എന്ന് നിർദ്ദശിച്ചു.

## ആവർത്തിക്കുന്ന ഇകഴ്ത്തലുകൾ

ഡൻഹൗസറിലെത്തിയ എന്റെ ദൃഷ്ടിയിൽ പെട്ടത് ദീദാത്ത് MUHAMMED(PBUH) THE GREAT (മഹാനായ മുഹമ്മദ്(ﷺ) എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുമെന്ന അനേകം പോസ്റ്ററുകളായിരുന്നു. അതോടെ എന്റെ ഉത്സാഹം മന്ദീഭവിച്ചു. കാരണമാരാഞ്ഞപ്പോൾ അച്ചടിപ്പിശക് കാരണം 'ഏറ്റവും' എന്ന് ചേർക്കാൻ വിട്ടതാണെന്നാണ് എന്നോടു പറഞ്ഞത്.

രണ്ടുമാസങ്ങൾക്കുശേഷം ദക്ഷിണാഫ്രിക്കയുടെ തലസ്ഥാനമായ പ്രിറ്റോറിയയിലെ മുസ്ലിംകളുടെ ക്ഷണപ്രകാരം (MUHAMMED (PBUH) THE GREATEST) എന്നു പരസ്യപ്പെടുത്താൻ നിർദ്ദശിച്ചുവെങ്കിലും MUHAMMED(PBUH) THE GREAT എന്നു പരസ്യപ്പെടുത്തിക്കണ്ടു. സമാനകാരണങ്ങൾ പറഞ്ഞ തോടൊപ്പം ക്ഷമായാജനയുമുണ്ടായി. ഈ രണ്ടു സംഭവങ്ങളും അനുഭവപ്പെട്ടത് എന്റെ

സ്വന്തം രാജ്യത്തായിരുന്നുവെങ്കിലും നമ്മുടെ ഉമ്മത്തിന് (സമുദായത്തിന്) ബാധിച്ച അപകർഷതാ ബോധത്തിന്റെ വേറൊരു ഉദാഹരണം കൂടി നി ങ്ങളെ അറിയിക്കട്ടെ.

## അമേരിക്കയും വിഭിന്നമല്ല.

കരുത്തുറ്റ അമേരിക്കൻ ഐക്യനാടുകളിലെ (U.S.A) പ്രഭാഷണ പരസ്യത്തിനിടയിൽ നൂതന ലോകത്തുള്ള നമ്മുടെ ഭടൻമാരും ഭീരുക്കളാണെന്ന് ഞാൻ കണ്ടെത്തി. എന്റെ അനേകം ദു:ഖാനുഭവങ്ങളിലൊന്നായ ഇത് എന്റെ വാദമുഖം തെളിയിക്കാൻ പര്യാപ്തമാവുമെന്ന് ഞാൻ കരുതുന്നു.

ഇന്ത്യനോപൊലീസിലെ മുസ്ലിംകൾ WHAT THE BIBLE SAYS ABOUT MUHAMMED(PBUH) (മുഹമ്മദ്(ﷺ)നെക്കുറിച്ച്ചു ബൈബിൾ എന്തു പറയുന്നു)എന്ന വിഷയത്തിൽ എന്റെ പ്രഭാഷണം സംഘടിപ്പിച്ചു.പ്രഭാഷണ വിഷയം അങ്ങിനെ പരസ്യപ്പെടുത്താൻ സമ്മതിച്ചെങ്കിലും അവർക്കതിന് ധൈര്യമുണ്ടായില്ല. വിഷയം പ്രകോപനപരമായേക്കുമെന്നും (A PROPHET IN THE BIBLE) ബൈബിളിലെ ഒരു പ്രവാചകൻ എന്നു മാറ്റുന്നതായിരി

ക്കും വിവേകപൂർണ്ണമെന്ന് കരുതി അവർ അങ്ങിനെ പരസ്യപ്പെടുത്തി. ജീവനില്ലാത്ത, വിരസമായ ഒരു തലക്കെട്ടാണിതെന്ന് സംശയഭേദമന്യേ നിങ്ങൾ സമ്മതിക്കുമായിരിക്കും.ഏതു ഹിന്ദുവാണ്, മുസ്ലിം ക്രിസ്ത്യൻ അല്ലെങ്കിൽ ജൂതനാണ് ഇത്തരമൊരു പ്രഭാഷണം ശ്രവിക്കാൻ താൽപര്യം കാണിക്കുക? ഒരു പ്രവാചകനെന്നാൽ ഭൂരിപക്ഷത്തിനും ഏതു പ്രവാചകനുമാവാം,ബൈബിളിലെ ഏതെങ്കിലുമൊരു പ്രവാചകനെക്കുറിച്ചു ചർച്ച ചെയ്യുന്ന യോഗത്തിൽ പങ്കെടുക്കാൻ ആർക്കാണ് താൽപര്യമുണ്ടാവുക?ഇയ്യോബ, യോവേൽ, യോനാ, എസ്രാ, എല്ലാശീബ്, യെഹെസ്കേൽ ഇവർ ബൈബിളിൽ പ്രസ്താവിക്കപ്പെട്ട ചിലരാണ്. അത് കാരണം, പ്രതീക്ഷിച്ചത് പോലെ പ്രഭാഷണത്തിന് ശ്രോതാക്കൾ വിരളമായിരുന്നു.

## <u>അപകർഷതാ ബോധം</u>

ഈ അപകർഷതാബോധമാകുന്ന വ്യാധിയുടെ കാരണമെന്ത്? അതെ, നാം നിർജ്ജീവമായ ഒരു സമുദായമായിത്തീർന്നിരിക്കുന്നു. നമ്മുടെ വീര്യം ചോർന്നു പോയിരിക്കുന്നു.കാരണം നമ്മുടെ ശത്രുക്കൾ മാത്രമല്ല, നമ്മിൽ തന്നെയുള്ള ഭീരു

ക്കളായ സുഹൃത്തുക്കൾ കൂടിയാണ്.തന്റെ പ്രിയ ങ്കരനായ പ്രവാചകനെക്കുറിച്ചുള്ള അല്ലാഹുവിന്റെ സാക്ഷ്യമാവർത്തിക്കാൻ പോലും നാം മുതിരുന്നില്ല.(തീർച്ചയായും താങ്കൾ മഹത്തായ സ്വഭാവമുള്ളവനാകുന്നു.) വിശുദ്ധ ഖുർആൻ 68:4.

## അത്യധികം സ്വാധീന ശക്തിയുള്ളവർ

സാമാന്യമായി താങ്കളുടെ നേതാവിനെ,ഗുരുവിനെ, പുണ്യവാളനെ അല്ലെങ്കിൽ പ്രവാചകനെ സ്നേഹിക്കുക, പുകഴ്ത്തുക എന്നത് സ്വഭാവികം മാത്രം.പലപ്പോഴായി നാം ചെയ്യാറുള്ളതുമതാണ്. നമ്മുടെ പ്രവാചകനെക്കുറിച്ച് മഹാൻമാരായ മുസ്ലിംകൾ പറഞ്ഞതും എഴുതിയതും ഞാനിവിടെ പകർത്തുകയാണെങ്കിൽ ഇസ്ലാമിന്റെ പ്രതിയോഗികൾ അഃ നാം അതിശയോക്തി കലർത്തി വർണ്ണിക്കുന്നതാണെന്നോ, അമിതമായ പ്രവാചക ഭക്തി കൊണ്ട് പറയുന്നതാണെന്നോ കരുതി നിസ്സാരമാക്കിയേക്കും.അത് കൊണ്ട് നിഷ്പക്ഷമതികളായ ചരിത്രകാരൻമാരുടെയും സുഹൃദ് വിമർശകരുടെയും അതുപോലെ പ്രവാചക(ﷺ)ന്റെ പ്രഖ്യാപിത ശത്രുക്കളുടെയും അഭിപ്രായങ്ങൾ ഞാനിവിടെ ഉദ്ധരിക്കട്ടെ. അമുസ്ലിംകളുടെ ബഹുമാ

ന സൂചക അഭിപ്രായങ്ങൾ താങ്കളുടെ ഹൃദയ ത്തിൽ സ്പർശിക്കുന്നില്ലെങ്കിൽ താങ്കൾ തെറ്റായ വിശ്വാസത്തിലാണെന്ന് പറഞ്ഞ് വഴിമാറുന്നതാ വും ഭംഗി. കാരണം ഇപ്പോൾ തന്നെ ഇസ്ലാം ഒരു പാടു പ്രയോജനശൂന്യമായ ഭാരം പേറുന്നു.

അമേരിക്കയിൽ 'ചരിത്രത്തിലെ മഹോന്നത രായ നൂറു മഹാൻമാർ' എന്ന പേരിൽ ഒരു ഗ്ര ന്ഥമിറങ്ങി. ചരിത്രകാരനും ജ്യോതിശ്ശാസ്ത്രജ്ഞ നുമായ മൈക്കൽ എച്.ഹാർട്ട് ആണ് ഈ കൃതി യുടെ രചയിതാവ്. മാനവരാശിയിൽ സ്വാധീനം ചെലുത്തിയ നൂറു മഹോന്നതരായ മനുഷ്യരെ ക ണ്ടെത്താൻ അദ്ദേഹം ചരിത്രത്തിൽ പരിശോധന നടത്തി. അശോകൻ,അരിസ്റ്റോട്ടിൽ,ബുദ്ധൻ,കൺ ഫ്യുഷ്യസ്,ഹിറ്റ്ലർ,പ്ളാറ്റോ,സൊറോസ്റ്റർ എന്നി ങ്ങിനെ നൂറുപേരെ അദ്ദേഹം നമുക്കു പരിചയ പ്പെടുത്തുന്നു. ജനങ്ങളെ സ്വാധീനിച്ചതിന്റെ പേരി ൽ നൂറുപേരുടെ രേഖാചിത്രം തരുക മാത്രമല്ല, അതിന്റെ അളവ് വിലയിരുത്തി അവരുടെവൈശി ഷ്ട്യത്തിന്റെ അനുപാതത്തിൽ ഒന്നു മുതൽ നൂറു വരെ പദവി നിർണ്ണയിക്കുക കൂടി ചെയ്യുന്നു. അ ദ്ദേഹത്തിന്റെ സ്ഥാനാർത്ഥികളുടെ സ്ഥാനം നി

ശ്ചയിച്ചതിന്ന് വ്യക്തമായ കാരണങ്ങളും നൽകുന്നു. അദ്ദേഹത്തോടു യോജിക്കണമെന്ന് നമ്മോടാവശ്യപ്പെടുന്നില്ലെങ്കിലും ആ മനുഷ്യന്റെ ഗവേഷണ ഫലവും സത്യസന്ധതയും നമുക്ക് പ്രശംസിക്കാതിരിക്കാനാവില്ല.

അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പിലെ ഏറ്റവും ആശ്ചര്യകരമായ വസ്തുത നമ്മുടെ പ്രവാചക ശ്രേഷ്ഠനായ മുഹമ്മദ്(ﷺ)നെ ഒന്നാം സ്ഥാനത്ത് പ്രതിഷ്ഠിച്ചു എന്നതാണ്. അങ്ങിനെ ലോകത്തോടുള്ള തന്റെ അന്തിമ വെളിപ്പെടുത്തലിലൂടെ ദൈവം തന്നെ സാക്ഷ്യപ്പെടുത്തുന്നതറിയാതെ അദ്ദേഹമത് സ്ഥിരീകരിക്കുകയാണ്.

لَقَدْ كَانَ لَكُمْ فِي رَسُولِ اللَّهِ أُسْوَةٌ حَسَنَةٌ (الأحزاب : ٢١)

(തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ ഉത്തമമായ മാതൃകയുണ്ട്) വിശുദ്ധ ഖുർ ആൻ – 33 : 21

## യേശു(ﷺ)വിന്ന് മൂന്നാം സ്ഥാനം !?. . . .

അന്ത്യ പ്രവാചകനെ ഒന്നാമനായി ഗണിച്ച് മൈക്കൽ.എച്.ഹാർട്ട് സ്വാഭാവികമായും മുസ്ലിം

കളെ തൃപതിപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ നിർണ്ണയം മുസ്ലിംകളല്ലാത്തവരെ, പ്രത്യേകിച്ചും ഇതൊരു പരസ്യമായ അവഹേളനമായി കരുതുന്ന ജൂതരേയും ക്രിസ്ത്യാനികളേയും ക്ഷോഭിപ്പിച്ചിരിക്കുന്നു. എന്ത് ? യേശു(ﷺ)വിന്ന് മൂന്നാം സ്ഥാനവും മോശെ(ﷺ)ക്ക് നാൽപതാം സ്ഥാനവുമോ ?. ഇതവർക്ക് ദഹിക്കാൻ വളരെ പ്രയാസമാണ്. പക്ഷേ നമുക്ക് ഹാർട്ടിന്റെ വാദങ്ങൾ കേൾക്കാം.–

മുസ്ലിംകളുടെ രണ്ടു മടങ്ങ് ക്രിസ്ത്യാനികൾ ലോകത്തുള്ളതു കൊണ്ട് പ്രഥമദൃഷ്ട്യാ മുഹമ്മദിനെ യേശുവിനെക്കാൾ ഉന്നതമായി അണിനിരത്തിയത് വിചിത്രമായി തോന്നാം.

<u>ആ തീരുമാനത്തിനു രണ്ടുമുഖ്യ കാരണങ്ങളുണ്ട്.</u>

ഒന്നാമതായി ക്രിസ്തീയതയുടെ വികാസത്തിൽ യേശുവിനുണ്ടായ പങ്കിനേക്കാൾ വളരെയേറെ സുപ്രധാനമായി, മുഹമ്മദ്(ﷺ) ഇസ്ലാമിന്റെ വികാസത്തിനുവേണ്ടി പ്രവർത്തിച്ചു.

ക്രിസ്തീയരുടെ നൈതികവും സദാചാരപരവുമായ മുഖ്യ പ്രമാണങ്ങൾക്ക് യേശു തന്നെയാണുത്തരവാദിയെങ്കിലും (ജൂത മതത്തിൽ നിന്ന് വ്യത്യസ്തമായതത്രയും) ക്രിസ്തീയ ദൈവ ശാസ്ത്രത്തിന്റെ മുഖ്യപോഷകൻ വിശുദ്ധനായ പൗലോസ് ആയിരുന്നു. അദ്ദേഹം അതിന്റെ മത പരിവർത്തകരിൽ പ്രമുഖനും, പുതിയ നിയമത്തിലെ വിലിയൊരു ഭാഗത്തിന്റെ സൃഷ്ടികർത്താവുമാണ്.പക്ഷേ, മുഹമ്മദ്(ﷺ) ഇസ്ലാമിക ദൈവ ശാസ്ത്രത്തിന്റെയും അതിന്റെ പ്രധാന നൈതിക സദാചാര തത്വങ്ങളുടേയും ഉത്തരവാദിയായിരുന്നു.

രണ്ടാമതായി അദ്ദേഹംതന്റെ പുതിയ വിശ്വാസത്തിലേക്ക് മതപരിവർത്തനം നടത്തുന്നതിലും ഇസ്ലാമിക മതാനുഷ്ഠാനങ്ങൾ സ്ഥാപിക്കുന്നതിലും പരമപ്രധാനമായ പങ്കുവഹിച്ചു.(മൈക്കൽ എച്ച്. ഹാർട്ട് THE HUNDRED P :38,39)

## ക്രിസ്തീയതയുടെ സ്ഥാപകനായ പൌലോസ്

ക്രിസ്തീയത സ്ഥാപിച്ചതിന്റെ ബഹുമതി യേശുവിന്നും വിശുദ്ധനായ പൌലോസിനും വീതിച്ചു നൽകണമെന്ന് ഹാർട്ട് അഭിപ്രായപ്പെടുന്നു.

ക്രിസ്തീതയുടെ യഥാർത്ഥ സ്ഥാപകൻ വിശുദ്ധ നായ പൌലോസാണെന്നദ്ദേഹം വിശ്വസിക്കു ന്നു. എനിക്കു ഹാർട്ടിന്റെ അഭിപ്രായം സമ്മതിക്ക ലല്ലാതെ നിർവ്വാഹമില്ല. പുതിയ നിയമത്തിലെ ഇ രുപത്തേഴ് പുസ്തകങ്ങളിൽ പകുതിയിലധികം പൌലോസ് രചിച്ചവയാണ്. ഇവയിൽ നിന്നും ഒ രു പദം പോലും യേശു എഴുതിയതല്ല. ഒരു ചുവ ന്ന അക്ഷര ബൈബിൾ പരിശോധിച്ചാൽ യേശു മൊഴിഞ്ഞ എല്ലാ പദങ്ങളും ചുവന്ന മഷിയിലും ബാക്കിയുള്ളവ മുഴുവനും കറുത്ത മഷിയിലുമു ള്ളതായി നിങ്ങൾക്കു കാണാം.യഥാർത്ഥ ഇഞ്ചീ ൽ ആണെന്നവകാശപ്പെടുന്ന യേശുവിന്റെ സുവി ശേഷ ഗ്രന്ഥത്തിൽ പുതിയ നിയമത്തിലെ ഇരുപ ത്തേഴ് പുസ്തകങ്ങളിലുള്ള തൊണ്ണൂറു ശതമാന ത്തിലധികവും കറുത്ത മഷിയിൽ അച്ചടിക്കുന്നത് കാണുമ്പോൾ നിങ്ങൾ ആശ്ചര്യപ്പെടരുത്.

ഇഞ്ചീൽ എന്നവർ വിശേഷിപ്പിക്കുന്ന ഗ്രന്ഥ ത്തിലെ പ്രകടമായ കുറ്റസമ്മതമാണ് ഇതിലൂടെ വ്യക്തമാകുന്നത്. ക്രിസ്ത്യൻ മിഷിനറിമാരുമായു ള്ള ഏത് വാദപ്രതിവാദത്തിലും നൂറു ശതമാന

വും പൗലോസിൽ നിന്ന് തന്നെ ഉദ്ധരിക്കുന്നത് കാണാം എന്നതാണ് വാസ്തവം.

## യേശു(ﷺ)വിനെ ആരും പിന്തുടരുന്നില്ല.

യേശു(ﷺ) പറഞ്ഞു. (നിങ്ങൾ എന്നെ സ്നേഹിക്കുന്നു എങ്കിൽ എന്റെ കൽപനകളെ കാത്തുകൊള്ളൂ.) (യോഹന്നാൻ 14 :15)

എന്നു മാത്രമല്ല അദ്ദേഹം പറയുന്നു. (ആകയാൽ ഈ ഏറ്റവും ചെറിയ കൽപനകളിൽ ഒന്നു ഒഴിക്കയും മനുഷ്യരെ അങ്ങിനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ എന്നു വിളിക്കപ്പെടും.) വിശുദ്ധബൈബിളിൽ (മത്തായി 5 : 19)

നിങ്ങളോടു തർക്കിക്കുന്ന ഒരു ക്രിസ്തീയനോട് : ക്രിസ്തീയ നിയമങ്ങളും അനുശാസനകളും നിങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ചോദിച്ചാൽ ഇല്ല എന്നയാൾ പറയും. എന്തുകൊണ്ട് എന്ന് ചോദിച്ചാൽ അവനൊരു ബൈബിൾ പ്രചാരകനാണെങ്കിൽ നിയമ സംഹിത കുരിശിൽ തറക്കപ്പെട്ടി

രിക്കുന്നു. അഥവാ നിയമം ഇല്ലായ്മ ചെയ്യപ്പെട്ടിരിക്കുന്നു. അല്ലെങ്കിൽ ഞങ്ങളിപ്പോൾ ദൈവ കൃപയിൻ കീഴിലാണ് ജീവിക്കുന്നത് എന്ന് പറഞ്ഞേക്കാം.

ഓരോ വിഷയത്തെക്കുറിച്ചു നിന്റെ ഈശ്വരനും അധിപനുമായ യേശു എന്ത് പറഞ്ഞു ? എന്നയാളോട് ചോദിച്ചാൽ കൊരിന്ത്യരുടെ,ഗലാത്യരുടെ,എഫെസ്യരുടെ,ഫിലിപ്പിയരുടെ... എന്നിങ്ങനെയുള്ളവരിൽ നിന്നുള്ള ഉദ്ധരണിയോടെ അയാൾ നിങ്ങളെ നേരിടും അവർ ആര്? എന്ന് ചോദിച്ചാൽ പൗലോസ് പൗലോസ് പൗലോസ് എന്നും നിങ്ങൾക്ക് കേൾക്കാം. നിങ്ങളുടെ നായകൻ ആര് ? എന്ന് ചോദിച്ചാൽ യേശു എന്നും പറയും. പലപ്പോഴും സ്വന്തം യേശുവിനെ പൗലോസിന്റെ വീക്ഷണങ്ങൾ കൊണ്ട് പരസ്പര വിരുദ്ധമായി പറയുന്നതും കാണാം.

ക്രിസ്തീയതയുടെ യഥാർത്ഥ സ്ഥാപകൻ വിശുദ്ധനായ പൗലോസാണെന്ന വസ്തുതയിൽ പണ്ഡിതനായ ഒരു ക്രിസ്ത്യാനിയും തർക്കിക്കുകയില്ല.അതുകൊണ്ടാണ് മൈക്കൽ ഹാർട്ട് നീതി

യുക്തവും നിഷ്കപടവുമാവാൻ വേണ്ടി യേശു (ﷺ)വിനെ മൂന്നാം സ്ഥാനത്ത് പ്രതിഷ്ഠിച്ചത്.

## ഉപഭോക്താവിനെ എന്തിനു പ്രകോപ്പിക്കുന്നു ?

യേശുവിനെ മൂന്നാം സ്ഥാനത്ത് നിർണ്ണയിച്ചത് കൊണ്ട് മൈക്കൽ ഹാർട്ട് വളരെ ഗൗരവമുള്ള ഒരു ചോദ്യമുന്നയിക്കാൻ നമ്മെ പ്രേരിപ്പിക്കുന്നു. എന്തുകൊണ്ട് അമേരിക്കൻ ഐക്യനാടുകളിൽ പതിനഞ്ചു ഡോളർ വിലയ്ക്കു വിൽക്കപ്പെടുന്ന 572 പേജുള്ള പുസ്തകം പ്രസിദ്ധീകരിക്കുന്ന ഒരമേരിക്കക്കാരൻ അദ്ദേഹത്തിന് ശക്തി പകരുന്ന വായനക്കാരെ പ്രകോപിപ്പിക്കുന്നു? അതിനെന്തിനാണദ്ദേഹം സ്വന്തം മാർഗ്ഗത്തിൽ നിന്നും വ്യതിചലിച്ചത്? ആരാണദ്ദേഹത്തിന്റെ പുസ്തകങ്ങൾ വാങ്ങുക? തീർച്ചയായും പാകിസ്ഥാനികളോ ബംഗ്ളാദേശികളോ അല്ല. അറബികളോ,അല്ലെങ്കിൽ തുർക്കികളോ അല്ല. അങ്ങിങ്ങായി കുറച്ചു കോപ്പികളല്ലാതെ അമേരിക്കയിലെ 250 ദശലക്ഷം ക്രിസ്ത്യാനികളിൽനിന്നുള്ളവരും 6 ദശലക്ഷം ജൂതരിൽ നിന്നുള്ളവരുമാണ്. പിന്നെന്തു കൊണ്ടാണദ്ദേഹം സ്വന്തം ഉപഭോക്താക്കളെ പ്രകോപ്പിക്കുന്നത്? ഉപഭോക്താവ് എപ്പോഴും ഋജു

വാണ് എന്ന പ്രമാണവാക്യം അദ്ദേഹം കേട്ടിട്ടില്ലേ ? പക്ഷേ ഹാർട്ടിന്റെ ഈ ഉപാഖ്യാനം അവസാനിപ്പിക്കുന്നതിന് മുമ്പായി അദ്ദേഹത്തിന്റെ അവിവേക ധൈര്യത്തിന് അന്തിമമായ ക്ഷമാപണം നടത്താൻ ഞാൻ അദ്ദേഹത്തെ തന്നെ അനുവദിക്കട്ടെ.

ലോകത്ത് അത്യധികം സ്വാധീനം ചെലുത്തിയ മനുഷ്യരെ നയിക്കാൻ ഞാൻ മുഹമ്മദിനെ തെരഞ്ഞെടുത്തത് ചില വായനക്കാരെ അത്ഭുതപ്പെടുത്തുകയും മറ്റുചിലരാൽ എതിർത്തു ചോദ്യം ചെയ്യപ്പെടുകയും ചെയ്തേക്കാം.

THE HUNDRED .. A RANKING OF THE MOST INFLUENTIAL PERSONS IN HISTORY ,NEW YORK ..HART PUBLISHING COMPANY,INC,1978,P-33

## ചരിത്രത്തിലെ മഹാൻമാരായ നേതാക്കളൊരെല്ലാം ?

ലോക പ്രശസ്തമായ ടൈം വാരിക മേലുദ്ധരിച്ച തല വാചകം അതിന്റെ പുറം ചട്ടയിൽ തന്നെ കൊടുത്തിരുന്നു. നിരവധി ഉപന്യാസങ്ങളിലൂടെ ഒരു മഹാനായ നേതാവായിത്തീരുന്നുതെങ്ങിനെ? ചരിത്രമുടനീളം പരിശോധിച്ചാൽ അതി

ന്ന് യോഗ്യതയുള്ളവരാരെല്ലാം? എന്ന് ഈ വാരിക വിവിധ ചരിത്രകാരൻമാരോടും എഴുത്തുകാരോടും മിലിട്ടറി ഉദ്യോഗസ്ഥരോടും വ്യവസായികളോടും മറ്റുള്ളവരോടും ചോദിച്ചുകൊണ്ട് അവരുടെ നിർണ്ണയമാവശ്യപ്പെടുന്നു. ഓരോരുത്തരും മനുഷ്യ കഴിവിന്ന് സാധ്യമാം വിധം വസ്തുനിഷ്ഠമായി, സ്വന്തം അവബോധത്തിനും മുൻവിധിക്കും മനസ്സാക്ഷിക്കുമനുസൃതമായി അവരവരുടെ സ്ഥാനാർത്ഥിയെ തെരഞ്ഞെടുത്തു.

## ഡോ: സാലസാറിനെ ആരറിയും ?

ദക്ഷിണ ഗോളാർദ്ധത്തിലെ ഏറ്റവും വലിയ മുസ്ലിം ആരാധനനാലയമെന്നു വിശേഷിപ്പിക്കപ്പെടുന്ന,ഡർബനിലെ ജുമാമസ്ജിദിലേക്ക് അമുസ്ലിംകളെ മാർഗ്ഗദർശന യാത്രക്കു കൊണ്ടുപോകുക എന്നത് എന്റെ ഏറ്റവുമിഷ്ടപ്പെട്ട കർത്തവ്യവും ശീലവുമായിരുന്നു. അത്തരമൊരു സന്ദർഭത്തിൽ എന്നെ അനുഗമിച്ച ഒരു പോർച്ചുഗീസ് മാന്യനുമായുണ്ടായ ചർച്ചക്കിടയിൽ ലോകത്തെ ഏറ്റവും മഹാനായ വ്യക്തി ഡോക്ടർ സാലസാർ ആയിരുന്നു എന്നയാൾ പറഞ്ഞു. പോർച്ചുഗലിലെ ഏകാധിപതിയായ ഒരു ഭരണാധികാരിയായിരുന്നെ

ങ്കിലും ചിലർക്ക് സാലസാർ രാഷ്ട്രത്തിന്നു നേട്ട മുണ്ടാക്കിയ സുപ്രധാന വ്യക്തിയായിരുന്നു.അതിൽ കവിഞ്ഞ് എനിക്കദ്ദേഹത്തെക്കുറിച്ചറിവില്ലായിരുന്നു.എന്റെ പാവം സന്ദർശകൻ അയാളുടെ അറിവും വീക്ഷണവും മുൻവിധിയുമനുസരിച്ച് സംസാരിക്കുകയായിരുന്നു.

**മുഹമ്മദ്(ﷺ)നെ അവഗണിക്കാനാവില്ല.**

ടൈം വാരികയിലെ ലേഖരിൽ നിന്നും ആർക്കും തന്നെ മുഹമ്മദ്(ﷺ)നെ അവഗണിക്കാൻ കഴിയാത്തതായി ദൃശ്യമായി.

**വില്യം മക്നീൽ:** ചിക്കാഗോ സർവ്വകലാശാലയിലെ ഒരു അമേരിക്കൻ ചരിത്രകാരൻ രേഖപ്പെടുത്തുന്നു.
‘‘ജനസ്വാധീനം കൊണ്ട് നായകത്വത്തെ അളക്കുകയാണെങ്കിൽ നിങ്ങൾക്ക് യേശു, ബുദ്ധൻ, മുഹമ്മദ്, കൺഫ്യൂഷ്യസ് എന്നിവരെ ലോകത്തെ മഹാൻമാരായ പ്രവാചകർ എന്നു പറയാം’’.

മക്നീൽ വിശദീകരണങ്ങളിലേക്കു കടക്കുന്നില്ല. എന്തുകൊണ്ട് യേശു(ﷺ)വിനെ പ്രഥമസ്ഥാ

നത്തും മുഹമ്മദ്(ﷺ)നെ മൂന്നാം സ്ഥാനത്തും പ്രതിഷ്ഠിച്ചു എന്നത് വിശദീകരിക്കുന്നുമില്ല. ഒരു പക്ഷേ അഃ വഴക്കത്തിന്റെ സ്വധീനം കൊണ്ടാവാം. മക്നീൽ ഒരു ക്രിസ്ത്യാനി ആവാനേ തരമുള്ളൂ. എന്നിരുന്നാലും നാമദ്ദേഹത്തോടു തർക്കിക്കേണ്ടതില്ല.

ജെയിംസ്ഗാവിൻ : അമേരിക്കൻ സേനയിലെ റിട്ടയർഡ് ലെഫ്റ്റനൻറ് ജനറലായ അദ്ദേഹം പറയുന്നു: ‘യുഗാന്തരങ്ങളിലൂടെ ഏറ്റവും ശക്തമായ സ്വാധീനം നേടാൻ കഴിഞ്ഞ നേതാക്കളിൽ ഞാൻ മുഹമ്മദി(ﷺ)നെയും, യേശു ക്രിസ്തുവിനെയുമാണു പരിഗണിക്കുക. ലെനിനും മാവോയും ആവാം. ഈ കാലഘട്ടത്തിൽ നമുക്ക് ഏറ്റവും ഉപയുക്തമായ ഗുണങ്ങളുള്ള നേതാവിനെയാണെങ്കിൽ ഞാൻ ജോൺ. എഫ്. കെന്നഡിയെ തെരഞ്ഞെടുക്കും.’

ജനറൽ കൂടുതലൊന്നും പറയുന്നില്ലെങ്കിലും യേശു ക്രിസ്തുവിന് മുമ്പായി, മുഹമ്മദ്(ﷺ)യുടെ പേരെഴുതാൻ തയ്യാറായ അദ്ദേഹത്തിന്റെ അസാധാരണ സ്ഥൈര്യത്തിന് നാമദ്ദേഹത്തെ

അഭിവാദനം ചെയ്യേണ്ടതുണ്ട്. അത് അദ്ദേഹത്തിന്റെ തൂലികക്ക് അബദ്ധം പിണഞ്ഞതാകാൻ സാധ്യതയില്ല.

ജൂൽസ് മാസ്സെർമാൻ : അമേരിക്കയിലെ മന:ശാസ്ത്രജ്ഞനും ചിക്കാഗോ സർവ്വകാലാശാലയിലെ പ്രൊഫസ്സറുമായ അദ്ദേഹം, ഇതര ലേഖകരിൽ നിന്നും വിഭിന്നമായി എന്തടിസ്ഥാനത്തിലാണ് തെരഞ്ഞെടുക്കുന്നതെന്ന് വ്യക്തമാക്കുന്നു.എല്ലാ കാലഘട്ടങ്ങളിലെയും ഏറ്റവും മഹോന്നതനായ നേതാവിനെ നിർണ്ണയിച്ചതിനദ്ദേഹം കാരണങ്ങൾ നിരത്തുന്നു.

ആ മനുഷ്യനിൽ അദ്ദേഹത്തെ വ്യതിരിക്തനാക്കുന്ന എന്തു ഗുണങ്ങളാണുള്ളത് എന്നു കണ്ടെത്താൻ മാസ്സർമാൻ നമ്മോടാവശ്യപ്പെടുന്നു. നമുക്കു ഏതു വിധേനയുള്ള ഗുണഗണങ്ങളും പരിശോധിക്കാം. മൈക്കൽ ഹാർട്ടിനെ പോലെ അദ്ദേഹം ഏറ്റവും സ്വാധീനം ചെലുത്താൻ കഴിഞ്ഞ വ്യക്തിയെയാണ് തിരഞ്ഞത്. മാസ്സർമാൻ നമ്മുടെ മുൻവിധികളെയും സങ്കൽപങ്ങളെയും ആസ്പദമാക്കാതെ ആരിലെങ്കിലും മഹത്വം പ്രതിഷ്ഠിക്കുന്നതിനു മുമ്പായി വസ്തുനിഷ്ഠമായ മാനദണ്ഡ

ങ്ങൾ സ്ഥാപിക്കാൻ തുനിയുന്നു. അദ്ദേഹം പറയുന്നു നേതാക്കൾ മൂന്നു കൃത്യങ്ങൾ നിർവ്വഹിച്ചവരാവണം.

**ഒന്ന്** : നേതാവ് അനുയായികൾക്ക് സുസ്ഥിതി ഉണ്ടാക്കി കൊടുക്കണം.

നേതാവ് ആരായാലും അദ്ദേഹം നിങ്ങളുടെ ക്ഷേമത്തിൽ തൽപരനായിരിക്കണം. ആത്മഹത്യയിലൂന്നിയ ആരാധനാസമ്പ്രദായത്തിലൂടെ കുപ്രസിദ്ധിയാർജ്ജിച്ച ഗയാനയിലുള്ള ജോൺസ് ടൗണിലെ റെവ.ജിം ജോൺസിനെ പോലെ സ്വാർത്ഥ താൽപര്യത്തിന്നായി കറവപ്പശുക്കളെത്തിരയുന്നവനാവാൻ പാടില്ല. തന്റെ തൊള്ളായിരത്തി പത്തോളം അനുയായികളോടൊത്ത് കൂട്ട ആത്മഹത്യ ചെയ്ത ഒരു മനുഷ്യനായി അയാളെ നിങ്ങളോർക്കുന്നുണ്ടാകാം.

ചില കൊടും ക്രൂരകൃത്യങ്ങൾക്ക് അമേരിക്കൻ ഗവൺമെന്റിന്റെ വിചാരണ നേരിട്ടുകൊണ്ടിരിക്കുകയായിരുന്ന അയാളെ പിടികൂടാനുള്ള സാധ്യത തെളിഞ്ഞുവന്നു. പക്ഷേ അറസ്റ്റ് ചെയ്യപ്പെടുന്നതിനു മുമ്പായി തന്റെ അനുയായികളൊ

ന്നിച്ചു സ്വയം നിഷ്കാസനം ചെയ്യലാണ് ബുദ്ധി എന്നയാൾ കരുതി. അത് കൊണ്ട് തനിക്കെതിരാ യിസാക്ഷ്യപ്പെടുത്താൻ ആരും അവശേഷിക്കുക യില്ലല്ലോ? നാരങ്ങാ വെള്ളത്തിൽ സയനെയ്ഡ് വിഷം കലർത്തി തന്റെ ഭക്തന്മാരെ അത് കുടി ക്കാൻ പ്രേരിപ്പിച്ചു. അയാളുടെ കൽപന അനുസ രിച്ചത് കാരണം അവരെല്ലാവരും അപമാനിതരാ യി മരണപ്പെട്ടു.ഇതേയവസരത്തിലാണ് റെവ.ജിം. ജോൺസ് 15 ദശലക്ഷത്തിന്റെ അഴിമതി നടത്തി ലോകത്തുടനീളം വിവിധ ബാങ്കുകളിൽ സ്വന്തം അക്കൗണ്ടിൽ നിക്ഷേപിച്ചതായി കണ്ടെത്തിയത്. അദ്ദേഹത്തിന്റെ പീഡനത്തിനിരയായവരെല്ലാവ രും അദ്ദേഹത്തിന് കറവപ്പശുക്കളായിരുന്നു. അ വരെയെല്ലാവരെയും സ്വാർഥലാഭത്തിനു വേണ്ടി യുംസ്വന്തം കാമപൂർത്തികരണത്തിനും അദ്ദേഹം ചൂഷണം ചെയ്യുകയായിരുന്നു. മാസ്സ്ലർമാന്റെ ക ഥാ നായകൻ സ്വാർഥനേട്ടത്തിന് വേണ്ടിയല്ല സ്വ ന്തം ആട്ടിന്റെ, ആട്ടിൻകൂട്ടങ്ങളുടെ ക്ഷേമത്തിന് വേണ്ടി നില കൊണ്ട വ്യക്തിയാവേണ്ടതുണ്ട്.

**രണ്ട്:** നേതാവ് അല്ലെങ്കിൽ നേതാവാകേണ്ടിയിരി ക്കുന്നവർ ജനങ്ങൾക്ക് ആപേക്ഷികമായി സുര

ക്ഷിതത്വം ലഭിക്കുന്ന ഒരു സാമൂഹ്യ സംഘടനക്ക് രൂപം നൽകണം.

മാർക്സിസ്റ്റ്, ഫാസിസ്റ്റ്, നാസി, നിയോനാസി, അശ്കെനാസി[3], സിയോണിസ്റ്റ് അല്ലെങ്കിൽ അവരുടെ സഹയാത്രികർ അവരിൽ നിന്നും വിഭിന്നമായ ഏത് സംഘടന എന്ന് മാസ്റ്റർമാൻ'ടൈം' വാരികയിലെ ലഘു ലേഖനത്തിൽ സൂചിപ്പിച്ചിട്ടില്ല. പക്ഷേ അദ്ദേഹത്തിന്റെ വിചാരങ്ങളും വിശ്വാസങ്ങളും വളരെയധികം വ്യക്തമാണ്, സ്വാർത്ഥത, അത്യാർത്തി, വർണ്ണ വിവേചനം എന്നിവയിൽ നിന്നും മോചിതമായ സാമൂഹ്യ ക്രമമേർപ്പെടുത്തുന്ന ഒരു നേതാവിനെയാണദ്ദേഹം തിരയുന്നത്. കാരണം മേൽപറഞ്ഞ ഇസങ്ങളെല്ലാം അവയുടെ തന്നെ നാശത്തിന്റെ വിത്തുകളാണ് ചുമക്കുന്നത്.

ഞങ്ങളിലിപ്പോഴും ഒട്ടേറെ ദു:ഖങ്ങളും പാപങ്ങളുമുണ്ട്. അനീതിയും ,പീഡനവും ,തെറ്റുകളും ,വെറുപ്പും. ഗർവ്വ് ഇപ്പോഴും മനസ്സാക്ഷിയെ ക്ഷയിപ്പിക്കുന്നു. വേദനയനു

---

3 അശ്കെനാസി– ജെർമ്മനിയിൽ നിന്നും മദ്ധ്യ യുറോപ്പിൽ നിന്നും കിഴക്കൻ യുറോപ്പിൽ നിന്നും ,റഷ്യയുടെ മിക്കവാറും പ്രദേശങ്ങളിൽ നിന്നുള്ളവരുമായ പലസ്തീനിൽ നിയമവിരുദ്ധമായി കുടിയേറിയ ജൂതന്മാർ. അവരുടെ പേരിൽ തന്നെ സൂചിപ്പിക്കുന്നത് പോലെ . നാസികൾ അവരോട് ചെയ്തത് കുടിയേറ്റ പ്രദേശങ്ങളിലെ ജനങ്ങളുടെ മേൽ അവർ നടപ്പാക്കുന്നു. എന്തൊരു വിരോധാഭാസം.?

ഭവിക്കുന്ന ആത്മാക്കളിൽ നിന്നും കനിവിന്റെ ഉഛിഷ്ടങ്ങൾ പോലും കവർന്നെടുക്കപ്പെടുന്നു, അങ്ങിനെ അറപ്പുളവാക്കുന്ന മാംസം കൊണ്ടും തകർന്നടിഞ്ഞ മൺകൂനകൾ
കൊണ്ടും ആഴകാർന്ന ആരാധനാ മൂർത്തികളെ സൃഷ്ടിച്ചെടുക്കുന്നു.
അജ്ഞത ഇപ്പോഴും ശക്തമായ കാഹളമൂതുന്നു.
അങ്ങനെ യഥാർത്ഥ വിവേകത്തെ നാണിപ്പിക്കാൻ ശ്രമിക്കുന്നു.
മനുഷ്യരിപ്പോഴും അടിമകളെ വെച്ചു പുലർത്തുന്നു .
അടിമത്വത്തിന്റെ ഉൻമൂലനത്തിനായി അനായാസം പ്രതിഷേധിച്ചുകൊണ്ട്. ദുരാഗ്രഹം ഇപ്പോഴും സത്തയെ വാരിവിഴുങ്ങുന്നു.
അവളുടെ അധികാരത്തിൽ കീഴിലെ നിസ്സഹായരുടെ.
മാത്രമല്ല അതിലേറെ.... . ...ഉത്കൃഷ്ടമായ, വ്യതിരിക്തമായ ശബ്ദം
കാതടപ്പിക്കുന്ന ആർത്തനാദങ്ങളിൽ ശ്വാസം മുട്ടുകയാണ്.
വിഭാഗങ്ങളുടെയും ആൾകൂട്ടങ്ങളുടെയും ഭ്രാന്തമായ ഉത്ക്രോശത്തിനിടയിൽ,പുതിയ മുദ്രാവാക്യങ്ങൾ എന്നവർ ഉദ്ഘോഷിക്കുന്ന.. ... .. ..
മുമ്പേ അസത്യമെന്ന് തെളിഞ്ഞ കാപട്യോൽ ഘോഷങ്ങളിൽ.

അബ്ദുല്ലാഹ് യൂസുഫ് അലി.

**മൂന്ന്:** ഈ നേതാവ് തന്റെ ജനങ്ങൾക്ക് ഒരു കൂട്ടം വിശ്വാസ പ്രമാണങ്ങൾ ഉണ്ടാക്കി കൊടുക്കണം.

വിശ്വാസങ്ങളുടെ കൂട്ടായ്മ, മനുഷ്യരുടെ സാഹോദര്യം ഇവയെക്കുറിച്ച് പറയാനെളുപ്പമാണ്.പക്ഷേ ദക്ഷിണാഫ്രിക്കയിലെ യൂറോപ്യൻ വംശീയരായ വെള്ളക്കാർക്കിടയിൽ ആയിരത്തോളം വിവിധ മതശാഖകളും അവാന്തര വിഭാഗങ്ങളുമുണ്ട്. ആഫ്രിക്കൻ വംശീയരായ കറുത്ത വർഗ്ഗക്കാർക്കിടയിൽ മൂവായിരത്തോളം പക്ഷങ്ങളുണ്ട്.

എന്റെ രാജ്യത്തെ വെള്ളക്കാരുടെ ചർച്ചുകൾ ഇന്ന് കറുത്ത ബിഷപ്പുമാർക്കു കൂടി അവസരം നൽകുന്നവയായി പരിണമിച്ചിട്ടുണ്ട്. പക്ഷേ, യുറോപ്യരുടെ ആധിപത്യത്തിന്റെ ആദ്യത്തെ മുന്നൂറു വർഷങ്ങളിൽ ഒരൊറ്റ കറുത്ത വർഗ്ഗക്കാരനെ പോലുമവർ ബിഷപ്പായി അവരോധിച്ചിട്ടില്ല. ഇപ്പോഴും കറുത്തവനും വെളുത്തവനും സങ്കര വർഗ്ഗക്കാരനും ഇന്ത്യക്കാരനും ഒരുമിച്ച്ഭൂരിഭാഗം

ഡച്ച് റിഫോംഡ് ചർച്ചുകളിൽ[4] പ്രാർത്ഥിക്കാനാവില്ല. ക്രിസ്തീയ അവാന്തര വിഭാഗങ്ങൾ തമ്മിലുള്ള വൈരം ക്രിസ്ത്യൻ ചക്രവർത്തിയായിരുന്ന ജൂലിയാൻ ഉചിതമായി വർണ്ണിക്കുന്നു. അദ്ദേഹം പറയുന്നു.

''പൊതുവെ ക്രിസ്ത്യൻ വിഭാഗങ്ങളിൽ പരസ്പരമുള്ള ശത്രുത വന്യമൃഗങ്ങൾക്കു പോലും മനുഷ്യരോടില്ല.''

(SAYED AMIRALI .SPIRIT OF ISLAM, PAGE 1)

മേൽ പറഞ്ഞ മൂന്ന് മാനദണ്ഡങ്ങളോടെ മാസ്സർഡമാൻ ചരിത്രം പരിശോധിച്ച് ലൂയിസ് പാസ്ചർ, സാക്ക്, ഗാന്ധിജി, കൺഫ്യൂഷ്യസ്, മഹാനായ അലക്സാന്റർ, സീസർ, ഹിറ്റ്ലർ, ശ്രീബുദ്ധൻ, യേശു,എന്നിവരെയും മറ്റുള്ളവരെയും വിലയിരുത്തുന്നു. അന്തിമ നിർണ്ണയത്തിലെത്തിക്കൊണ്ടദ്ദേഹം പറയുന്നു: ''ഒരു വേള എല്ലാ കാലഘട്ടങ്ങളിലെയും ഏറ്റവും മഹാനായ നേതാവ് ഈ മൂന്ന് കർത്തവ്യനിർവ്വഹണങ്ങളും സമ്മേളിച്ച മുഹമ്മദ് ആയിരുന്നു. ഒരു ചെറിയ അളവിൽ മോശെയും അതു തന്നെ ചെയ്തു.''

---

٤ **DUTCH REFORMED C]HURCH** ഡച്ചുകാരാൽ സ്ഥാപിക്കപ്പെട്ട നവീകൃത ക്രൃസ്തീയ ദേവാലയങ്ങൾ

മാസ്സെർമാനെ അത്യാശ്ചര്യത്തോടെയല്ലാതെ നമുക്കു വീക്ഷിക്കാൻ കഴിയില്ല. ഒരു ജൂതനായ അദ്ദേഹം തന്റെ ജനതയുടെ കഠിനശത്രുവായ അഡോൾഫ് ഹിറ്റ്ലറിനെ സൂക്ഷ്മ പരിശോധന നടത്തി സ്വന്തം ഉൽപത്തിയെ പോലും അവഗണിച്ചു കൊണ്ട് അപഗ്രഥിക്കുന്നു. ഹിറ്റലർ ഒരു മഹാനായ നേതാവാണെന്നദ്ദേഹം കരുതുന്നു.താനുദ്ദേശിച്ചത് പോലെ സ്വന്തം ജനതയായ 90 ദശലക്ഷമടങ്ങുന്ന കരുത്തുറ്റ ജർമൻകാരെ സംഹാരത്തിലേക്കു നയിക്കാൻ ഹിറ്റ്ലറിന്നു സാധിച്ചു. ഹാ, കഷ്ടം അദ്ദേഹം അവരെ നാശത്തിലേക്കാണ് നയിച്ചത്.

ഹിറ്റ്ലറല്ല ഇവിടെ തർക്കവിഷയം. എന്തു കൊണ്ട് ജൂതനായ അമേരിക്കൻ സർക്കാരിന്റെ ശമ്പളംപറ്റുന്ന ഉദ്യോഗസ്ഥനായ മാസ്സെർമാൻ തന്റെ ജൂതരും ക്രിസ്തീയരുമായ 200 ദശലക്ഷത്തോളം വരുന്ന നാട്ടുകാരോട് യേശു(ﷺ)വും മോശ(ﷺ)യുമല്ല പക്ഷേ,മുഹമ്മദ്(ﷺ)ആണ് എല്ലാ കാലഘട്ടങ്ങളിലെയും ഏറ്റവും മഹോന്നതനായ നേതാവ് എന്നു പ്രഖ്യാപിക്കുന്നത്? അതാണ് വിശദമാക്കപ്പെടേണ്ടത്.

## സന്ദേഹാലുക്കൾ എന്തു പറയുന്നു. . ?

മൈക്കൾ എച്.ഹാർട്ട് മുഹമ്മദ്(ﷺ)നെ അദ്ദേഹത്തിന്റെ പട്ടികയിൽ ഒന്നാമനും തന്റെ സ്വന്തം ഈശ്വരനും രക്ഷകനുമായ യേശു ക്രിസ്തുവി(ﷺ)നെ മൂന്നാമനുമാക്കുന്നു. എന്തുകൊണ്ട് ? അദ്ദേഹത്തിന് കോഴകൊടുത്തിരുന്നോ ?

വില്യം മക്നീൽ തന്റെ പട്ടികയിൽ ആദ്യത്തെ മൂന്നു പേരിൽ മുഹമ്മദ്(ﷺ)നെ ഉൾപ്പെടുത്തി ആദരിക്കുന്നു. എന്തുകൊണ്ട് ?
അദ്ദേഹത്തിന് കോഴകൊടുത്തിരുന്നോ ?

ജെയിംസ് ഗാവിൽ യേശുവിന്(ﷺ)മുമ്പായി മുഹമ്മദ്(ﷺ)നെ പ്രതിഷ്ഠിക്കുന്നു. എന്തുകൊണ്ട് ?
അദ്ദേഹത്തിന് കോഴ നൽകിയതാണോ ?

ജൂൽസ് മസ്സർമാൻ മുഹമ്മദ്(ﷺ)ഒന്നാമനായും തന്റെ സ്വന്തം ആരാധ്യപുരുഷനായ മോശയെ(ﷺ) രണ്ടാം സ്ഥാനത്തും നിർണ്ണയിക്കുന്നു. എന്തു

കൊണ്ട് ? അദ്ദേഹം കോഴ വാങ്ങിയത് കൊണ്ടാണോ?

“മുഹമ്മദ്(ﷺ) മേലിൽ ചാർത്തുന്ന തിളക്കമാർന്ന മുഴുവൻ പ്രശംസകളും ഹീനവും വഞ്ചനാപരവുമായ ജാലവിദ്യയാണെന്നാണോ നാം ധരിക്കേണ്ടത് ?

.... .. .. എന്നെ സംബന്ധിച്ചത്തോളം അങ്ങിനെ വിഭാവനം ചെയ്യാൻ കഴിയില്ല ... .. .വഞ്ചന ലോകത്തിതുപോലെ വളരുകയും പുഷ്ടിപ്പെടുകയും ചെയ്താൽ മാനവതയെക്കുറിച്ചു എന്തു ചിന്തിക്കണമെന്നറിയാതെഒരാൾ പരിപൂർണ്ണമായും അന്തം വിട്ടവനായിത്തീരും.” തോമസ് കാർലൈൽ (HEROES AND HERO WORSHIP എന്ന അദ്ദേഹത്തിന്റെ ഗ്രന്ഥത്തിൽ നിന്ന്)

എന്നാലും ആരെങ്കിലും മുഹമ്മദ്(ﷺ)യെ സംബന്ധിച്ച് വല്ല നൻമയും പറഞ്ഞാൽ അറബികൾ കൈകൂലി കൊടുത്തത് കാരണമാണെന്ന് ശത്രുക്കൾ പ്രചരിപ്പിക്കുന്നു. ഇവർ എന്റെ ഈ സഹോദരൻമാർക്ക് കൂടുതൽ അംഗീകാരമാണ് നൽകുന്നത്. ഞാൻ ആവർത്തിച്ചു പറയട്ടെ, അത് സാദ്ധ്യമാണെങ്കിലും അസംഭവ്യമാണ്.

രണ്ടാം ലോക മഹായുദ്ധകാലത്ത് നോർവ്വേ ഒരേഒരു ക്വിസ്‌ലിംഗ്[5]നെ മാത്രമാണ് സൃഷ്ടിച്ചത്. അദ്ദേഹം തന്റെ രാഷ്ട്രത്തെ വഞ്ചിച്ച കുറ്റത്തിന് വിചാരണ നേരിട്ടു വധിക്കപ്പെട്ടു. അമേരിക്കയും പാശ്ചാത്യ ലോകവും ഇപ്പോൾ  മാത്രമാണ് പശ്ചിമേഷ്യൻ രാജ്യങ്ങളിൽ നിന്നുള്ള ചൂടാറാത്ത പെട്രോഡോളറുകൾ കൊണ്ട് പരിപോഷിപ്പിക്കപ്പെടുന്ന ക്വിസ്ലിംഗുകൾക്ക് ജൻമം നൽകാൻ പ്രാപ്തരായത് എന്നത് ഒരിക്കലും ഉണ്ടാവാനിടയില്ലാത്തതാണ്. നിർഭയരും സത്യസന്ധരുമായ തങ്ങളുടെ ഉത്തമവിശ്വാസങ്ങൾക്കെതിരെയുള്ള ഏതു നടപടികളും സഹിക്കാൻ സന്നദ്ധരായ നിങ്ങൾക്കിടയിലെ ആളുകളെ ദയവ് ചെയ്ത് തരം താഴ്ത്തരുത്. നാമെല്ലാവരും അവരെ പ്രശംസിക്കുകയാണ് വേണ്ടത്.

തന്റെ അടിമകളുടെ ആത്മാർത്ഥമായ ശ്രമങ്ങളെ എല്ലായ്പ്പോഴും തിരിച്ചറിയുന്ന കാരുണ്യവാനായ ദൈവം,തന്റെ തെരഞ്ഞെടുക്കപ്പെട്ട ദൂതനായ മുഹമ്മദ്(ﷺ)നോടുള്ള വാഗ്ദാനം നിറവേറ്റു

[5] ക്വിസ്ലിംഗ് എന്നാൽ തന്റെ രാഷ്ട്രത്തെയും ജനതയേയും വഞ്ചിച്ച ചാരൻമാരെ സൂചിപ്പിക്കുന്ന പദമായിത്തീർന്നിരിക്കുന്നു.

ക മാത്രമാണ് ചെയ്യുന്നത് എന്നാണ് നമുക്കിപ്പോൾ ന്യായമായും തീരുമാനിക്കാൻ കഴിയുക.

﴿وَرَفَعْنَا لَكَ ذِكْرَكَ﴾ (سورة الشرح :٤)

(നിനക്ക് നിന്റെ കീർത്തി നാം ഉയർത്തിത്തരുകയും ചെയ്തിരിക്കുന്നു.) വിശുദ്ധ ഖുർആൻ 94 : 4

മിത്രങ്ങളും ശത്രുക്കളും ഒരു പോലെ ഏതോ ഉൾപ്രേരണയാലെന്നപോലെ ദൈവത്തിന്റെ കരുത്തനായ ഈ സന്ദേശവാഹകനെ പ്രലോഭന രഹിതമായി,ബഹുമാന സൂചകമായി പ്രശംസിച്ചിട്ടുണ്ട്. സർവ്വശക്തനായ ദൈവം പിശാചിനെപ്പോലും അവന്റെ സേവനത്തിനുപയോഗപ്പെടുത്തുന്നതു നമുക്കു കാണാം.

യേശു(ﷺ)വിന്റെ കാലത്ത് ചെയ്തത് പോലെ (മത്തായി 4-1:11)പിശാചു ചിലപ്പോൾ സുവിശേഷ സത്യങ്ങൾ സംസാരിച്ചിരുന്നു.

ഒരു ഹിന്ദു തത്വചിന്തകനായ പ്രൊഫസസ്സർ കെ.എസ്.രാമകൃഷ്ണറാവു(മുഹമ്മദ്-ഇസ്ലാമിന്റെ പ്രവാചകൻ)[6] എന്ന അദ്ദേഹത്തിന്റെ കൃതിയിൽ

[6] Muhammed the Prophet of islam

ക്രൂരനായ അഡോൾഫ് ഹിറ്റലറെ പോലും മുഹമ്മദ്(ﷺ)ന്റെ അതുല്യമായ മഹോന്നതി തെളിയിക്കാൻ വേണ്ടി ഉദ്ധരിക്കുന്നു.

ജൂൽസ് മാസ്സർമാനെ പോലെ ഇസ്ലാമിലെ പ്രവാചകനെ മൂന്നു തലങ്ങളിൽ പ്രൊഫസർ വിലയിരുത്തുന്നു. ഹിറ്റ്ലർ എഴുതിയ 'മെയൻ കാംഫ്' എന്ന ഗ്രന്ഥത്തിൽ ഒരു മഹാനായ നേതാവിനുണ്ടാകേണ്ട മൂന്നു ഗുണങ്ങൾ വിവരിക്കുന്നുണ്ട്. ഈ മൂന്നുഗുണങ്ങളും നമ്മുടെ കഥാനായകനിൽ പ്രൊഫ. റാവു കണ്ടെത്തുന്നു. ഹിറ്റ്ലറെ ഉദ്ധരിച്ചു കൊണ്ടദ്ദേഹം പറയുന്നു.

''ഒരു മഹാസൈദ്ധാന്തികൻ ഒരു മഹാനേതാവല്ല. പ്രക്ഷോഭണകാരിയിലാണതിലും കൂടുതലായി ഈ ഗുണങ്ങളുണ്ടാവാൻ സാദ്ധ്യത. അദ്ദേഹമെപ്പോഴും കൂടുതൽ മെച്ചപ്പെട്ട നേതാവായിരിക്കും. നേതൃത്വ ഗുണമെന്നാൽ മനുഷ്യ സമൂഹത്തിന്റെ മനസ്സ് മാറ്റിമറിക്കാനുള്ള കഴിവാണ്. ആശയങ്ങൾ സൃഷ്ടിക്കാനുള്ള സിദ്ധിക്ക് നായകത്വ പ്രാപ്തിയുമായി ഒരു വിധത്തിലും സമാനതയില്ല. ഹിറ്റ്ലർ തുടരുന്നു. ആശയധാതാവ്,സംഘാടകൻ,നേ

താവ് ഈ മൂന്നുഗുണങ്ങൾ ഒരുമനുഷ്യനിൽ സംഗമിച്ചാൽ അതീ ഭൂമിയിലെ മഹത്വം സ്ഥിതി ചെയ്യുന്ന അത്യുൽകൃഷ്ട പ്രതിഭാസമായിത്തീരും.''

പ്രൊഫ.റാവു സ്വന്തം വാക്കുകളിലൂടെ തീരുമാനിക്കുന്നത് നോക്കൂ.
''ഇസ്ലാമിലെ പ്രവാചകന്റെ വ്യക്തിത്വത്തിലൂടെ ഈ അപൂർവ്വ പ്രതിഭാസം മനുഷ്യ രൂപത്തിൽ നടന്നു പോകുന്നത് ലോകം ദർശിച്ചു കഴിഞ്ഞു.''

**<u>രോഷം പങ്ക് വെയ്ക്കൂ.</u>**

അർഹിക്കാത്ത പക്ഷപാതമെന്നോ കോഴയുടെ സ്വാധീനമെന്നോ ആരെങ്കിലും പ്രൊഫസറെ ആക്ഷേപിക്കുന്നതിന്നു മുമ്പായി പ്രവാചകൻ മുഹമ്മദ്(ﷺ)നെ പ്രശംസിക്കുന്ന ഇതരരെ കൂടി അവരുടെ ശ്രദ്ധയിൽ പെടുത്തട്ടെ.

1 –''മുഹമ്മദ് ദയയുടെ ചൈതന്യമായിരുന്നു. അദ്ദേഹത്തിന് ചുറ്റുമുള്ളവർ അദ്ദേഹത്തിന്റെ പ്രഭാവം അനുഭവിച്ചറിഞ്ഞവരും അതൊരിക്കലും മറക്കാത്തവരുമായിരുന്നു''

ഒരു ഹിന്ദുപണ്ഡിതൻ ദിവാൻ ചന്ദ്ശർമ

THE PROPHETS OF THE EAST,KALCUTTA 1935-P-122

2 –‘‘ജസ്റ്റിനിയന്റെ മരണത്തിന്റെ നാലുവർഷങ്ങ ൾക്കു ശേഷം എ.ഡി.569ൽ എല്ലാ മനുഷ്യരേക്കാ ളും മാനവ സമൂഹത്തിൻമേൽ,സ്വാധീനം ചെലു ത്തിയ മഹോന്നതൻ... ...മുഹമ്മദ് മക്കയിൽ ഭൂജാ തനായി.’’

ജോൺ വില്യം ഡ്രേപർ

M.D. LLD. A HISTORY OF THE INTELLECTUAL DEVELOPMENT OF EUROPE, LONDON 1875

3 –‘‘ഭൗതിക സാഹചര്യങ്ങൾ ഇത്രയൊക്കെ മാറി യിട്ടും ചാഞ്ചല്യമന്യെ അവയെല്ലാം നേരിടാൻ സ്വയം സജ്ജമായ ഏതെങ്കിലും മനുഷ്യനുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.’’

ആർ .വി.സി. ബോഡ്ലി

THE MESSENGER, LONDON :1946 .P:9

4 –‘‘ഞാനദ്ദേഹത്തെക്കുറിച്ചു പഠിച്ചു വിസ്മയക രമായ മനുഷ്യൻ എന്റെ അഭിപ്രായത്തിൽ ക്രിസ് തു വിരുദ്ധൻ എന്നുവിളിക്കുന്നതിനു പകരം അ ദ്ദേഹത്തെ മാനവരാശിയുടെ ഉദ്ദാരകൻ എന്നു വിശേഷിപ്പിക്കണം.’’

ജോർജ് ബെർനാഡ് ഷാ.

THE GENUINE ISLAM. VOL-1-NO –81936

5 –‘‘തീർച്ചയായും ചരിത്രത്തിലെ തന്നെ സമാനതയില്ലാത്തൊരു ഭാഗ്യത്താൽ മുഹമ്മദ് മൂന്ന് കാര്യങ്ങളുടെ സ്ഥാപകനാണ്. ഒരു രാഷ്ട്രത്തിന്റെ, ഒരു സാമ്രാജ്യത്തിന്റെ, ഒരു മതത്തിന്റേയും.’’

ആർ–ബോസ്വോർത് സ്മിത്ത്.

MOHAMMED AND MOHAMMEDANISM 1946

6 –‘‘എല്ലാ മതാചാര്യൻമാരിലും വെച്ച് ഏറ്റവും വിജയം കൈവരിച്ചത് മുഹമ്മദ് ആണ്.’’

ENCYCLOPEDIA BRITANNICA . 11 EDITION

## അദ്ധ്യായം – 2
## പൂർവ്വ കാല ചരിത്രത്തിൽ നിന്ന്

മുഹമ്മദ് (ﷺ)യെ അംഗീകരിക്കുന്നവരുടെ യും വിമർശകരുടെയും ഒരു ഡസനോ അതിൽ കൂടുതലോ ശ്ളാഘനങ്ങൾ പുനരാവിഷ്കരിക്കു ക എന്നത് പ്രയാസമുള്ളതല്ല. അവരുടെയെല്ലാം വസ്തുനിഷ്ഠതക്കിടയിലും പക്ഷപാത ചേതോവി കാരമുള്ള മനസ്സുകൾക്കെപ്പോഴും ചില അധി ക്ഷേപങ്ങളുന്നയിക്കാൻ കഴിയും. എന്റെ വായന ക്കാരെ ഞാൻ പൂർവ്വകാല ചരിത്രത്തിന്റെ ആഴ ങ്ങളിലേക്കു നയിക്കട്ടെ.

മെയ് 8 വെള്ളിയാഴ്ച 1840, മുഹമ്മദ്(ﷺ)ന്റെ സദ് ഗുണങ്ങളെക്കുറിച്ച് എന്തെങ്കിലും പറയുക എന്നത് ദൈവനിന്ദ എന്ന് കരുതപ്പെട്ടിരുന്നൊരു കാലം. അന്ന് ക്യസ്തീയ പാശ്ചാത്യ രാജ്യങ്ങളിൽ മുഹമ്മദ്(ﷺ)നെയും അദ്ദേഹത്തിന്റെ മതത്തെയും എന്റെ നാട്ടിൽ ഒരു ഘട്ടത്തിൽ കറുത്തവർഗ്ഗക്കാ രെ മുഴുവൻ വെറുക്കാൻ നായ്ക്കളെ പരിശീലി പ്പിച്ചിരുന്നത് പോലെ വെറുക്കാനായിരുന്നു പരി ശീലിപ്പിച്ചിരുന്നത്. ചരിത്രത്തിലെ അത്തരമൊരു

സന്ദർഭത്തിൽ കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വലിയ തത്വചിന്തകനായിരുന്ന തോമസ് കാർലൈൽ വീര പുരുഷൻമാരും വീരാരാധനയും (HEROES AND HERO WORSHIP) എന്ന വിഷയ ത്തെ ആസ്പദമാക്കി ഒരു പ്രഭാഷണ പരമ്പര ത ന്നെ നടത്തി.

## വളർത്തിയെടുത്ത രോഗം

കാർലൈൽ അദ്ദേഹത്തിന്റെ പ്രസംഗത്തിന്റെ പ്രാരംഭത്തിൽ തന്നെ ഈ ആളുകളുടെ അന്ധമായ മുൻവിധിയെ വെളിച്ചത്ത് കൊണ്ട് വന്നു. ഡച്ച് സാഹിത്യകാരൻമാരിൽ കരുത്തനും പണ്ഡിതനും രാജ്യതന്ത്രജ്ഞനുമായ ഹൂഗോ ഗ്രോഷ്യസ് ഇസ്ലാമിലെ പ്രവാചകനെതിരായി ഉഗ്രവും ദുഷ്പ്രയോഗപരവുമായ തീവ്ര അധിക്ഷേപങ്ങളെഴുതിയപ്പോൾ അദ്ദേഹം അതിന്നെതിരേ പ്രതികരിച്ചു. പരിശുദ്ധ പ്രവാചകൻ അദ്ദേഹത്തിന്റെ ചെവിക്കകത്ത്നിന്നും കടലമണികൾ പെറുക്കാൻ പ്രാവുകളെ പരിശീലിപ്പിച്ചു.ഈ കൗശലമുപയോഗിച്ച് പ്രാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് വന്നു ദൈവത്തിൽ നിന്നുള്ള വെളിപാടുകൾ അവതരിപ്പിക്കുന്നതാണെന്ന് അനുയായികളോടദ്ദേ

ഹം നുണ പറഞ്ഞു. ഖുർആനിൽ രേഖപ്പെടുത്തിയിരിക്കുന്നത് അത്തരം അസത്യങ്ങളാണെന്ന് ഗ്രോഷ്യൂസ് വ്യാജാരോപണമുന്നയിച്ചു.തന്റെ സ്വന്തം വേദഗ്രന്ഥത്തിൽ നിന്നുള്ള പ്രചോദനമാവാം ഗ്രോഷ്യസിനെ ഈ യക്ഷിക്കഥ കെട്ടിച്ചമക്കാൻ പ്രേരിപ്പിച്ചത്.

‘‘യേശു സ്നാനം ഏറ്റ (ജോർദാൻ പുഴയിൽ നിന്നും സ്നാപകനായ ജോണിനാൽ) ഉടനെ വെള്ളത്തിൽ നിന്നു കയറി; അപ്പോൾ സ്വർഗ്ഗം തുറന്ന് ദൈവാത്മാവും പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് കണ്ടു.’’

വിശുദ്ധ ബൈബിൾ(മത്തായി–3:16)

## പ്രാമാണികത്വമെവിടെ ?

ആ കാലഘട്ടത്തിലെ ബഹുമാന്യനായ മറ്റൊരു തത്വചിന്തകനായിരുന്ന പോകാക്, ശങ്കാലുവായ തോമസിനെ പോലെ (ജോൺ .20:25) മുഹമ്മദ്(ﷺ)ന്നെതിരായ പ്രാവുകളും കടലമണികളുമെന്ന ആരോപണം തെളിയിക്കാനാവശ്യപ്പെട്ടു. ഗ്രോഷ്യസ് ഉത്തരം പറഞ്ഞത് അതിന്ന് തെളിവൊന്നുമില്ല എന്നായിരുന്നു. പ്രേക്ഷകർക്കുവേ

ണ്ടി ഈ കഥ കെട്ടിച്ചമയ്ക്കാൻ അദ്ദേഹം തുനിഞ്ഞു. പ്രധാന ദൈവദൂതൻ മുഹമ്മദ്(ﷺ)ന്ന് ഖുർആൻ വാക്യങ്ങൾ അവതരിപ്പിക്കുന്നതിനേക്കാളേറെ പ്രാവുകളും കടലമണിയും എന്ന സിദ്ധാന്തം അദ്ദേഹത്തിനും സദസ്യർക്കും പ്രഥമദൃഷ്ട്യാ യുക്തിയുള്ളതാണെന്നും തോന്നി ഈ കാപട്യങ്ങൾ കാർലൈലിനെ വികാരഭരിതനാക്കി.അദ്ദേഹം ആക്രോശിച്ചു.

''അത്യാവേശത്താൽ അദ്ദേഹത്തെ മാനക്കേടിലാക്കാനുള്ള ഉദ്ദേശത്തോടെ ഈ മനുഷ്യന് ചുറ്റും കൂമ്പാരമാക്കപ്പെട്ട നുണകൾ, നമ്മെ തന്നെ മാനക്കേടിലാക്കാൻ മാത്രമേ ഉതകുകയുള്ളൂ.''

തോമസ് കാർലൈൽ

## <u>ആരാധനാ പാത്രമായ പ്രാവാചകൻ</u>

കാർലൈൽ ഒരു ബുദ്ധിജീവിയും അനുഗ്രഹീത വാഗ്മിയുമായിരുന്നു.തന്റേതായ രീതിയിൽ തെറ്റിദ്ധാരണകൾ നീക്കാൻ അദ്ദേഹമാഗ്രഹിച്ചു. പ്രകോപനം സൃഷ്ടിക്കാനിടയുള്ള (പ്രവാചകനായ വീര പുരുഷൻ) എന്ന വിഷയത്തെ ആസ്പദമാക്കി അദ്ദേഹമൊരു പ്രഭാഷണം സംഘടിപ്പിച്ചു. മോശെ,ദാവീദ്,ശാലോമോൻ, അല്ലെങ്കിൽ യേശു

(അവരെല്ലാവരുടെ മേലിലും ദൈവിക ശാന്തിയു ണ്ടാവട്ടെ.)ആയിരുന്നില്ല അദ്ദേഹത്തിന്റെ വീര പു രുഷൻ. അക്കാലത്ത് ഏറ്റവുമധികം അപകീർത്തി ക്ക് വിധേയനായ മുഹമ്മദ്(ﷺ) ആയിരുന്നു. ചർച്ച് ഓഫ് ഇംഗ്ലന്റിലെ ആംഗ്ളിക്കാൻ വിഭാഗത്തിൽ പെട്ട ഭൂരിപക്ഷം സ്വദേശീയരെയും സമാശ്വസിപ്പി ക്കാൻ അദ്ദേഹം പറഞ്ഞു.

‘‘നമുക്കാർക്കും തന്നെ മുഹമ്മദീയരാവുന്നതിന് ഭയമില്ലാത്തത് കൊണ്ട് ന്യായമായും അദ്ദേഹ ത്തെക്കുറിച്ചു പറയുവാനുള്ള എല്ലാ സദ്ഗുണങ്ങ ളും പറയുവാനാണ് ഞാനുദ്ദേശിക്കുന്നത് ’’.

മറ്റൊരു തരത്തിൽ പറഞ്ഞാൽ അദ്ദേഹവും അദ്ദേഹത്തിന്റെ ഉത്തമരായ ശ്രോതാക്കളും ഇ സ്ലാമിലേക്ക് പരിവർത്തനം ചെയ്യാനുള്ള ഭയത്തി ൽ നിന്നും മുക്തരായിരുന്നു. മുഹമ്മദ് നബി(ﷺ) യെ ശ്ളാഘിക്കുവാൻ വേണ്ടി അവർക്ക് അവസ രമുണ്ടാക്കാൻ കഴിഞ്ഞത് അത് കൊണ്ടാണ്.അവ രുടെ സ്വന്തം മത വിശ്വാസത്തെക്കുറിച്ച് അൽപ മെങ്കിലും ഭയമുണ്ടായിരുന്നെങ്കിൽ അദ്ദേഹം അ തിന്ന് സന്നദ്ധനാകുമായിരുന്നില്ല.

ഇസ്ലാമികമായ സകലതിനോടും വെറുപ്പും വിദ്വോഷമുണ്ടായിരുന്ന ഒരു കാലയളവിൽ ദോഷാനു ദർശനവും നാസ്തികത്വവും നിറഞ്ഞ ഒരു സദസ്സിനോടാണ് കാർലൈൽ അദ്ദേഹത്തിന്റെ ആരാധനാ പാത്രമായ മുഹമ്മദ്(ﷺ)നെക്കുറിച്ചുള്ള പ്രശോഭിക്കുന്ന സത്യം ബോധ്യപ്പെടുത്തിയത്. സ്തുതിക്കർഹരായവർ, തീർച്ചയായും സ്തുതിക്കപ്പെടണം. മുഹമ്മദ് എന്ന നാമത്തിന്റെ അർത്ഥം തന്നെ സ്തുതിക്കപ്പെട്ടവൻ അഥവാ സ്തുത്യർഹൻ എന്നാണ്.

വിശ്വാസികളായ മുസ്ലിംകൾക്കു തൃപ്തികരമാവാത്ത ശൈലിയിലുള്ള ചില പദങ്ങളും ആശയങ്ങളും കാർലൈൽ ചില സന്ദർഭങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന് ഒരു സംസ്കാരിക ഞാണിൻമേൽ നടക്കുന്നവനായത് കൊണ്ടും അതിൽ ശ്രേഷ്ഠമായ രീതിയിൽ വിജയിച്ചത് കൊണ്ടും നാമദ്ദേഹത്തോടു ക്ഷമിക്കേണ്ടതുണ്ട്.

യേശു(ﷺ)വിന്റെയും മാതാവിന്റെയും കാര്യത്തിൽ മുഹമ്മദ്(ﷺ) ചെയ്തിരുന്നത് പോലെ അദ്ദേഹം നമ്മുടെ കഥനായകന്ന് ഉത്കടവും ആവേ

ശഭരിതവുമായ അനേകം സ്തുത്യുപഹാരങ്ങൾ നൽകി.അദ്ദേഹത്തിന്റെ ശത്രുക്കളുടെ വ്യാജാരോ പണങ്ങളെയും ദുഷ് പ്രചരണങ്ങളെയും അവഗ ണിക്കുകയും ചെയ്തു.

## അദ്ദേഹത്തിന്റെ ആത്മാർത്ഥത

**1–a.**''ഈ മഹാനായ മനുഷ്യന്റെ ആത്മാർത്ഥത അ ദ്ദേഹത്തിനു തന്നെ വ്യക്തമാക്കാൻ പറ്റാത്ത തരത്തിലുള്ളതായിരുന്നു.. അല്ല, ഞാൻ കരുതു ന്നത്, കപടനാകുന്നതിനെ തൊട്ട് അദ്ദേഹം അതി നേ ക്കാൾ ബോധവാനായിരുന്നു എന്നാണ് ''സ ത്യത്തിന്റെ നിയമങ്ങൾക്കനുസൃതമായി ഏതൊരു മനുഷ്യന് ഒരു ദിവസം മുഴുവൻ നടക്കാൻ കഴി യും? ഇല്ല ഈ മഹാനായ മനുഷ്യൻ താൻ നിഷ് കളങ്കനാണെന്ന് സ്വയം പുകഴ്ത്തുന്നില്ല. അതിലു പരി അദ്ദേഹമങ്ങിനെ ആണോ എന്നുസ്വയം ചോ ദിക്കുന്നുമില്ല. ഞാൻ നിസ്സംശയം പറയട്ടെ .അദ്ദേ ഹത്തിന്റെ സത്യസന്ധത അദ്ദേഹത്തിൽ മാത്രം അധിഷ്ഠിതമായതല്ല. അദ്ദേഹത്തിന് സത്യസന്ധ നാവാതെ തരമില്ല.'

(HEROES AND HERO WORSHIP PAGE –59)

**b.**മൗനിയായ ഒരു മഹാത്മാവ്. പ്രകൃതിയാൽ തന്നെ സത്യസന്ധനാവൻ നിയോഗിക്കപ്പെട്ട അദ്ദേഹം, എപ്പോഴും വിനയാന്വിതനാവാൻ മാത്രം സാധിക്കുന്നവരുടെ ഗണത്തിൽ പെട്ട വ്യക്തിയായിരുന്നു. മറ്റുള്ളവർ നിയമങ്ങളിലും കേട്ടുകേൾവിയിലും തൃപ്തരായി അതനുസരിച്ചു നീങ്ങുമ്പോൾ അദ്ദേഹം നിയമങ്ങളിൽ സൂക്ഷ്മപരിശോധന നടത്തിയിരുന്നില്ല. സ്വന്തം ആത്മാവിനോടും വസ്തുതകളുടെ യാഥാർത്ഥ്യത്തോടുമൊപ്പം അദ്ദേഹം തനിച്ചായിരുന്നു.. .. .. . അത്തരം ആത്മാർത്ഥത വാസ്തവമായും ദിവ്യമായ ഒന്നാണ്. ആ വിധത്തിലുള്ള ഒരു മനുഷ്യന്റെ വാക്കുകൾ പ്രകൃതിയുടെ സ്വന്തം ഹൃദയത്തിൽ നിന്ന് നേരിട്ടുള്ള ശബ്ദമാണ്. മനുഷ്യർ മറ്റേതിനേക്കാളും അതിനെ ശ്രവിക്കുകയും പിൻപറ്റുകയും വേണം. .. താരതമ്യം ചെയ്യുമ്പോൾ മറ്റുള്ളവയെല്ലാം നിഷ്ഫല പ്രയത്നം മാത്രം.

(HEROES AND HERO WORSHIP PAGE –71)

തന്റെ ദീർഘമായ പ്രഭാഷണത്തിൽ സ്വന്തം നിഗമനങ്ങളുടെ ഉത്ഭവത്തെക്കുറിച്ചു തന്റെ സദസ്യരെ ബോധ്യപ്പെടുത്താൻ കാർലൈലിന് അവ

സരമുണ്ടായിരുന്നില്ല. പ്രവാചക ജീവിതത്തിലെ ഒരേ ഒരു സംഭവത്തിലേക്ക് ഞാൻ വിരൽ ചൂണ്ട ട്ടെ. പരിശുദ്ധ ഖുർആന്റെ ഒരു അവതരണ ഘട്ട ത്തിലെ ആ സംഭവം മാനുഷികവും നൈസർഗ്ഗി കവുമായ അഭിനിവേശം നിമിത്തമുള്ള പോരായ് മയാണെന്നു തോന്നിപ്പിക്കുമെങ്കിലും അദ്ദേഹത്തി ന്റെ സത്യസന്ധതയുടെ ഏറ്റവും ഉന്നതമായ അ വസ്ഥയെ പ്രതിഫലിപ്പിക്കുന്ന ഒന്നാണ്.

## അവതരണാവസരത്തിലെ താക്കീത്.

അദ്ദേഹത്തിന്റെ ദൗത്യത്തിന്റെ ആദ്യ നാളു കളിൽ മുഹമ്മദ്(ﷺ) മക്കയിലെ ഖുറൈശി നേതാ ക്കളെ ഉപദേശങ്ങളിലൂടെ ഇസ്ലാമിലേക്ക് ക്ഷണി ക്കുന്നതിൽ വ്യാപൃതനായിരുന്നു. അതിൽപെട്ട ഒ രാൾക്ക് പ്രവാചകൻ തന്റെ വാദം ബദ്ധശ്രദ്ധനാ യി പറഞ്ഞു കേൾപിക്കുന്നതിനിടയിൽ അബ്ദു ല്ലാഹിബ്നു ഉമ്മു മഖ്തൂം(ﷺ)എന്ന ദരിദ്രനും അ ന്ധനുമായ മനുഷ്യൻ തിരക്കിട്ടു ചർച്ചയിലിടപെട്ട് ശ്രദ്ധ തന്നിലേക്ക് തിരിക്കാൻ ശ്രമിച്ചു, അനുഗ്ര ഹീത പ്രവാചകൻ ഒന്നും പറഞ്ഞില്ല. എങ്കിലും അദ്ദേഹത്തിന്റെ മനസ്സിലൂടെ ഒരു ചിന്ത കടന്നു

പോയി.(താങ്കൾക്കെന്തുകൊണ്ട് അൽപം ക്ഷമിച്ചു കൂടാ? താങ്കളുടെ അക്ഷമ കാരണം ഈ ശ്രോതാക്കളെ എനിക്കു നഷ്ടമാവുമെന്ന് താങ്കൾക്കു ഗ്രഹിച്ചു കൂടേ?) ഞാൻ വിശ്വസിക്കുന്നത്, സാധാരണ ജനങ്ങളോ കുറ്റവാളികളോ മഹാത്മാക്കളോ ആരായിരുന്നാലും അത്തരമൊരു അബദ്ധത്തിനു ശിക്ഷിക്കപ്പെടുയില്ല എന്നാണ്.എങ്കിലും മുഹമ്മദ് (ﷺ)ന്റെ സ്ഥിതി അതായിരുന്നില്ല. അദ്ദേഹത്തെ തിരഞ്ഞെടുത്ത് രേഖപ്പെടുത്തപ്പെട്ട ഉന്നതമായ പദവി നൽകി ആദരിച്ചില്ലേ?

(തീർച്ചയായും താങ്കൾ മഹത്തായ സ്വഭാവമുള്ളവനാകുന്നു.) വിശുദ്ധ ഖുർആൻ 68 :4

## നീരസം പ്രകടിപ്പിച്ച സന്ദർഭം

അദ്ദേഹത്തിന്റെ സഹ ഗോത്രക്കാര്യം വിഗ്രഹാരാധകരുമായുണ്ടായ ഈ സംഭാഷണത്തിനിടയിൽ സർവ്വശക്തനായ ദൈവം ദിവ്യ സന്ദേശം വെളിപ്പെടുത്തുന്ന മാലാഖയായ ജിബ്രിലീനെ അയക്കുന്നു. ഈ അനുശാസവുമായി.

عَبَسَ وَتَوَلَّى أَن جَاءهُ الْأَعْمَى وَمَا يُدْرِيكَ لَعَلَّهُ يَزَّكَّى أَوْ يَذَّكَّرُ فَتَنفَعَهُ الذِّكْرَى (عبس : ١٤)

(അവൻ മുഖം ചുളിച്ചു.പിന്തിരിയുകയും ചെയ്തു.അവന്റെയടുക്കൽ അന്ധൻ ചെന്നപ്പോൾ താങ്കളെങ്ങനെ അറിഞ്ഞു അവൻ ചിലപ്പോൾ വിശുദ്ധി പ്രാപിച്ചേക്കാം,അല്ലെങ്കിൽ അവൻ മുന്നറിയിപ്പ് സ്വീകരിച്ചേക്കും, അദ്ധ്യാപനം അവനു ഫലം ചെയ്തേക്കും.) വിശുദ്ധ ഖുർആൻ 80:14

സ്വഭാവികമായും പരിശുദ്ധ പ്രവാചകന്ന്(ﷺ) അദ്ദേഹത്തിന്റെ ഇടപെടൽ ഇഷ്ടപ്പെട്ടില്ല. ആ പാവം മനുഷ്യന്റെ മനസ്സിനെ അത് വേദനിപ്പിച്ചിട്ടുണ്ടാകാം.പക്ഷേ അഗതികളേയും പീഡിതരേയും സഹാനുഭൂതിയോടെ കണ്ട അദ്ദേഹത്തിന്റെ മൃദുല ഹൃദയത്തിന്ന് ദൈവത്തിൽ നിന്നുമുള്ള പുതിയ വെളിപാട് കിട്ടിയപ്പോൾ, അൽപം പോലും ശങ്കിക്കാതെ അതേ ക്ഷണത്തിൽ മുഴുവൻ മാനവീയതക്ക് വേണ്ടിയും അത് പരസ്യപ്പെടുത്തി.

പിന്നീട് ഈ അന്ധമനുഷ്യനെ കണ്ടുമുട്ടുമ്പോഴെല്ലാം പ്രവാചകൻ(ﷺ) അദ്ദേഹത്തെ ആദര

വോടെ സ്വീകരിച്ചിരുത്തി. അദ്ദേഹംമൂലം നാഥൻ തന്നിൽ ശ്രദ്ധയുള്ളവനായിത്തീർന്നതിന്ന് നന്ദി രേഖപ്പെടുത്തുമായിരുന്നു. മുഹമ്മദ്(ﷺ)ന്റെ അഭാവത്തിൽ അദ്ദേഹത്തെ രണ്ടുവട്ടം മദീനയുടെ ഗവർണ്ണറാക്കി നിയമിക്കുകയും ചെയ്തു. അതായിരുന്നു കാർലൈൽ ബഹുമാനിച്ചിരുന്ന പ്രവാചകന്റെ നിഷ്കളങ്കതയും കൃതജ്ഞതയും.

## പ്രലോഭനാതീതമായ വിശ്വാസ്യത

2 – ‘‘അതൊരു സീമാതീതമായ അനുഗ്രഹമായിരുന്നു.. ... .. . ഇത്രയും നല്ലവരായ ഖദീജ(رضي الله عنها)[7]യെ അദ്ദേഹം മറന്നില്ല പിൽക്കാലത്ത്,അദ്ദേഹത്തിന്റെ പ്രിയങ്കരിയും യുവതിയുമായ ഭാര്യ മഹതി ആയിശ(رضي الله عنها)യുടെ ദീർഘമായ ജീവിതംമുഴുവനും അന്നത്തെ എല്ലാ മുസ്ലിംകളേക്കാളുമേറെ സദ്ഗുണസമ്പന്നമായിരുന്നു. ബുദ്ധിമതിയായ ആയിശ(رضي الله عنها) ഒരു ദിവസം പ്രവാചക(ﷺ)നോടു ചോദിച്ചു. ഞാനിപ്പോൾ ഖദീജ (رضي الله عنها)യേക്കാളേറെ മെച്ചപ്പെട്ടവളല്ലേ ? അവളോ, ഒരു വിധവയായിരുന്നു.വൃദ്ധയായി സൗന്ദര്യമെല്ലാം നശിച്ചിരിക്കുന്നു. ഇപ്പോൾ

---

7 'റളിയള്ളാഹു അൻഹ'- അല്ലാഹുവിന്റെ തൃപ്തി അവരുടെ മേലുണ്ടാവട്ടെ.

താങ്കൾ അവളേക്കാളേറെ എന്നെ സ്നേഹിക്കുന്നില്ലേ?. . . . അല്ലാഹുവാണെ സത്യം, അല്ല. മുഹമ്മദ്(ﷺ) ഉത്തരം പറഞ്ഞു. മറ്റാരും തന്നെ എന്നിൽ വിശ്വസിക്കാത്ത സന്ദർഭത്തിൽ അവളെന്നിൽ വിശ്വസിച്ചു. ലോകത്താകമാനം എനിക്ക് ഒരു സഹായി മാത്രമേ ഉണ്ടായിരുന്നുള്ളൂ അവളായിരുന്നു അത്.''

(HEROES AND HERO WORSHIP PAGE-76)

സുന്ദരിയും ബുദ്ധിമതിയുമായ തന്റെ പ്രിയപ്പെട്ട ഭാര്യ ആയിശ സിദ്ധീഖ(ﷺ)യുടെ അഹംബോധത്തിന് വഴങ്ങുക എന്നത് പൈശാചിക പ്രലോഭനങ്ങളെ തള്ളിമാറ്റുന്നതിനേക്കാളേറെ ബുദ്ധിമുട്ടുള്ളതായിരുന്നു.ആയിശ(ﷺ)യെ നിർദ്ദോഷമായ ആത്മ പ്രശംസയുടെ കിന്നാര വചനങ്ങൾ കൊണ്ട് ആശ്വസിപ്പിക്കാമായിരുന്നില്ലേ ?

വിശ്വാസികളുടെ മാതാവായ ബീബി ഖദീജ (ﷺ)യുടെ ആത്മാവു പോലും അത്തരമൊരു നാട്യത്തെ ഗൗരവമായെടുക്കുമായിരുന്നില്ലെങ്കിലും മുഹമ്മദ്(ﷺ)യിൽ കേവല നാട്യങ്ങളും നിരുപദ്രവ നുണകളുമില്ല. ഇത്തരം അപൂർവ്വ ഗുണങ്ങൾ

നമ്മുടെയെല്ലാം സഹോദരനായ ആ പരിശുദ്ധനായ മനുഷ്യന്റെ തനതായ രൂപം പതിനാലു നൂറ്റാണ്ടുകൾ കഴിഞ്ഞിട്ടും നമുക്ക് വെളിച്ചം പകരുന്നു. .. . .. നമ്മുടെയെല്ലാം മാതാവിന്റെ അന്വർത്ഥനായ പുത്രൻ.

## അൽ അമീൻ അഥവാ വിശ്വസ്തൻ

3–**a -** ''സത്യവാനും വിശ്വസ്തനുമായൊരു മനുഷ്യൻ. മനസാ, വാചാ, കർമ്മണാ സത്യവാൻ. അദ്ദേഹമെപ്പോഴും എന്തെങ്കിലും വിവക്ഷിക്കുന്നതായി അവർ കണ്ടെത്തി. അതിനേക്കാളുപരി മിതഭാഷിയുമായിരുന്നു. ഒന്നും സംസാരിക്കാനില്ലാതിരുന്നപ്പോൾ മൗനിയും, എങ്കിലും ഔചിത്യവും വിജ്ഞാനവും ആത്മാർത്ഥത തുളുമ്പുന്നതുമായിരുന്ന അദ്ദേഹത്തിന്റെ വചനങ്ങൾ, കാര്യമാത്ര പ്രസക്തവും. ഇതു തന്നെയാണ് ശരിയായ സംഭാഷണ രീതിയും.''

(HEROES AND HERO WORSHIP PAGE-69)

**b**–'മുഹമ്മദ്, സ്വഭാവികമായും കഅ്ബയുടെ കാവൽക്കാരും വിഗ്രഹങ്ങളുടെ മേൽനോട്ടക്കാരുമായ ഖുറൈശികളെ കോപാകുലരാക്കി പ്രഭാവരാ

യ ഒന്നു രണ്ടുപേർ അദ്ദേഹത്തോടു ചേർന്നു. അത് (ഇസ്ലാം) സാവധാനം വ്യാപിച്ചു. അതു കൂടുതൽ വ്യാപിക്കുന്നതായിത്തീർന്നു.സ്വഭാവികമായും എല്ലാവരും അദ്ദേഹത്തെ വെറുത്തു.’

(HEROES AND HERO WORSHIP. PAGE-77)

**c** –‘‘സത്യം പറയാൻ മടിയുള്ള ഒരു മനുഷ്യനല്ല. തുറന്നു സംസാരിക്കുന്ന നിർദയനുമല്ല. സാഹചര്യം ആവശ്യപ്പെടുമെങ്കിൽ അതദ്ദേഹത്തിലുണ്ട്. അദ്ദേഹത്തിന് കാര്യങ്ങൾ വിഴുങ്ങുന്ന പ്രകൃതവുമില്ല. തബൂക്ക് യുദ്ധത്തെക്കുറിച്ചു എപ്പോഴുമദ്ദേഹം പറയുമായിരുന്നു. അദ്ദേഹത്തിന്റെ അനുയായികളിൽ പലരും കാലാവസ്ഥയുടെയും കൊയ്ത്തിന്റെയും കാരണം പറഞ്ഞു യുദ്ധത്തിൽ പങ്കെടുക്കാൻ വിസമ്മതിച്ചു. അദ്ദേഹത്തിന് ഒരിക്കലും മറക്കാൻ കഴിയുമായിരുന്നില്ല. നിങ്ങളുടെ കൊയ്ത്തോ ? അതൊരു ദിവസം മാത്രം നിലനിൽക്കുന്നതാണ്. അനശ്വരമായ പാരത്രിക ലോകത്തെ നിങ്ങളുടെ കൊയ്ത്തിന്റെ സ്ഥിതി എന്തായിരിക്കും? ഉഷ്ണകാലാവസ്ഥയോ? അതെ. അത് ഉയർന്ന താപമുള്ളത് തന്നെ. പക്ഷേ നരകത്തിന് അതിലുമെത്രയോ അധികം ഉയർന്ന താപമാണ്.

ചിലപ്പോൾ കർക്കശമായ രൂക്ഷ പരിഹാസം പ്രത്യക്ഷപ്പെടുന്നു.അവിശ്വാസികളോടദ്ദേഹം പറയുന്നു. നിങ്ങളർഹിക്കുന്ന അളവിൽ കുറവായി നിങ്ങൾക്ക് ലഭിക്കുകയില്ല.''

(HEROES AND HERO WORSHIP PAGE-95/6)

ഓർക്കുക, നൂറ്റമ്പത് വർഷങ്ങൾക്കുമുമ്പ് ക്ഷുഭിതരും സംഭ്രാന്തരുമായ ഇംഗ്ലണ്ടിലെ കൃസ്തീയ പ്രേക്ഷകരോടാണ് തോമസ് കാർലൈൽ ഈ വാക്കുകളുരുവിട്ടത്.അദ്ദേഹത്തിന്റെ പ്രഭാഷണം പ്രകൃത്യാ ഉളവാക്കിയ ചടുലമായ ആ വാദങ്ങളും പ്രതിവാദങ്ങളും ചരിത്രം നമുക്ക് വേണ്ടി രേഖപ്പെടുത്തിയിട്ടില്ല. എനിക്കു ന്യായമായും പറയാൻ കഴിയുന്ന പ്രവാചകന്റെ മുഴുവൻ സദ്ഗുണങ്ങളും എന്ന തന്റെ പ്രതിജ്ഞയിൽ അദ്ദേഹം ഉറച്ചുനിന്നു. അതുവഴി അദ്ദേഹത്തിന്റെ ശത്രുക്കളുടെ ദോഷാരോപണങ്ങളെയും വ്യാജാരോപണങ്ങളെയും പ്രതിരോധിച്ചു കൊണ്ടുള്ള പ്രഭാഷണവുമായദ്ദേഹം മുന്നോട്ടു നീങ്ങി.

## കാപട്യാരോപണം.

4–**a** ''ഒരു കപട മനുഷ്യൻ ഒരു മതം സ്ഥാപിക്കു

കയോ ?എന്തിന് , ഒരു വ്യാജ മനുഷ്യന് ഇഷ്ടിക കൊണ്ടുള്ളൊരു വീടുപോലും നിർമ്മിക്കാൻ കഴിയില്ല, നിർമ്മാണ വസ്തുക്കളെക്കുറിച്ചോ അതിന്റെ ചേരുവകളെക്കുറിച്ചോ അറിയാതെ അവനുണ്ടാക്കുന്നത് വീടല്ല.അതു വെറുമൊരു ചവറു കൂമ്പാരമായിരിക്കും.അതു പന്ത്രണ്ടു നൂറ്റാണ്ടു നിലനിൽക്കുകയില്ല. നൂറ്റിയെൺപത് ദശലക്ഷം[8] ജനങ്ങൾക്ക് താമസയോഗ്യമായ വിധത്തിൽ. അതു പെട്ടൊന്നു നിലംപറ്റും... .. .. ബാഹ്യ കാഴ്ചയ്ക്കു മാത്രം ന്യായമാണത്. ഒരു കള്ള നോട്ട് പോലെ മൂല്യരഹിതമായി അവരുടെ കൈകളിൽ നിന്ന് ചെലവാകുമെങ്കിലും മറ്റുള്ളവർ അതിന്റെ പരിണത ഫലമനുഭവിക്കേണ്ടിവരും.ഫ്രെഞ്ച് വിപ്ലവത്തിലൂടെയും അതുപോലുള്ള സംഭവങ്ങളിലൂടെയും പ്രകൃതി തീജ്ജ്വാലകളായി പൊട്ടിത്തെറിക്കുന്നു. കള്ളനാണയങ്ങളുടെ തനതായ രൂപം വെളിപ്പെടുത്തിക്കൊണ്ട്.’’

(HEROES AND HERO WORSHIP PAGE-95/6)

**b**–‘‘തികച്ചും ആക്ഷേപരഹിതമായ പുർണ്ണമായും സമാധാനപരവും പ്രശാന്തവുമായ ചുറ്റു പാടിലാ

---

[8] ഇന്ന് ആയിരം ദശ ലക്ഷം

ണ് അദ്ദേഹത്തിന്റെ ചൂടും ചൂരുമുള്ള വർഷങ്ങ ൾ ചെലവഴിച്ചത് എന്ന വസ്തുത കപട വേഷധാ രി എന്ന തത്വത്തെ നിരാകരിക്കുന്നു. ദൈവിക ദൗത്യത്തെക്കുറിച്ചദ്ദേഹം സംസാരിക്കുന്നത് ത ന്നെ നാൽപത് വയസ്സിന് ശേഷമാണ്... .. ..കാഴ്ച യിലദ്ദേഹത്തിന്റെ അഭിലാഷം പരിപൂർണ്ണമായും സത്യസന്ധമായൊരു ജീവിതം നയിക്കുക എന്ന ത് മാത്രമായിരുന്നു. അദ്ദേഹത്തിന്റെ പ്രസിദ്ധി, അയൽവാസികൾ അദ്ദേഹത്തെക്കുറിച്ചു പറയു ന്ന നല്ല അഭിപ്രായങ്ങൾ മാത്രവുമായിരുന്നു.''

(HEROES AND HERO WORSHIP PAGE-70)

**c –** ''ജീവിതാഭിലാഷമോ? മുഴുവൻ അറേബ്യയു ടേയും ഗ്രീസിലെ ഹെറാക്ലിയസിന്റെയും പേർഷ്യ യിലെ ഖുസ്റുകളുടെയും ഭൂമിയിലെ സകല കി രീടാവകാശങ്ങളോടെയും ഈ മനുഷ്യൻ എന്തു ചെയ്യാനാണ്.? അവയെല്ലാം അദ്ദേഹത്തെ എന്താ ക്കി തീർക്കും? അവ മുകളിൽ സ്വർഗ്ഗത്തിന്റേതോ താഴെ നരകത്തിന്റേതോ കിരീടാവകാശമല്ല. മുഴു വൻ കിരീടാവകാശങ്ങളായാലും ഏതു സാമ്രാ ജ്യമായാലും ചുരുങ്ങിയ വർഷങ്ങളിൽ അവയെ ല്ലാം എവിടെ നിലനിൽക്കാൻ? മക്കയുടേയോ അ

റേബ്യയുടേയോ ശൈഖ് ആയിത്തീർന്നാൽ അധികാരത്തിന്റെ നൂറുങ്ങുകൾ കൈയ്യിൽ വരുമെന്നല്ലാതെ..... അതൊരാളുടെ മോക്ഷമായിരിക്കുമോ ? നിസ്സംശയം ഞാൻ കരുതുന്നത്, അല്ല എന്നാണ്. കപടവേഷധാരി എന്ന സാങ്കൽപിക സിദ്ധാന്തം പൂർണ്ണമായും നാം നിരാകരിക്കുക. വിശ്വാസ യോഗ്യമല്ലാത്തത് കൊണ്ടും തിരസ്കരണ യോഗ്യമായത് കൊണ്ടും . .

(HEROES AND HERO WORSHIP PAGE-72/3)

## പാപ കൃത്യാരോപണം.

5– ‘‘തെറ്റുകളോ? തെറ്റുകളിലേറ്റവും വലുത് എന്റെ അഭിപ്രായത്തിൽ തെറ്റുകളെക്കുറിച്ചു ബോധമില്ലാതിരിക്കലാണ്. ബൈബിൾ വായനക്കാർ മറ്റെല്ലാവരേക്കാളും കൂടുതൽ അറിവുള്ളവരാണെന്ന് ഒരാൾ കരുതും. ഹിബ്രു രാജാവായ ദൈവത്തിന്റെ സ്വന്തം ഹൃദയത്തോടനുഗുണമായ മനുഷ്യൻ ദാവീദ്,യഥേഷ്ടം തെറ്റുകളിൽ മുഴുകി. പാപങ്ങൾക്ക് ക്ഷാമമില്ലാത്ത വിധത്തിലുള്ള ഘോരമാ

യ കുറ്റകൃത്യങ്ങൾ.[9]! അത് കൊണ്ട് ദൈവസമാന മായ ഹൃദയമുള്ള നിങ്ങൾക്കിടയിലെ മനുഷ്യൻ ഇതാണോ എന്ന് അവിശ്വാസികൾ പരിഹസിക്കു ന്നു. ഈ പരിഹാസം പൊള്ളയായ ഒന്നായിട്ടല്ലാ തെ എനിക്ക് തോന്നുന്നില്ല. ഒരു ജീവിതത്തിന്റെ ബാഹ്യ വിശദാംശങ്ങളും ന്യൂനതകളുമെന്തൊ ക്കെയാണ്?ആന്തരിക നിഗൂഢതകളും,പശ്ചാത്താ പ പ്രലോഭനങ്ങളും,സത്യസന്ധമായ, പലപ്പോഴും ചിന്താകുഴപ്പമുണ്ടാക്കുന്ന അതിന്റെ പോരാട്ടങ്ങ ളും മറന്നുകൊണ്ടുള്ളതാണെങ്കിൽ? തന്റെ ചുവ ടുകൾ നേരെയാക്കി നടക്കുന്ന മനുഷ്യനിൽ അ തുണ്ടാവില്ല. മനുഷ്യന്റെ സർവ്വ കൃത്യങ്ങളിലും വെച്ചേറ്റവും ദിവ്യമായ കൃത്യം പശ്ചാത്താപമല്ലേ? എന്റെ അഭിപ്രായത്തിൽ പാപമില്ലായ്മയുടെ ഗർ വ്വു പിടിച്ച അന്തർബോധമാണ് ഏറ്റവും വലിയ പാപം. അതാണ് നിർജ്ജീവാവസ്ഥ. ഈ രീതിയി ൽ സചേതനമായ ഹൃദയം ആത്മാർത്ഥതയിൽ നിന്നും എളിമയിൽ നിന്നും വേർപെടുത്തപ്പെട്ട താണ്. നിശ്ചലമാണ്. അത് നിർജ്ജീവമായ ഉണ

[9]ദൈവത്തിന്റെ പ്രവാചകൻമാരെക്കുറിച്ചുള്ള ജൂത ക്യസ്തീയ സങ്കൽപമിതാണ്. അവർ അവരുടെ പ്രവാചകൻമാരുടെ മേൽ നിഷിദ്ധ ലൈംഗിക സംഗമവും പരസ്ത്രീഗമനവും. കൊലപാതകംപോലുമാരോപിക്കുന്നു. വിശുദ്ധ ബൈബിളിന്റെ ആധികാരികതയോടെ അവർ അവരുടെ മേൽ ഭയങ്കര കുറ്റകൃത്യങ്ങൾ ചുമത്തുന്നു.

ക്ക തരിമണൽ ശുദ്ധമായിരിക്കുന്നത് പോലെ മാത്രം ശുദ്ധമാണ്.

(HEROES AND HERO WORSHIP PAGE -61)

## ''വാൾ കൊണ്ട് '' എന്ന ആരോപണം

പാശ്ചാത്യ കൃസ്തീയരുടെ ദൃഷ്ടിയിൽ മുഹമ്മദ്(ﷺ)ന്റെ ഏറ്റവും വലിയ അപരാധം അദ്ദേഹത്തിന്റെ ശത്രുക്കളാൽ കൊല്ലപ്പെടാനോ കുരിശിലേറ്റപ്പെടാനോ അനുവദിച്ചില്ല എന്നതാണ്. ഗമർത്ഥമായി തന്നെയും തന്റെ കുടുംബത്തെയും അനുയായികളേയുമദ്ദേഹം പ്രതിരോധിക്കുകയും തന്റെ ശത്രുക്കളെ ആത്യന്തികമായി ജയിച്ചടക്കുകയും ചെയ്തു. മുഹമ്മദ്(ﷺ)ന്റെ വിജയം കൃസ്തീയരുടെ നിരാശയിൽ നിന്നുണ്ടായ തീരാപ്പകക്കു കാരണമായി. അദ്ദേഹം മറ്റുള്ളവരുടെ പാപങ്ങൾക്കു ബദലായി ചെയ്യുന്ന ത്യാഗത്തിലൊന്നും വിശ്വസിച്ചില്ല. അദ്ദേഹം നൈസർഗ്ഗികമായി വിശ്വസിക്കുകയും പ്രവൃത്തിക്കുകയും ചെയ്തു. പ്രകൃത്യാനുസൃതമായ സ്ഥിതിയിൽ ഓരോ മനുഷ്യന്നും അവന്റെ ശരീരവും സ്വത്തും പ്രതിരോധിക്കാനുള്ള അവകാശമുണ്ട്. ന്യായമായ തോതിലു

ള്ള പരിഹാരത്തിനും പ്രതികാരത്തിനുമായി യുദ്ധക്രിയകൾ വ്യാപിപ്പിക്കാനും.'' എന്ന് പ്രഗത്ഭ ചരിത്രകാരനായ ഗിബ്ബൺ അദ്ദേഹത്തിന്റെ (റോമൻ സാമ്രാജ്യത്തിന്റെ അധോഗതിയും പതനവും) എന്ന കൃതിയിലൂടെ പറയുന്നു. അജ്ഞതയുടെയും അധർമ്മത്തിന്റെയും ശക്തികൾക്കെതിരേയുള്ള അദ്ദേഹത്തിന്റെ പോരാട്ടവും വിജയവും എൻസൈക്ലോപിഡിയ ബ്രിട്ടാനിക്കായുടെ എഡിറ്റർമാരെ മുഹമ്മദ്(ﷺ)നെ എല്ലാ മത നേതാക്കളിലും വെച്ച് ഏറ്റവും വിജയം കൈവരിച്ച വ്യക്തി എന്ന് ഘോഷിക്കാൻ ഹേതുവാക്കി.

അദ്ദേഹം ജനങ്ങളുടെ തൊണ്ടയിലേക്ക് ഇസ്ലാമിനെ കുത്തിയിറക്കി എന്നും വാൾമുന കൊണ്ടാണ് തന്റെ മതം പ്രചരിപ്പിച്ചത് എന്നും കുറ്റപ്പെടുത്താനല്ലാതെ മുഹമ്മദ്(ﷺ)നേടിയെടുത്ത ആശ്ചര്യകരമായ നേട്ടങ്ങളെ ഇസ്ലാമിന്റെ ശത്രുക്കൾക്ക് എങ്ങിനെയാണ് വിശദീകരിക്കാൻ കഴിയുക ?

6– ''എങ്കിലും ചരിത്രം സ്പഷ്ടമാക്കുന്നത് മതഭ്രാന്തരായ മുസ്ലിംകൾ ലോകമൊട്ടാകെ ജൈത്രയാത്രനടത്തി കീഴടക്കിയ മനുഷ്യവർഗ്ഗങ്ങളുടെ

മേൽ ഇസ്ലാമിനെ വാൾ മുനയാൽ കുത്തിയിറക്കിയെന്ന ഐതിഹ്യം ചരിത്രകാരൻമാർ ആവർത്തിച്ചു പ്രചരിപ്പിച്ച ഹീനമായ കാൽപനിക കഥ എന്നാണ്.''

ISLAM AT THE CROSS ROADS, PAGE-8
LONDON ,1923

മുസ്ലിംകൾ സ്പെയിൻ 736 വർഷങ്ങൾ ഭരിച്ചു എന്നറിയാൻ നിങ്ങൾ ലിയറിയെ പോലൊരു ചരിത്രകാരനാകണമെന്നില്ല. കൃസ്ത്യാനികൾ മുസ്ലിംകളെ ഏറ്റവും കൂടുതൽ കാലം ഭരിച്ചത് അഞ്ഞൂറു വർഷങ്ങലധികം മൊസാംബിഖ്ൽ ആയിരുന്നു. അവർക്കു ശരിയായി മൊഴിയാൻ കഴിയാത്ത മൂസ ബിൻ ബൈഖ് എന്ന് പേരുള്ള ഒരു അറബ് ഗവർണറിൽ നിന്നും പിടിച്ചെടുത്തത് കാരണം ആ നാടിന്റെ പേര് മൊസാംബിഖ് എന്നാക്കി. ഇന്നും അഞ്ചു നൂറ്റാണ്ടുകളുടെ അധീശത്വത്തിന് ശേഷം പോലും ആ രാജ്യത്ത് അറുപത് ശതമാനം മുസ്ലിംകളാണ്.

എന്നാൽ സ്പെയിനിൽ എട്ടു നൂറ്റാണ്ടുകളുടെ ഭരണത്തിനു ശേഷം ബാങ്കു വിളിക്കാൻ (മുസ്ലിംകളുടെ പ്രാർത്ഥനാ സംബോധനം) ഒരു മനു

ഷ്യൻ പോലും അവശേഷിക്കാത്ത വിധത്തിൽ മുസ്ലിംകളെ നിശ്ശേഷം ഉൻമൂലനം ചെയ്യപ്പെട്ടു. മുസ്ലിംകൾ സൈനികമോ സാമ്പത്തികമോ ആയ ശക്തികളുപയോഗിച്ചു ബലം പ്രയോഗിച്ചിരുന്നെങ്കിൽ സ്പെയിനിൽ നിന്നും അവരെ പുറം തള്ളാൻ അവിടെ ഒരു കൃസ്തീയൻ പോലും അവശേഷിക്കുമായിരുന്നില്ല. നിങ്ങൾക്കു വേണമെങ്കിൽ മുസ്ലിമിനെ ചൂഷണം ചെയ്തവൻ എന്നു കുറ്റപ്പെടുത്താമെങ്കിലും സ്പെയിൻകാരെ ഇസ്ലാം മതത്തിലേക്കു പരിവർത്തനം ചെയ്യാൻ വാളുപയോഗിച്ചു എന്നാരോപിക്കാൻ മാത്രം കഴിയില്ല.

ഇന്ന് ഇസ്ലാം ലോകവ്യാപകമായി പ്രചരിച്ചുകൊണ്ടിരിക്കുകയാണ്. മുസ്ലിംകളുടെ കൈയ്യിൽ വാളാണെങ്കിലോ ഇല്ല താനും. മുസ്ലിംകൾ ആയിരത്തോളം വർഷങ്ങൾ ഇന്ത്യയുടെ യജമാനൻമാരായിരുന്നു. പക്ഷെ,അന്തിമമായി 1947ൽ ഈ ഉപഭുഖണ്ഡത്തിനു സ്വാതന്ത്ര്യം ലഭിച്ചപ്പോൾ മുസ്ലിംകൾ വെറും ന്യൂനപക്ഷമായിരുന്നു. എന്തു കൊണ്ട്? മുസ്ലിംകൾ ഹിന്ദുക്കളുടെ തൊണ്ടയിലേക്ക് ഇസ്ലാമിനെ ബലം പ്രയോഗിച്ചിറക്കാത്തതു കൊണ്ടാണ്. ഇന്ത്യയിലും സ്പെയിനിലും മുസ്ലിംകൾ

സദാചാരത്തിന്റെ അതുല്യ മാതൃകകളൊന്നുമാ യിരുന്നില്ലെങ്കിലും അവർ ഖുർആനിക നിരോധന ഉത്തരവ് അക്ഷരാർത്ഥത്തിൽ അനുസരിച്ചു.

لاَ إِكْرَاهَ فِي الدِّينِ قَد تَّبَيَّنَ الرُّشْدُ مِنَ الْغَيِّ (البقرة : ٢٥٦)

(മതത്തിൽ യാതൊരു നിർബന്ധവുമില്ല[10],സത്യം അസത്യത്തിൽ നിന്നും വേർതിരിഞ്ഞു വ്യക്തമാ യിട്ടുണ്ട്.) വിശുദ്ധ ഖുർആൻ 2:256

ഈ കൽപനയിൽ നിന്നും മുസ്ലിം ജേതാക്കൾ 'നിർബന്ധ മത പരിവർത്തനം' സത്യമതവുമായി പൊരുത്തപ്പെടാത്തതാണെന്നു മനസ്സിലാക്കി. കാരണം :

**a-**മതം വിശ്വാസത്തിലും ദൃഢനിശ്ചയത്തിലുമധി ഷ്ഠിതമാണ്. അവ ശക്തിയുപയോഗിച്ചു പ്രലോഭി പ്പിച്ചാൽ നിഷ്പ്രയോജകമായിരിക്കും.ബലപ്രയോ ഗം കൊണ്ട് കീഴടക്കാൻ സാധിക്കുമെങ്കിലും പരി വർത്തനം സാധ്യമല്ല.

**b**–സൗമനസ്കനായ ഏതൊരു മനുഷ്യന്റെ മന സ്സിലും മതത്തിന്റെ മൗലിക തത്വങ്ങളെ കുറിച്ചു

[10] മതത്തിൽ വിശ്വസിക്കുന്നതിന് ആരെയും നിർബന്ധിക്കാവതല്ല.

സംശയമുണ്ടാവാത്ത വിധം ദൈവകാരുണ്യത്താൽ സത്യവും അസത്യവുംവ്യക്തമാക്കപ്പെട്ടതാണ്.

c–ദൈവത്തിന്റെ സംരക്ഷണം തുടരെയുള്ളതും അവന്റെ ഉദ്ദേശ്യം നമ്മെ എപ്പോഴും അന്ധകാരത്തിന്റെ ആഴിയിൽ നിന്നും അത്യുജ്ജ്വലമായ പ്രകാശത്തിലേക്കു നയിക്കുക എന്നതുമാണ്.

അവിടെയുമിവിടെയുമായി സാമാന്യവിരുദ്ധരായ ചിലരൊഴികെ മുസ്ലിംകൾ മുഴുവനും അവർ കീഴടക്കിയ രാജ്യങ്ങളിൽ ദൈവിക കൽപനയെ പൂർണ്ണമായും അനുസരിച്ചു. ഒരൊറ്റ മുസ്ലിം ഭടൻ പോലും കാലുകുത്താത്ത രാജ്യങ്ങളെക്കുറിച്ചു ശത്രുക്കൾക്കെന്തു പറയാനുണ്ട്.?

1–ഇന്തോനേഷ്യ നൂറു ദശലക്ഷം മുസ്ലിംകളാണെങ്കിലും ജേതാക്കളായ മുസ്ലിം സൈന്യം അതിലെ രണ്ടായിരം ദ്വീപുകളിലൊന്നിൽ പോലും കരയ്ക്കണഞ്ഞില്ല.

2–മലേഷ്യ–ഭൂരിപക്ഷം ജനങ്ങളും മുസ്ലിംകളാണെങ്കിലും അവിടെയും ഒരു മുസ്ലിം ഭടൻ പോലും എത്തിച്ചേർന്നിട്ടില്ല.

3–ആഫ്രിക്ക–താഴെ മൊസാംബിഖ് വരെ വ്യാപിച്ചു കിടക്കുന്ന ആഫ്രിക്കയുടെ കിഴക്കൻ തീര പ്രദേശത്തുള്ള ഭൂരിപക്ഷം നിവാസികളും മുസ്ലിംകളാണ്.പക്ഷേ ആക്രമണകാരികളായ മുസ്ലിം കൂട്ടങ്ങൾ അവിടെ പ്രവേശിച്ചിരുന്നു എന്നു ചരിത്രം രേഖപ്പെടുത്തുന്നില്ല. എന്തു വാൾ ? എവിടെ നിന്നുള്ള വാൾ ?മുസ്ലിം വ്യാപാരികളാണ് അത് സാധ്യമാക്കിത്തീർത്തത്. അവരുടെ സൽസ്വഭാവവും ധാർമ്മിക സത്യസന്ധതയുമാണ് പരിവർത്തനത്തിന്റെ അത്ഭുതങ്ങൾ സൃഷ്ടിച്ചത്.

‘‘നിങ്ങൾ പറയുന്നതെല്ലാം നിഷേധിക്കാനാവാത്തതാണ് മിസ്റ്റർ ദീദാത്ത്’’ കൃസ്ത്യൻ മിഷ്യനറി പ്രവർത്തകൻ വാദിച്ചേക്കാം. പക്ഷേ ഞങ്ങൾ പറയുന്നത് ഇസ്ലാമിന്റെ പ്രാരംഭഘട്ടത്തിൽ നിങ്ങളുടെ പ്രവാചകൻ പാഗൻമാരെ(വിഗ്രഹാരാധകരെ) അദ്ദേഹത്തിന്റെ മതത്തിലേക്ക് പരിവർത്തനം ചെയ്ത രീതിയെക്കുറിച്ചാണ്! അത് വാൾ കൊണ്ടല്ലാതെ മറ്റെന്തു കൊണ്ടാണദ്ദേഹത്തിനു സാധ്യമായത്?

**ഒരു വ്യക്തി എല്ലാവർക്കുമെതിരെയോ ?**

തോമസ് കാർലൈലിനെ തന്റെ ആരാധനാ പാത്രമായ പ്രവാചകനെതിരേയുള്ള വ്യാജാരോപണത്തെ പ്രതിരോധിക്കാനനുവദിക്കുക എന്നതിനേക്കാൾ കൂടുതൽ നല്ലതായി നമുക്കൊന്നും ചെയ്യാനില്ല.

7– ''അതെ, വാൾ തന്നെ,പക്ഷേ നിങ്ങൾക്ക് വാൾ എവിടെ നിന്ന് ലഭിക്കും ?ഏതു പുതിയ അഭിപ്രായവും അതിന്റെ പ്രാരംഭത്തിൽ ഒരു വ്യക്തി മാത്രമടങ്ങിയ ന്യൂനപക്ഷത്തിന്റേതാണ്.ഒരു മനുഷ്യന്റെ തലയിൽ മാത്രമത് തങ്ങുന്നു. മുഴുവൻ ലോകത്തെയും ഒരു മനുഷ്യൻ മാത്രം അതിൽ വിശ്വസിക്കുന്നു. ആ ഘട്ടത്തിൽ അദ്ദേഹമൊരു വാളെടുത്ത് എല്ലാവർക്കുമെതിരായി അതിനെ പ്രചരിപ്പിക്കാൻ ശ്രമിക്കുക എന്നാൽ അത് അദ്ദേഹത്തിന് നിന്ദ്യമായതായി ഭവിക്കും.നിങ്ങളാദ്യം നിങ്ങളുടെ വാൾ കൊണ്ടുവരിക മൊത്തത്തിൽ ഒരു സംഗതി അതിന്നു കഴിയുന്ന പോലെ പ്രചരിക്കുകയാണ് ചെയ്യുക,കൃസ്തീയ മതവും എല്ലായ്പ്പോഴും വാളിനെ പുച്ഛിക്കുന്നത് നമുക്ക് കാണാൻ സാധ്യമല്ല., ഒരിക്കൽ, അങ്ങിനെയൊരവസരം അതിന്ന് ലഭിച്ചപ്പോൾ സാക്സനീയരെ ചാൾമാഗ്നെ മത പ

രിവർത്തനം ചെയ്തത് ധാർമ്മികോദ്ബോധന ത്തിലൂടെയായിരുന്നില്ല.’’

(HEROES AND HERO WORSHIP –PAGE-80)

നാൽപതാമത്തെ വയസ്സിൽ ഉപരിലോകത്ത് നിന്നുള്ള അദ്ദേഹത്തിന്റെ ദൗത്യത്തെക്കുറിച്ചു മുഹമ്മദ്(ﷺ) പ്രഖ്യാപിച്ചപ്പോൾ അദ്ദേഹത്തിന്റേതായ രാഷ്ട്രീയപാർട്ടികളോ, രാജപദവിയോ, ഒരു ഗോത്രമോ ഒരു കുടുംബം പോലുമോ പിന്തുണക്കാനില്ലായിരുന്നു എന്നത് സുനിശ്ചിതമാണ്. അദ്ദേഹത്തിന്റെ ജനതയായ അറബികൾ,വിഗ്രഹാരാധനയിലും മന്ത്ര തന്ത്രാദികളിലും മുഴുകി ജീവിച്ചിരുന്നവരും ഒരു വിധത്തിലും ഇണങ്ങാത്തവരുമായിരുന്നു.അവർ അനായാസ ആഹാരം പോലായിരുന്നില്ല. തികച്ചും അസ്ഥിര ബുദ്ധിയുള്ള ജനങ്ങളായിരുന്നു. പരസ്പരവിനാശകവും ഭാതൃഹത്യാ പരവുമായ(സ്വന്തം സഹോദര സഹോദരിമാരെ വധിക്കുന്ന പ്രകൃതമുള്ളവർ) യുദ്ധത്തിലേർപ്പെട്ടവരുമായിരുന്നു. കാർലൈൽ സൂചിപ്പിച്ചത് പോലെ എല്ലാ തരത്തിലുള്ള ക്രൂര വാസനകളുമുള്ളവരുമായിരുന്നു. ഒരു മനുഷ്യൻ ഒറ്റയ്ക്ക് അത്തരമൊരു സമൂഹത്തെ അവരുടെ ദുർവാഞ്ചക

ളിൽ നിന്നും പിന്തിരിപ്പിക്കുന്നതിന്ന് ഒരു ദിവ്യാത്ഭുതമല്ലാതെ മറ്റൊന്നും ആവശ്യമില്ലായിരുന്നു. ഒരു ദിവ്യാത്ഭുതം സംഭവിക്കുക തന്നെ ചെയ്തു. ലോലവും ദുർബ്ബലവുമായ പിന്തുണക്കതീതമായി മുഹമ്മദ്(ﷺ)നെയും ഇസ്ലാമിനെയും വിജയിപ്പിക്കാൻ ദൈവത്തിനു മാത്രം സാധിക്കുമായിരുന്നുള്ളൂ. ദൈവം അവന്റെ വാഗ്ദാനം നിറവേറ്റി. (താങ്കളുടെ പ്രശസ്തി നാം ഉയർത്തിയില്ലേ.)

വിശുദ്ധ ഖുർആൻ 94 :4

## അദ്ധ്യായം – 3

## ഇന്ന് അതിശീഘ്രതയിൽ വളരുന്ന മതം

### ധിഷണ ശാലികളുടെ വാൾ

ശത്രുക്കളും നാസ്തികരും അവരുടെ പിണിയാളുകളും ഇസ്ലാം വാൾമുനയാൽ പ്രചരിച്ചു എന്നു പെരുമ്പറയടിക്കുന്നത് നിർത്തുകയില്ല. അവർ നമ്മുടെ ചോദ്യത്തിന്ന് മറുപടി തരാൻ തുനിയുകയുമില്ല.കാർലൈലിന് ആര്  കൈകൂലി നൽകി? 1840 ൽ കാർലൈൽ മുഹമ്മദ്(ﷺ)യെ പ്രതിരോധിച്ച്,വാൾ കൊണ്ട് എന്ന ആരോപണം അപ്രമാണീകരിച്ചപ്പോൾ ചുറ്റും കൈകൂലി നൽകാൻ ആരുമുണ്ടായിരുന്നില്ല. മുഴുവൻ മുസ്ലിം ലോകവും അന്ന് ഓവുകളിലായിരുന്നു.നാമമാത്ര സ്വതന്ത്രരായിരുന്നു. പേർഷ്യ,അഫ്ഗാനിസ്ഥാൻ,തുർക്കി,എന്നീ ചില രാജ്യങ്ങളൊഴികെ എല്ലാ ഇസ്ലാമിക രാജ്യങ്ങളും കൃസ്തീയരുടെ സ്വാധീനത്തിലായിരുന്നു. ആഢംബര പ്രദർശനത്തിനുള്ള സമ്പത്തോ കൈക്കൂലി കൊടുക്കാനുള്ള പെട്രോ ഡോളറോ അന്നവരുടെ കൈവശമുണ്ടായിരുന്നില്ല.

അത് ഇന്നലെകളിലായിരുന്നു. അനേകം ഇന്നലെകൾക്കു മുമ്പും. പക്ഷേ ഇന്നത്തെ സ്ഥിതി എന്ത്? ഈ ആധുനിക യുഗത്തിൽ? അടുത്ത പേജിലുള്ള ചാർട്ട് അവകാശപ്പെടുന്നത് ഇസ്ലാമാണ് ലോകത്തിലെ അത്യധികം ശീഘ്രതയിൽ വളരുന്ന മതം എന്നാണ്. അര നൂറ്റാണ്ടു കാലഘട്ടത്തിൽ ഒരേ സമയത്ത് കൃസ്തീയതയുടെ സർവ്വ പക്ഷങ്ങളുടെയും വിഭാഗങ്ങളുടെയും വളർച്ച 138 ശതമാനമായി അവിശ്വാസനീയമാം വിധം വർദ്ധിച്ചു. ബ്രിട്ടനിലും അമേരിക്കയിലും അതി ശീഘ്രത യിൽ വളരുന്ന മതം ഇസ്ലാമാണെന്ന് അത് ഉറപ്പിക്കുകയും ചെയ്യുന്നു. ബ്രിട്ടനിൽ രാജ്യത്ത് മെത്തോഡിസ്റ്റുകളോക്കാൾ[11] കൂടുതൽ മുസ്ലിംകളുണ്ട് എന്നാണ് പറയപ്പെടുന്നത്. എന്തുവാൾ(?) എന്ന് ചോദിക്കാൻ നിങ്ങൾക്കവകാശമുണ്ട്.ഉത്തരമിതാണ്.അതെ,വാൾ തന്നെ(തോമസ് കാർലൈൽ)[12] അത് ധിഷണശാലികളുടെ ഖഡ്ഗമാണ്. അത് മറ്റൊരു പ്രവചനത്തിന്റെ പൂർത്തീകരണവുമാണ്.

هُوَ الَّذِي أَرْسَلَ رَسُولَهُ بِالْهُدَى وَدِينِ الْحَقِّ لِيُظْهِرَهُ عَلَى الدِّينِ كُلِّهِ

[11] പ്രത്യേക സിദ്ധാന്തങ്ങളും ആരാധനക്രമവുമുള്ള പ്രൊട്ടസ്റ്റന്റ് കൃസ്ത്യാനി സഭയിൽ വിശ്വസിക്കുന്നവർ.

[12] പൂർണ്ണ ഉദ്ധരണി പേജ് 57 ൽ നോക്കുക.

وَكَفَى بِاللَّهِ شَهِيدًا} (الفتح : ٢٨)

(സന്മാർഗ്ഗവും സത്യവുമായി തന്റെ റസൂലിനെ നിയോഗിച്ചത് അവനാകുന്നു.അതിനെ സകലമത ങ്ങളുടേയുംമേൽ വിജയം സ്ഥാപിക്കാൻ വേണ്ടി, സാക്ഷിയായിട്ടു അല്ലാഹുതന്നെ മതി.)

വിശുദ്ധ ഖുർആൻ 48 : 28

ഇസ്ലാമിന്റെ ഭാഗധേയം ഏറ്റവും വ്യക്തമാ യി ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. ഇസ്ലാം എല്ലാ ഇതര വിശ്വാസങ്ങളെയും അത്യന്തമായി കീഴടക്കുക യും തരണം ചെയ്യുകയും പകരമാവുകയും ചെ യ്യും.

**സകല മതങ്ങളുടെയും (ദീൻ) മേൽ വിജയം സ്ഥാപിക്കാൻ.**

അറബിയിൽ 'ദീൻ' എന്ന പദത്തിന്റെ അർ ത്ഥം ജീവിതസരണി എന്നാണ്. ഈ ജീവിതസര ണി ഹിന്ദുയിസം, ബുദ്ധിസം, കൃസ്ത്യാനിസം, ജൂതായിസം, കമ്മ്യൂണിസം,അല്ലെങ്കിൽ മറ്റേതു ഇ സമാണെങ്കിലും പകരമാവും. അല്ലാഹുവിന്റെ ദീ നിന്റെ വിധി അതത്രെ. അതെ ഖുർആൻ വാക്യം

തന്നെ അദ്ധ്യായം 61–ൽ വാക്യം 9–ൽ ചെറിയ വ്യത്യാസത്തോടെ ആവർത്തിക്കുന്നു.

“ബഹുദൈവാരാധകർക്ക് അത്(ഇസ്ലാം)എത്ര അസഹ്യമായാലും ശരി”

## ഇസ്ലാമിന്റെ വിജയം

ഇസ്ലാം നിലനിൽക്കും. അത് ദൈവത്തിന്റെ വാഗ്ദാനമാണ്. പക്ഷേ, എങ്ങിനെ? വാൾ കൊണ്ടാണോ? ഞങ്ങളുടെ കൈയ്യിൽ ലേസർ ഗൺ (ലേസർ തോക്ക്) ഉണ്ടായാൽ പോലും നമുക്കത് ഉപയോഗിക്കൽ അനുവദനീയമാണോ? മതപരിവർത്തനത്തിനുള്ള ഒരുപാധിയായി ശക്തി പ്രയോഗിക്കുന്നതിൽ നിന്നും വിശുദ്ധ ഖുർആൻ ഞങ്ങളെ വിലക്കുന്നു. എങ്കിൽ പോലും ഈ വചനത്തിലൂടെ പ്രവചിക്കപ്പെടുന്നത് ഇസ്ലാം എല്ലാ ഇതര മതങ്ങളേക്കാളും അത്യധികം പ്രബലമായതായിത്തീരുമെന്നാണ്. അതിന്റെ സിദ്ധാന്തങ്ങളുടെ വിജയങ്ങൾ നേരത്തേ തന്നെ ആരംഭിക്കുകയും ലോകത്തെ വിവിധ പക്ഷക്കാരുടെ സിദ്ധാന്തങ്ങളുടെയും മതത്വത്തങ്ങളുടെയും മേൽ പ്രബല്യമാർജ്ജിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഇസ്ലാ

മിന്റെ പേരിലല്ലെങ്കിലും നവീകരണം,ഭേദഗതി എന്നീ പേരുകളിൽ വിവിധ മതനിയമങ്ങളിൽ ഇസ്ലാമിക സിദ്ധാന്തങ്ങൾ സ്ഥായിയായി,അവിഭാജ്യമാം വണ്ണം കൂട്ടി യോജിപ്പിക്കപ്പെടുകയാണ്. മുമ്പ് ഇതര മത വിശ്വാസങ്ങളാൽ പല്ലും നഖവുമുപയോഗിച്ചു എതിർക്കപ്പെട്ടവയും അവർക്ക് അജ്ഞാതമായിരുന്നവയുമായ ഇസ്ലാമിന്റേത് മാത്രമായ അനേകം കാര്യങ്ങൾ ഇന്ന് അവരുടെ വിശ്വാസത്തിന്റെ ഭാഗമാണ്.

മനുഷ്യരുടെ സാഹോദര്യം,ജാതിസമ്പ്രദായത്തിന്റെയും തൊട്ടുകൂടായ്മയുടെയും നിർമ്മാർജ്ജനം, സ്ത്രീകളുടെ അനന്തരാവകാശം,ആരാധനാലയങ്ങളിൽ എല്ലാവർക്കുമുള്ള പ്രവേശനം, എല്ലാ ലഹരി പദാർത്ഥങ്ങളുടെയും നിരോധനം, ദൈവീക ഏകതയുടെ ശരിയായ ധാരണ എന്നിവ അവയിൽ ചിലതാണ്.

മുന്നോട്ടു ഗമിക്കുന്നതിന്നു മുമ്പായി വിഷയ സൂചകമായി ഒരു കാര്യം കൂടി പറയട്ടെ. ഏതെങ്കിലും വാദിയോട് ചോദിക്കുക, ബഹുദേവതാവാദി(അനേകം ദൈവങ്ങളിൽ വിശ്വസിക്കുന്ന വ്യക്തി) വിശ്വ ദേവതാ വാദി (ഈശ്വരൻ എല്ലാറ്റി

ലുമുണ്ടെന്നും എല്ലാം ഈശ്വരനാണെന്നുമുള്ള സിദ്ധാന്തത്തിൽ വിശ്വസിക്കുന്ന വ്യക്തി) അല്ലെങ്കിൽ ത്രിയേകത്വവാദിയോട്,എത്ര ദൈവങ്ങളിൽ അവൻ വിശ്വസിക്കുന്നു എന്ന്? ഒന്ന് എന്നല്ലാതെ മറ്റെന്തെങ്കിലും പറയാൻ അവൻ വിറയ്ക്കും. ഇത് ഇസ്ലാമിന്റെ ശക്തമായ ഏക ദൈവസിദ്ധാന്തത്തിന്റെ ഫലമാണ്.

'മുഹമ്മദിന്റെ മതം അനിശ്ചിതത്വത്തിൽ നിന്നും സംശയങ്ങളിൽ നിന്നും മുക്തവും ഖുർആൻ ദൈവീക ഏകത്വത്തിന്റെ പരിശുദ്ധ പ്രമാണവുമാണ്.' (ഗിബ്ബൺ)

(DECLINE AND FALL OF THE ROMAN EMPIRE)

## അമുസ്ലിം പൗരസ്ത്യരുടെ അഭിപ്രായങ്ങൾ

മുഹമ്മദ്(ﷺ) വാൾമുനകൊണ്ടാണ് തന്റെ മതം പ്രചരിപ്പിച്ചതെന്ന വ്യാജ സിദ്ധാന്തത്തെ എതിർത്ത അദ്ദേഹത്തിന്റെ രക്ഷകരിൽ ഭൂരിപക്ഷവും പാശ്ചാത്യരായിരുന്നു. വിഷയത്തിൽ അമുസ്ലിം പൗരസ്ത്യർക്ക് പറയാനുള്ളതെന്താണെന്ന് നമുക്ക് നോക്കാം.

8–**a** ‘ഇസ്ലാമിനെക്കുറിച്ച് പഠിക്കുന്തോറും ഞാൻ കണ്ടെത്തുന്നത് അതിന്റെ ശക്തി, വാളിലല്ല നില കൊള്ളുന്നത് എന്നാണ്.’

**ആധുനിക ഇന്ത്യയുടെ പിതാവായ മഹാത്മാ ഗാന്ധി**
(Young India)

8–**b** ‘‘അവർ (മുഹമ്മദ്(ﷺ)ന്റെ വിമർശകർ) വെളിച്ചത്തിനു പകരം അഗ്നിയാണ് കാണുന്നത്. വിശുദ്ധിക്ക് പകരം വൈരൂപ്യവും, ഓരോ നല്ല ഗുണങ്ങളെയും അവർ വളച്ചൊടിക്കുകയും അതൊരു മഹാ ദുർവൃത്തിയായി അവതരിപ്പിക്കുകയും ചെയ്യുന്നു.വിമർശകർ അന്ധൻമാരാണ്. മുഹമ്മദ്(ﷺ) വീശിയ ഒരേ ഒരു വാൾ ദയയുടേതും കരുണയുടേതും സൗഹൃദത്തിന്റേതും മാപ്പുനൽകിലിന്റേതുമായിരുന്നു എന്നത് അവർ കാണുന്നില്ല. ശത്രുക്കളുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുന്നതും കീഴടക്കുന്നതുമായ വാൾ. അദ്ദേഹത്തിന്റെ വാൾ സ്റ്റീൽ കൊണ്ടുള്ള വാളിനേക്കാൾ മൂർച്ചയുള്ളതായിരുന്നു.

പണ്ഡിറ്റ് ഗ്യാനേന്ദ്രദേവ് ശർമ ശാസ്ത്രി
ഗോരഖ് പൂർ(ഇന്ത്യലെ ഒരു യോഗത്തിൽ 1928.)

8–C സ്വന്തം നാട്ടുകാരുമായി പൊരുതേണ്ടി വരുമെന്ന് കരുതി അദ്ദേഹം പാലായനത്തിന്റെ വഴി തെരഞ്ഞെടുത്തു, പക്ഷേ പീഡനങ്ങൾ ക്ഷമയുടെ പരിധി കടന്നപ്പോൾ സ്വയം പ്രതിരോധത്തിന്നായി അദ്ദേഹത്തിന്റെ വാളെടുത്തു. ബലപ്രയോഗത്തിലൂടെ മതം പ്രചരിപ്പിക്കാമെന്ന് കരുതുന്നവർ മതത്തിന്റെ സരണിയോ ലോകത്തിന്റെ സരണിയോ അറിയാത്ത വിഡ്ഢികളാണ്. അവർ സത്യത്തിൽ നിന്നും വളരെയധികം വിദൂരമായത് കൊണ്ടാണ് അവരുടെ വിശ്വാസത്തിൽ അഭിമാനം കൊള്ളുന്നത്.

ഒരു സിഖ് പത്ര പ്രവർത്തകൻ.
17, നവമ്പർ, 1947 ലെ നവൻ ഹിന്ദുസ്ഥാൻ ദിന പത്രത്തിൽ

റൂഡ് യാർഡ് കിപ്ലിംഗ് പറഞ്ഞത് ‘‘കിഴക്ക് കിഴക്കും പടിഞ്ഞാറ് പടിഞ്ഞാറുമാണ്. രണ്ടും ഒരിക്കലും സംഗമിക്കാത്തതും എന്നാണ്. അദ്ദേഹത്തിന് തെറ്റി.മുഹമ്മദ്(ﷺ)നെ ന്യായീകരിക്കുന്നതിൽ മുൻവിധികൊണ്ട് അന്ധരല്ലാത്ത എല്ലാവരും ഒരുമിക്കുന്നു.

**മൂന്ന് ഇതര മാനദണ്ഡങ്ങൾ**

തന്റെ ആരാധനപാത്രമായ പ്രവാചകനെക്കുറിച്ച് തോമസ് കാർലൈൽ പ്രഭാഷണം നടത്തി പതിനാലു വർഷങ്ങൾക്കു ശേഷം ലാമാർട്ടിൻ എന്ന ഫ്രെഞ്ചുകാരൻ തുർക്കികളുടെ ചരിത്രമെഴുതി. തുർക്കികൾ മുസ്ലിംകളായതു കൊണ്ടു സ്വഭാവികമായും ലാമാർട്ടിൻ ഇസ്ലാമിനെയും പ്രവാചകനെയും പരാമർശിക്കേണ്ടിവന്നു.ആധുനിക കാലഘട്ടത്തിൽ നേതൃത്വ മഹത്വത്തിന്ന് വസ്തുനിഷ്ഠമായ മൂന്നു മാനദണ്ഡങ്ങൾ നിശ്ചയിച്ച ജൂൽസ് മാസ്സെർമാനെ പോലെ (പേജ് 64 നോക്കുക) ഒരു നൂറ്റാണ്ട് മുമ്പ് ലാമാർട്ടിൻ മഹത്വംപ്രതിഷ്ഠിക്കുന്നതിന്നായി മൂന്ന് ഇതര മാനദണ്ഡങ്ങൾ കൊണ്ടളക്കുന്നതിനെക്കുറിച്ച് ചിന്തിച്ചു. ഇത്തരം ഉൾക്കാഴ്ചയ്ക്ക് നാം പാശ്ചാത്യരെ അഭിനന്ദിക്കേണ്ടിയിരിക്കുന്നു.

9– ‘‘ലക്ഷ്യത്തിന്റെ മഹത്വവും മാർഗ്ഗങ്ങളുടെ ലഘുത്വവും,സംഭ്രമിപ്പിക്കുന്ന സാഫല്യവുമാണ് മാനവ പ്രതിഭയുടെ മൂന്ന് അളവുകോലുകളെങ്കിൽ, ആധുനികചരിത്രത്തിലെ ഏതെങ്കിലുമൊരു മഹാനെ മുഹമ്മദുമായി താരതമ്യം ചെയ്യാൻ ആർക്കു ധൈര്യമുണ്ട് ?(ലാമാർട്ടിൻ തന്റെ അതിപ്രശസ്ത

സാഹിത്യകൃതിയുടെ ഒരു ഭാഗം ഈ വാക്കുകൾ കൊണ്ടവസാനിപ്പിക്കുന്നു.)...തത്വജ്ഞാനി,വാഗ്മി, ദൈവതൂദൻ,നിയമനിർമ്മാതാവ്,യോദ്ധാവ്, ആശയങ്ങളുടെ ജേതാവ്, യുക്തി പൂർവ്വകമായ വിശ്വാസങ്ങളുടെയും പ്രതി ബിംബങ്ങളില്ലാത്തൊരു ആരാധനാ സമ്പ്രദായത്തിന്റെയും പുനരുദ്ധാരകൻ, ഇരുപത് ഭൗതിക സാമ്രാജ്യങ്ങളുടെ ഒരു ആത്മീയ സാമ്രാജ്യത്തിന്റെയും സ്ഥാപകൻ. അതായിരുന്നു മുഹമ്മദ്. മാനവ മഹത്വം അളക്കാനുള്ള സർവ്വ മാനദണ്ഡങ്ങളും പരിഗണിച്ചാൽ പോലും നിശ്ചയമായും നമുക്കു ചോദിക്കാം. അദ്ദേഹത്തെക്കാൾ മഹാനായ മറ്റാരെങ്കിലുമുണ്ടോ'' ?

ലാമാർട്ടിൻ

(HISTORIE DELA TURQUIE PARIS 1854)

അദ്ദേഹത്തേക്കാൾ മഹാനായ മറ്റാരെങ്കിലുമുണ്ടോ? എന്നതിന്റെ ഉത്തരം അദ്ദേഹത്തിന്റെ ചോദ്യത്തിൽ തന്നെ അടങ്ങിയിരിക്കുന്നു.അദ്ദേഹത്തിന്റെ വിവക്ഷ... മുഹമ്മദിനേക്കാൾ മഹാനായ ഒരു മനുഷ്യനുമില്ല. എല്ലാ കാലഘട്ടങ്ങളിലെയും ജീവിച്ചിരുന്ന മനുഷ്യരിലേറ്റവും മഹോന്നതൻ മുഹമ്മദാണ്.

(നാം താങ്കളുടെ യശസ്സുയർത്തിയില്ലേ?)

വിശുദ്ധഖുർആൻ 94-4

എന്റെ നാഥാ, തീർച്ചയായും ഉണ്ട്.

ലാമാർട്ടിൻ എന്തെങ്കിലും പക്ഷപാതിത്വമോ, പക്ഷ ഭേദമോ കാണിച്ചു, അല്ലെങ്കിൽ കൈകൂലി സ്വീകരിച്ചു എന്നീ അപരാധങ്ങളിൽ നിന്ന് മുക്ത മാക്കുന്നതിനു മുമ്പായി അദ്ദേഹത്തിന്റെ മൂന്നു മാനദണ്ഡങ്ങളും മുഹമ്മദ്(ﷺ)യുടെ വിഷയത്തി ൽ ന്യായീകൃതതമാണോ എന്നു സൂക്ഷ്മപരി ശോധന നടത്താം.

## <u>ഒന്ന് -ലക്ഷ്യത്തിന്റെ മഹത്വം</u>

മുഹമ്മദ്(ﷺ)യോടു അദ്ദേഹത്തിന്റെ ദൗത്യം പ്രഖ്യാപിക്കാൻ കൽപിക്കപ്പെട്ടപ്പോൾ അത് മാന വ ചരിത്രത്തിലെ ഏറ്റവും ഇരുളടഞ്ഞ ഘട്ടത്തി ലായിരുന്നു എന്ന് കാലത്തിന്റെ ചരിത്രം നമ്മോ ടു പറയുന്നു. ലോകത്തിന്റെ ഓരോ കോണിലും പ്രവാചകന്മാരെ ഉയർത്തുക അല്ലെങ്കിൽ അഖില മാനവതയിലേക്കുമായി ഒരു ശ്രേഷ്ഠ പ്രവാചക നെ നിയോഗിക്കുക എന്നതായിരുന്നു അന്നത്തെ ആവശ്യകത. അവരെ കാപട്യത്തിൽ നിന്നും അ

ന്ധവിശ്വാസങ്ങളിൽ നിന്നും സ്വാർത്ഥതയിൽ നിന്നും വിഗ്രഹാരാധനയിൽ നിന്നും അനീതിയിൽ നിന്നും പീഡനത്തിൽ നിന്നും മോചിപ്പിക്കാനും സമസ്ഥ മാനവതെയും സൻമാർഗ്ഗത്തിലേക്കു നയിക്കാനുമായിരുന്നു അത്.അങ്ങിനെ സർവ്വശക്തനായ ദൈവം അവന്റെ വിവേക ദൃഷ്ട്യാ അറേബ്യൻ ജലാശയങ്ങളിൽ നിന്നും പ്രാവാചകൻ മുഹമ്മദ്(ﷺ)യെ വിശ്വദൂതനായി തെരഞ്ഞെടുത്തു. അവന്റെ വിശുദ്ധഗ്രന്ഥത്തിൽ അവൻ രേഖപ്പെടുത്തുന്നു.

وَمَا أَرْسَلْنَاكَ إِلَّا رَحْمَةً لِّلْعَالَمِينَ (الأنبياء : ١٠٧)

(സർവ്വ ലോകത്തിനും അനുഗ്രഹമായിട്ടല്ലാതെ നാം താങ്കളെ നിയോഗിച്ചിട്ടില്ല.)

വിശുദ്ധ ഖുർആൻ 21:107

രാഷ്ട്രത്തിന്റേതെന്നോ വംശത്തിന്റേതെന്നോ പ്രശ്നമുദിക്കുന്നില്ല.തെരഞ്ഞെടുക്കപ്പെട്ട ജനതക്ക് വേണ്ടി, അബ്രഹാമിന്റെ സന്തതികൾക്ക്, ദാവീദിന്റെ സന്തതികൾക്ക് അല്ലെങ്കിൽ ഹിന്ദു ആര്യവാർത്തയുടേത് മാത്രമായല്ല, ജൂതരിലേക്ക് അല്ലെങ്കിൽ അന്യമതസ്ഥരിലേക്ക് മാത്രമല്ല, അറേബ്യർക്കോ, പേർഷ്യരിലേക്കോ അല്ല, തുർക്കിക്ക്

അല്ലെങ്കിൽ താജിക്കിന് വേണ്ടിയല്ല, യുറോപ്യൻ അല്ലെങ്കിൽ ഏഷ്യൻ വംശജന് വേണ്ടിയല്ല,വെളുത്തവന് അല്ലെങ്കിൽ സങ്കരവർണ്ണർക്ക് ആര്യന്, സെമിറ്റികിന്,മംഗോളിയന് അല്ലെങ്കിൽ ആഫ്രിക്കക്കാരന്,അമേരിക്കക്കാരന്,ആസ്ട്രേലിയക്കാരന് അല്ലെങ്കിൽ പോളിനേഷ്യന് വേണ്ടി എന്നില്ല.. അൽപമെങ്കിലും ആത്മീയ ഉത്തരവാദിത്വമുള്ള മുഴുവൻ മനുഷ്യർക്കും സൃഷ്ടികൾക്കും,ഇസ്ലാമിക തത്ത്വങ്ങൾ സാർവത്രികമായും പ്രയുക്തമാണ്.

അബ്ദുല്ലാഹ് യൂസ്ഫ് അലി

## യേശു(ﷺ)വിവേചനം കാട്ടുന്നു ???.

മുഹമ്മദ്(ﷺ)ന്റെ തൊട്ടടുത്ത മുൻഗാമി തന്റെ ശിഷ്യൻമാരോടു ഉപദേശിച്ചു. വിശുദ്ധമായത് നായ്ക്കൾക്കു കൊടുക്കരുത്. (ജൂതരല്ലാത്തവർക്ക് എന്നർത്ഥം)നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ ഇടുകയുമരുത്. (ജൂതരല്ലാത്തവരുടെ എന്നർത്ഥം) മത്തായി 7–6

സുവിശേഷ കർത്താക്കൾ ഐക്യകണ്ഠേനെ രേഖപ്പെടുത്തുന്നത് കൃസ്തു താൻ പ്രബോധനം ചെയ്ത ധർമ്മോപദേശങ്ങൾക്കനുസൃതമായി

ജീവിച്ചു എന്നാണ്.അദ്ദേഹത്തിന്റെ ജീവിത കാലത്ത് ജൂതനല്ലാത്ത ഒരു വ്യക്തിയോടുമദ്ദേഹം പ്രബോധനം ചെയ്തിട്ടില്ല. അദ്ദേഹത്തിന്റെ ആത്മീയാനുഗ്രഹത്തിനായി സമീപിച്ച വിഗ്രഹാരാധകയായ ഒരു സ്ത്രീയെ പോലും തിരസ്കരിച്ചു എന്നതാണ് വസ്തുത.(അവൾ സുറഫായിക്യ ജാതിയിലുള്ള ഒരു യവന സ്ത്രീയായിരുന്നു. മാർക്കോസ് : 7–26)

ജെറുസലമിലെ ജൂതരുടെ പെരുന്നാൾ വേളയിൽ യേശു തന്റെ ശിഷ്യരോടൊന്നിച്ച് സമ്മേളിച്ച സന്ദർഭത്തിൽ അദ്ദേഹത്തിന്റെ ഖ്യാതി കേട്ടറിഞ്ഞ ചില ഗ്രീസുകാർ അദ്ദേഹവുമായി കൂടികാഴ്ച നടത്തി ആത്മീയ പരിജ്ഞാനം നേടാൻ സമ്മതം ചോദിച്ചു. അപ്പോൾ യേശു അവരെ അവഗണിച്ചു കൊണ്ട് കാണാൻ വിസമ്മതിച്ചു. അദ്ദേഹം അവരോടു സ്നേഹ ശൂന്യമായും അപമാനകരമായും പെരുമാറി. വിശുദ്ധനായ യോഹന്നാൻ ഉദ്ധരിക്കുന്നു.

‘പെരുന്നാളിൽ നമസ്ക്കരിപ്പാൻ വന്നവരിൽ ചില യവനൻമാർ ഉണ്ടായിരുന്നു. ഇവർ ഗലീലയിലെ ബേത്ത്സയിദക്കാരനായ ഫിലിപ്പോസിന്റെ

അടുക്കൽ ചെന്നു.. അവനോടു യജമാനനേ, ഞങ്ങൾക്ക് യേശുവിനെ കാൺമാൻ താൽപര്യമുണ്ട് എന്ന് അപേക്ഷിച്ചു. ഫിലിപ്പോസ് ചെന്നു അന്ത്രെയാസിനോടു പറഞ്ഞു.അന്ത്രെയാസും ഫിലിപ്പോസും കൂടെ ചെന്നു യേശുവിനോടു പറഞ്ഞു.)

വിശുദ്ധ ബൈബിൾ - യോഹന്നാൻ 12-20-22

## സ്വയം വാഴ്ത്തൽ

തുടർന്നുള്ള ബൈബിൾ വാക്യങ്ങളിൽ ''അതെ,അതെ, അല്ലെങ്കിൽ അല്ല,അല്ല'' (മത്തായി 5-37) എന്ന വാക്യത്തിലേതുപോലെ ദാക്ഷിണ്യ ശീലമൊന്നും രേഖപ്പെടുത്തുന്നില്ല.സ്വയം പുകഴ്ത്തലിലൂടെ അതു തുടരുന്നു.യേശു അവരോടു ഉത്തരം പറഞ്ഞു.(അന്ത്രെയാസിനോടും ഫിലിപ്പോസിനോടും) ''മനുഷ്യപുത്രൻ (സ്വന്തത്തെ സൂചിപ്പിച്ചു കൊണ്ട്) തേജസ്ക്കരിക്കപ്പെടാനുള്ള നാഴിക വന്നിരിക്കുന്നു.

വിശുദ്ധ ബൈബിൾ - യോഹന്നാൻ 12:23

## ശ്രേഷ്ഠമായ മാനദണ്ഡങ്ങൾ

പ്രവാചകൻ മുഹമ്മദ്(ﷺ) അതുപോലൊരു വ്യാപ്തി നിർണ്ണയിക്കാനൊരിക്കലും കഴിയുമായി

രുന്നില്ല. സർവ്വശക്തൻ അദ്ദേഹത്തിൽ നിർബന്ധമായും ഉണ്ടായിരിക്കേണ്ട സാമൂഹിക പെരുമാറ്റ രീതികളെക്കുറിച്ച് ഉദ്ബോധിപ്പിച്ചു. ഒരു അന്ധ മനുഷ്യന്റെ അസമയത്തുള്ള ഇടപെടൽമൂലം പരുഷമായി പെരുമാറാനുള്ള ചിന്തയുണ്ടായത് പോലും അദ്ദേഹത്തിൽ നിന്നും സ്വീകരിക്കപ്പെട്ടില്ല (പേജ് 44 നോക്കുക നീരസം പ്രകടിപ്പിച്ച സന്ദർഭം)വിശ്വമഖിലത്തിന്റെയും പ്രവാചകൻ എന്ന നിലയിൽ ദൈവം അദ്ദേഹത്തിന് ഉത്തുംഗമായ പദവി സിദ്ധയിച്ചു.

(തീർച്ചയായും താങ്കൾ മഹത്തായ സ്വഭാവമുള്ളവനാകുന്നു.) വിശുദ്ധ ഖുർആൻ 68-4

അദ്ദേഹത്തിന്റെ രൂപത അഥവാ ദൗത്യത്തിന്റെ കർമ്മമേഖല സമസ്ത മനുഷ്യവർഗ്ഗവുമായിരുന്നു.

(സർവ്വ ലോകത്തിനും അനുഗ്രഹമായിട്ടല്ലാതെ നാം താങ്കളെ നിയോഗിച്ചിട്ടില്ല.) വിശുദ്ധ ഖുർആൻ 21-107

## സാർവ്വ ലൗകിക സന്ദേശവാഹകൻ

ഇവയെല്ലാം വെറും ഭോഷത്തമായി പറയുന്നതല്ല. പ്രവൃത്തിപഥത്തിൽ കാണാത്ത ഭാവുക

ത്വം നിറഞ്ഞ ഭംഗിവാക്കുകളുമല്ല.മുഹമ്മദ്(ﷺ) പ്രബോധനം ചെയ്തത് പ്രാവർത്തികമാക്കി. അദ്ദേഹത്തിന്റെ പ്രഥമ പരിവർത്തിതരിലും അനുയായികളിലും അറബികൾ മാത്രമല്ല അബിസ്സിനിയക്കാരനായ ബിലാലും പേർഷ്യക്കാരനായ സൽമാനും ജൂതനായ അബ്ദുല്ലാഹ് ബിൻ സലാമും ഉൾപ്പെടുന്നു. നാസ്തികർ ഇസ്ലാമിന്റെ പ്രചരണാർത്ഥം അന്യ ദേശങ്ങളുമായദ്ദേഹം ബന്ധപ്പെട്ടത്. യാദൃച്ഛീകമാണെന്ന് പറഞ്ഞേക്കാം. മരണത്തിനു മുമ്പായി ചുറ്റുമുള്ള അഞ്ചു നാടുകളിലേക്ക് ഇസ്ലാം മതം സ്വീകരിക്കാൻ ക്ഷണിച്ചു കൊണ്ടദ്ദേഹം ഓരോ കത്തുവീതമയച്ച ചരിത്ര വസ്തുതയെക്കുറിച്ച് അവർക്കെന്തു പറയാനുണ്ട്.?

1–പേർഷ്യൻ ചക്രവർത്തി.
2–ഈജിപ്തിലെ രാജാവ്.
3–അബിസ്സീനിയയിലെ നെഗസ്.
4–കോൻസ്റ്റാൻടിനോപ്പലിലെ ചക്രവർത്തി ഹിറാക്ലിയസ്സ്.
5–യെമനിലെ രാജാവ് എന്നിവർക്ക്.

അങ്ങിനെ തന്റെ പ്രേരിത ദൗത്യം നിറവേറ്റുന്നതിലദ്ദേഹം മാതൃക സൃഷ്ടിച്ചു. യജമാനന്റെ

ആട്ടിൻ തൊഴുത്തിലേക്കെന്നപോലെ സമസ്ത മാനവതയേയും സൻമാർഗ്ഗത്തിലേക്ക് നയിച്ചതാണ് അദ്ദേഹത്തിന്റെ ഉദ്ദേശ്യമഹത്വം. ഇതര മതങ്ങളിൽ അത്തരമൊരു സാർവജനീനതക്ക് മാതൃകയുണ്ടോ ? മുഹമ്മദ്(ﷺ) ഏതെങ്കിലും റിക്കാർഡുകൾ ഭേദിക്കാൻ വേണ്ടി പുറപ്പെട്ടതല്ല. സൃഷ്ടിയുടെ നാഥൻ അദ്ദേഹത്തിൽ സംവേശിപ്പിച്ച ഉത്തരവാദിത്വം നിർവ്വഹിക്കുക മാത്രമാണദ്ദേഹം ചെയ്തത്.

## രണ്ട്– മാർഗ്ഗങ്ങളുടെ ലഘുത്വം

മുഹമ്മദ്(ﷺ) വായിൽ വെള്ളിക്കരണ്ടിയുമായി ജനിച്ചതല്ല. അതി ലഘുവായ ആശ്രിതത്വമാണ് അദ്ദേഹത്തിന്റെ ജീവിതാരംഭത്തിൽ തന്നെ ലഭിച്ചത്.ജനിക്കുന്നതിന് മുമ്പ് തന്നെ പിതാവും ആറാം വയസ്സിൽ മാതാവും മരണപ്പെട്ടു. പൂർണ്ണ അനാഥനാകേണ്ടി വന്ന ഈ എളിയ പ്രായത്തിൽ പിതാമഹൻ അബ്ദുൽമുത്തലിബ് കുട്ടിയുടെ സംരക്ഷണമേറ്റെടുത്തു. മൂന്ന് വർഷങ്ങൾ കൊണ്ടദ്ദേഹവും മരണപ്പെട്ടു. ബാലനായിരിക്കുമ്പോൾ തന്നെ ജീവായോധനത്തിനായി അമ്മാവൻ അബൂ

ത്വാലിബിന്റെ ആടുകളെ മേക്കുന്ന ജോലി ചെയ്യേണ്ടി വന്നു. പരിപൂർണ്ണമായും അനാഥനായ ഈ അറബി ബാലനെ തനിക്കു മുൻഗാമികളായി വന്ന മതാചാര്യൻമാരുമായി താരതമ്യം ചെയ്യുമ്പോൾ പിൽക്കാല സംഭവങ്ങൾ നമ്മെ അത്ഭുതപ്പെടുത്തും.

മൂസ(ﷺ)യുടെയും ഈസ(ﷺ)വിന്റെയും മുഹമ്മദ്(ﷺ)ന്റെയും ആത്മീയ പിതാവായ ഇബ്രാഹിം(ﷺ) തന്റെ കാലഘട്ടത്തിലെ ഏറ്റവും സമ്പന്നനായ ഒരു വ്യാപാരിയുടെ മകനായിരുന്നു. മൂസ (ﷺ) വളർന്നത് ഫറൊവയുടെ കൊട്ടാരത്തിലായിരുന്നു. മരാശാരി എന്നും മരാശാരിയുടെ മകനെന്നും വിശേഷിപ്പിക്കപ്പെട്ട യേശു(ﷺ) ഭൗതിക സുഖ സൗകര്യങ്ങളാലും വിദ്യാഭ്യാസത്താലും അനുഗ്രഹീതനായിരുന്നു. പീറ്ററും ഫിലിപ്പോസും ആന്ത്രെയേസുമെല്ലാം അദ്ദേഹത്തിന്റെ ആജ്ഞാനുവർത്തികളായത് അദ്ദേഹത്തിന്റെ തലക്കുമുകളിൽ പ്രകാശ വളയം (HALO) ഉണ്ടായത് കൊണ്ടല്ല. അങ്ങിനെയൊരു സംഭവം ഉണ്ടായിട്ടേ ഇല്ല. അദ്ദേഹത്തിന്റെ വിലപിടിപ്പുള്ള ഉടയാടകളും രാജകീ

യ ഭാവവും മൂലമായിരുന്നു. ഏറ്റവും തിരക്കുള്ള ഉത്സവകാലത്ത് പോലും അദ്ദേഹത്തിനും അനുയായികൾക്കും ആവശ്യമായ ജറൂസലേമിലെ മന്ദിരങ്ങൾ അദ്ദേഹത്തിന്റെ നിയന്ത്രത്തിലായിരുന്നു. അവിടെ വിഭവ സമൃദ്ധമായ സദ്യയൊരുക്കി ഭൗതികവാദികളായ ജൂതരെ അദ്ദേഹമധിക്ഷേപിക്കുന്നത് നിങ്ങൾക്കു കേൾക്കാൻ കഴിയുമായിരുന്നു.

‘‘കടലിനക്കരെ അവനെ കണ്ടെത്തിയപ്പോൾ, റബ്ബീ നീ എപ്പോൾ ഇവിടെ വന്നു എന്ന് ചോദിച്ചു. അതിനു യേശു. ആമേൻ,ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങൾ അടയാളം കണ്ടതു കൊണ്ടല്ല,അപ്പം തിന്നു തൃപ്തരായതുകൊണ്ടത്രേ എന്നെ അന്വോഷിക്കുന്നത്.)’’

വിശുദ്ധ ബൈബിൾ - യോഹന്നാൻ 6–25,26

<u>**സമ്മാനിക്കാനൊന്നുമില്ല.**</u>

ചെളിപുരണ്ട പാവപ്പെട്ട ആട്ടിടയൻമാരായ അനുയായികൾക്കു നൽകാൻ മുഹമ്മദ്(ﷺ)ന്റെ കൈയ്യിൽ റൊട്ടിയോ ഇറച്ചിയോ മധുരവിഭവങ്ങളോ ഉണ്ടായിരുന്നില്ല. അവർക്കായി അദ്ദേഹത്തിനു നൽകാൻ കഴിഞ്ഞത് ഈ ലോകത്ത് പരീക്ഷ

ണങ്ങളും ക്ലേശങ്ങളും കർശനമായ നിയന്ത്രണന ടപടികളും പരലോകത്ത് അല്ലാഹുവിൽ നിന്നു ള്ള സമൃദ്ധമായ സുഖാനുഭൂതികളുമായിരുന്നു. അവർക്കു മുമ്പിൽ പ്രവാചകന്റെ ജീവിതം ഒരു തുറന്ന പുസ്തകമായിരുന്നു. അദ്ദേഹമെന്താണെ ന്നത് അവർക്കു തെളിയിച്ചു കൊടുത്തു. അദ്ദേഹ ത്തിന്റെ ഉദ്ദേശ ശുദ്ധിയും സ്വഭാവ മഹാത്മ്യവും പ്രബോധനം ചെയ്യുന്ന സത്യത്തിനു വേണ്ടിയു ള്ള ഉജ്ജ്വലമായ ആവേശവും വ്യഗ്രതയും അവ രുടെ ആരാധനാപാത്രത്തിന്റെ സത്യസ്ഥിതി പ്രക ടമാക്കി. അവരദ്ദേഹത്തിന്റെ അനുയായികളായി.

മിസ്റ്റർ സ്റ്റാൻലിലേൻ പൂൽ നമ്മുടെ കഥാ നായകനിൽ നടത്തിയ മൂല്യനിർണ്ണയം അതിസു ന്ദരവും സത്യസന്ധവുമായത് കൊണ്ട് അതിവി ടെ ഉദ്ധരിക്കാനുള്ള ത്വരയെ എനിക്കു തടഞ്ഞുനി ർത്താനാവില്ല.

അത്യുൽസാഹം ഭൂമിയിലെ ഉപ്പായിത്തീർന്ന് മനുഷ്യരുടെ ജീവിതാന്ത്യം വരെ അവരെ നശി ക്കുന്നതിൽ നിന്നും രക്ഷിക്കുന്ന ഒരു വസ്തുവാ യി പരിണമിക്കുമ്പോൾ ശരിയായ അർത്ഥത്തിൽ തന്നെ അദ്ദേഹം അത്യുൽസാഹി ആയിരുന്നു. അ

ത്യുൽസാഹത്തെ പലപ്പോഴും ദ്വേഷത്തോടെ ഉപ യോഗപ്പെടുത്തുന്നവരുണ്ട്. അനർഹമായ കാര്യ ങ്ങളുമായതിനെ ബന്ധിപ്പിച്ചാൽ അഥവാ തരിശു നിലത്തിൻമേൽ അതു വീണാൽ അതിൽ ഫലങ്ങ ളുണ്ടാകുന്നില്ല. അതായിരുന്നില്ല മുഹമ്മദിന്റെ അ വസ്ഥ. ഭൂമിയെ ജ്വലിപ്പിക്കാൻ ആവശ്യമായ ഒരേ ഒരു വസ്തു അത്യുൽസാഹമാണെങ്കിൽ അദ്ദേഹ മൊരു അതുൽസാഹി ആയിരുന്നു. അദ്ദേഹത്തി ന്റെ അത്യുൽസാഹം മഹത്തായതും ഉൽകൃഷ്ട മായ കാര്യങ്ങൾക്കു വേണ്ടിയുള്ളതുമായിരുന്നു. മഹനീയമായൊരു സത്യത്തെ അവരുടെ ജീവിത സ്രോതസ്സാക്കിത്തീർത്തതു വഴി, പരമാനന്ദം സി ദ്ധിച്ച ചുരുക്കം സൗഭാഗ്യവാൻമാരിൽ ഒരാളായി രുന്നു അദ്ദേഹം.അദ്ദേഹം ഏക ദൈവത്തിന്റെ സ ന്ദേശവാഹകനായിരുന്നു. ജീവിതാന്ത്യം വരെ താ നാരാണെന്നതും തന്റെ അസ്തിത്വത്തിന്റെ മു ഖ്യാംശമായ ദൗത്യം എന്താണെന്നതും ഒരിക്ക ലും മറന്നില്ല. സ്വന്തം ദൗർബല്യ അവബോധത്തി ൻമേൽ വേരൂന്നിയ അതിമധുരമായ വിനയത്തോ ടെ, തന്നിലർപ്പിതമായ ഉന്നതമായ ദൗത്യത്തിന്റെ പ്രജ്ഞയിൽ നിന്നും ഉടലെടുത്ത മഹത്തായ അ

ന്തസ്സോടെയും അദ്ദേഹം തന്റെ ബോധനങ്ങൾ ജ നങ്ങൾക്കെത്തിച്ചുകൊടുത്തു.

തുടക്കത്തിൽ മുഹമ്മദ്(ﷺ)നെ പിന്തുണക്കാൻ വളരെ കുറച്ചു പേർമാത്രമേ ഉണ്ടായിരുന്നുള്ളു എന്നത് സുവിതിതമാണ്.സാഹചര്യങ്ങൾ അദ്ദേഹത്തിന് പ്രതികൂലമായിരുന്നുവെങ്കിലും ജീവിതാന്ത്യമാവുമ്പോഴേക്കും അദ്ദേഹത്തിന്റെ സൗഭാഗ്യാവസ്ഥയെപ്പറ്റി എന്തു പറയട്ടെ! അറേബ്യ മുഴുവനും അദ്ദേഹത്തിന്റെ കീഴിലായിക്കഴിഞ്ഞിരുന്നു. അപ്പോഴദ്ദേഹത്തിന്റെ സ്വാധീന ശക്തിയും വിഭവ ശേഷിയും എന്തായിരുന്നു? അതിനുത്തരം തരാൻ നമുക്കൊരു കൃസ്ത്യൻ മിഷ്യനറിയെ അനുവദിക്കാം.

''അദ്ദേഹം ഒരേ സമയം സീസറും പോപുമായിരുന്നു. പക്ഷേ പോപിന്റെ നാട്യങ്ങളില്ലാത്ത പോപും,സീസറിന്റെ സേനാഭാഗങ്ങളില്ലാത്ത സീസറുമായിരുന്നു. അദ്ദേഹത്തിന് സ്ഥിരമായൊരു സൈന്യമില്ലായിരുന്നു. ഒരു അംഗരക്ഷകനില്ലായിരുന്നു.ഒരു കൊട്ടാരമില്ലായിരുന്നു.സ്ഥിരമായൊരു വരുമാനം പോലുമില്ലായിരുന്നു.എന്നും ഏതെങ്കിലുമൊരു മനുഷ്യന്ന് അദ്ദേഹം അത്യന്തം ദൈവീ

കമായാണ് ഭരണം നടത്തുന്നതെന്ന് പറയാനവകാശമുണ്ടെങ്കിൽ അത് മുഹമ്മദിന്ന് മാത്രമാണ്. സന്നാഹങ്ങളും പിന്തുണകളുമില്ലാതെ തന്നെ അതിനാവശ്യമായ സർവ്വ വിധ അധികാരങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നത് കൊണ്ട്.

ആർ .ബോസ്വോർത് സ്മിത്ത്

(MOHAMMAD AND MOHAMMADANISM, LONDON 1874 PAGE-92)

## അദ്ദേഹത്തിന്റെ ന്യൂനതകൾ

അദ്ദേഹത്തിന്റെ ദൗർബല്യമായിരുന്നു അദ്ദേഹത്തിന്റെ ശക്തി. അദ്ദേഹത്തെ പിന്തുണക്കാൻ ഭൗതിക വിഭവശേഷിയില്ലായിരുന്നു.അമ്പരപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ വിജയങ്ങളിലധികവും. മുസ്ലിംകൾക്ക് ന്യായമായും പറഞ്ഞു കൂടേ? മുഴുവൻ പ്രവർത്തനവും ദൈവത്തിന്റേതായിരുന്നു. മുഹമ്മദ്(ﷺ) അവന്റെ ഉപകരണം മാത്രമായിരുന്നു എന്ന്.

## മൂന്ന്-സംഭ്രമിപ്പിക്കുന്ന സാഫല്യം

തോമസ് കാർലൈലിന്റെ വാക്കുകളിൽ ''ഒരു മനുഷ്യൻ എല്ലാവർക്കുമെതിരാവുകയോ?''

(പൂർണ്ണ ഉദ്ധരണി പേജ് 56ൽ) അതും തന്റെ വിട വാങ്ങൽ ഹജ്ജിന്റെ സമയത്തുള്ള ഒരു ലക്ഷത്തി ഇരുപത്തിനാലായിരം അനുചരന്മാരോട്. സ്ത്രീക ളിലും പുരുഷൻമാരിലും കുട്ടികളിലും എത്രപേർ അവശേഷിച്ചു? അവരെല്ലാം വിശ്വാസികളായിരു ന്നില്ലേ?

ഹിജ്റ 11ാം വർഷം റബീഉൽ അവ്വൽ12ന് കൃസ്തുവർഷം 632 ജൂൺ 8ന് ആത്മാർത്ഥമായ മൗനപ്രാർത്ഥനക്കിടയിൽ ‘‘ഉന്നതങ്ങളിലെ അനു ഗ്രഹീതരായ സഹവാസികൾക്കിടയിലേക്ക്’’ (ഇ ബ്നു ഹിഷാം) മഹാനായ പ്രവാചകന്റെ ആ ത്മാവ് പലായനം ചെയ്തു.

ഹസ്റത്ത് ഉമർ(ﷺ) പരിശുദ്ധ പ്രവാചകൻ മൃതിയടഞ്ഞു എന്ന ദു:ഖവാർത്തയിൽ ക്ഷമ ന ശിച്ചു. ആകസ്മിക ക്ഷോഭം മൂലം ആലോചനാര ഹിതനായി അദ്ദേഹം പൊട്ടിത്തെറിച്ചു. ‘‘ആരെങ്കി ലും മുഹമ്മദ് മരണപ്പെട്ടു എന്നു പറയുകയാണെ ങ്കിൽ അവന്റെ തല ഞാൻ കൊയ്തെടുക്കും’’. ഹസ്റത്ത് അബൂബക്കർ(ﷺ)അവരുടെ നായകൻ വാസ്തവത്തിൽ ഈ ലോകത്തോട് വിട പറഞ്ഞ

തായി അവരെ ബോദ്ധ്യപ്പെടുത്തി. പ്രവാചക ഭവനത്തിൽ നിന്നും വെളയിലിറങ്ങി ജനക്കൂട്ടത്തോടദ്ദേഹം പറഞ്ഞു.‘‘തീർച്ചയായും മുഹമ്മദ്(ﷺ) അന്തരിച്ചിരിക്കുന്നു.മുഹമ്മദ്(ﷺ)യെയാണ് ആരെങ്കിലും ആരാധിച്ചിരുന്നതെങ്കിൽ അവർ മുഹമ്മദ് മരണപ്പെട്ടു എന്നറിഞ്ഞുകൊള്ളട്ടെ.പക്ഷേ അല്ലാഹുവിനെ ആരാധിക്കുന്നവരാണെങ്കിൽ അല്ലാഹു ശാശ്വതമായി ജീവിച്ചിരിക്കുന്നവനാണെന്നും അറിഞ്ഞുകൊള്ളട്ടെ.’’

ഇത് ഉമർ അൽ ഫാറൂഖ്(ﷺ)നെ ബോധവാനാക്കി. ഇസ്ലാമിന്റെ രണ്ടാം ഖലീഫ ആകാനിരുന്ന മനുഷ്യന് ഈ സമയത്തി 1400 വർഷങ്ങൾക്കു ശേഷം മുഹമ്മദ് നബി(ﷺ)ക്ക് ആയിരം ദശലക്ഷം അനുയായികൾ ഉണ്ടാകുമെന്ന് ചിന്തിക്കാൻ പോലും സാധിക്കുമായിരുന്നോ? ഇസ്ലാം മതം ലോകത്ത് ഏറ്റവും ശീഘ്രതയിൽ വളരുന്ന മതമായിത്തീരുമെന്ന് സങ്കൽപിക്കാൻ സാധിക്കുമായിരുന്നോ ?

ഇസ്ലാമിന് 600 വർഷങ്ങൾക്കു മുമ്പ് ക്യസ്തീയത ആരംഭിച്ചു. സംഖ്യാബലത്തിൽ ക്യസ്തീ

യർ അവകാശപ്പെടുന്നത് മറ്റെല്ലാമതങ്ങളേക്കാളും എണ്ണത്തിൽ കവിഞ്ഞവരാണെന്നാണ്. ഇതു സത്യമാണ്. ഈ ദൃശ്യത്തെ യഥാർത്ഥ വിക്ഷണ കോണിലൂടെ നമുക്ക് നിരീക്ഷിക്കാം.

‘‘മുസ്ലിംകളാണെന്നു പ്രഖ്യാപിക്കുന്നവരേക്കാൾ കൃസ്ത്യാനികളെന്നു പ്രഖ്യാപിക്കുന്നവർ ലോകത്തുണ്ട്. പക്ഷെ മതകർമ്മങ്ങളനുഷ്ഠിക്കുന്ന കൃസ്ത്യാനികളേക്കാൾ മതകർമ്മങ്ങളനുഷ്ഠിക്കുന്ന മുസ്ലിംകളാണ് ലോകത്തുള്ളത്.

ആർ. വി. സി. ബോഡ്ലി

(THE MESSENGER.THE LIFE OF MOHAMMED, U.S.A .1969)

ഇതിൽ നിന്നും എനിക്കു മനസ്സിലാവുന്നത് മിസ്റ്റർ ബോഡ്ലി നമ്മോടു പറയുന്നത് സെൻസസ് ഫോറം പൂരിപ്പിക്കുമ്പോൾ മതം എന്നതിൻ കീഴിൽ കൃസ്ത്യൻ എന്നെഴുതുന്ന ജനങ്ങൾ ലോകത്തുണ്ട്.അവർ അനിവാര്യമായും കൃസ്തീയതയുടെ സിദ്ധാന്തങ്ങളിൽ വിശ്വസിക്കുന്നവരായിരിക്കണമെന്നില്ല. അവർ യഥാർത്ഥത്തിൽ നിരീശ്വരവാദികൾ അല്ലെങ്കിൽ ബുഷ്-ബാപ്റ്റിസ്റ്റുകൾ[13]

---

[13] BUSN BAPTIST അമേരിക്കൻ ഐക്യനാടുകളിൽ 40 വിവിധ ബാപ്റ്റിസ്റ്റ് മതശാഖകളുണ്ട്. ശക്തമായ മത വികാരമുള്ളവരാണെങ്കിലും ഇവർ ഒരു ചർച്ചിലും പോകാത്തവരും ഏതെങ്കിലും മത ശാഖയിലോ വിഭാഗത്തിലോ അംഗമാകാത്തവരുമാണ്.

ആയിരിക്കും. ജൂതനോ,ഹിന്ദുവോ,മുസ്ലിമോ അല്ലാത്തത് കൊണ്ടും കൃസ്തീയ പശ്ചാത്തലത്തിൽ നിന്നും[14] വരുന്നവരായത് കൊണ്ടും സൗകര്യം ഉദ്ദേശിച്ചു ഇവർ കൃസ്ത്യൻ എന്ന പേരിലറിയപ്പെടാനാഗ്രഹിക്കുന്നു. ഈ കാഴ്ചപ്പാടിലുടെയും ഒരു വ്യക്തി തന്റെ വിശ്വാസമനുസരിച്ച് കർമ്മമനുഷ്ഠിക്കുന്നു എന്ന കാഴ്ചപ്പാടിലൂടെയും വീക്ഷിച്ചാൽ ലോകത്ത് കൃസ്ത്യാനികളോക്കാൾ കൂടുതൽ മുസ്ലിംകളായിരിക്കും.

കാലാനുക്രമമായി കൃസ്തീയത ഇസ്ലാമിന് 600 വർഷം പിന്നിലാണ്. ഇന്നു ആശ്ചര്യകരമാം വിധം ഏറ്റവുമടുത്ത രണ്ടാം സ്ഥാനത്ത് അത് നിലകൊള്ളുകയും, ശീഘ്രതയിൽ വികസിച്ചു കൊണ്ടിരിക്കുകയുമാണ്.
(പേജ് 60 ലെ ചാർട്ട് നോക്കുക) ഇന്നു നൂറുകോടി. ഈ എണ്ണം ശ്രദ്ധേയവും വിശ്വാസികളുടെ പ്രയോഗവൽക്കരണം വിസ്മയകരവുമാണ്.)

അദ്ദേഹത്തിന്റെ വസ്തുനിഷ്ഠമായ മൂന്ന് മാനദണ്ഡങ്ങൾ കണക്കിലെടുത്ത്:

---

(a) ലക്ഷ്യത്തിന്റെ മഹത്വം.
(b) മാർഗ്ഗങ്ങളുടെ ലഘുത്വം.
(c) സംഭ്രമിപ്പിക്കുന്ന സാഫല്യം,

ലാമാർട്ടിൻ മുഹമ്മദ്(ﷺ)യേക്കാളേറെ മഹാനായ മറ്റൊരു സ്ഥാനാർത്ഥിയെ കൊണ്ടുവരാൻ ധൈര്യപ്പെടുന്നുണ്ടോ.? മുഹമ്മദ്(ﷺ)യുടെ ഉൽകൃഷ്ഠ ബഹുമുഖ വ്യക്തിത്വത്തിലേക്ക് വിരൽ ചൂണ്ടിക്കൊണ്ടദ്ദേഹം തന്റെ വായനക്കാരെ ആദര സമന്വിതമായി അത്ഭുതപ്പെടുത്തുക കൂടി ചെയ്യുന്നു.തത്വജ്ഞാനി,വാഗ്മി,ദൈവദൂതൻ,നിയമനിർമ്മാതാവ്,യോദ്ധാവ്, ആശയങ്ങളുടെ ജേതാവ്, യുക്തിപൂർവ്വകമായ വിശ്വാസങ്ങളുടെയും പ്രതിബിംബങ്ങളില്ലാത്തൊരു ആരാധന സമ്പ്രദായത്തിന്റെയും പുനരുദ്ധാരകൻ, ഇരുപത് ഭൗതിക സാമ്രാജ്യങ്ങളുടെയും ഒരു ആത്മീയ സാമ്രാജ്യത്തിന്റെയും സ്ഥാപകൻ. അതായിരുന്നു മുഹമ്മദ്. മാനവമഹത്വമളക്കാനുള്ള മുഴുവൻ മാനദണ്ഡങ്ങളും പരിഗണിച്ചാൽ പോലും നമുക്കു ന്യായമായും ചോദിക്കാം. അദ്ദേഹത്തേക്കാൾ മഹാനായി മറ്റാരെങ്കിലുമുണ്ടോ ?! .

ഇല്ല. മുഹമ്മദ്(ﷺ)എക്കാലത്തെയും ഏറ്റവും മഹാനായ മനുഷ്യനാണെന്ന് ഫ്രെഞ്ച് ചരിത്രകാരനായ ലാമാർട്ടിൻ പറയുന്നു. സർവ്വശക്തനായ ദൈവം ചോദിക്കുന്നു.

(ഓ പ്രവാചകരേ)താങ്കളുടെ യശസ്സ് നാം ഉയർത്തിയില്ലേ)

വിശുദ്ധ ഖുർആൻ 94:4

നിശ്ചയമായും എന്റെ നാഥാ നീ അത് ചെയ്തിരിക്കുന്നു.

## കരുണയെന്ന ഗുണം.

യേശുവിന്റെ(ﷺ)കുരിശിൽ മുകളിലെ കരുണാർദ്രവും മാപ്പും നൽകി കൊണ്ടുള്ളതുമായ നിലവിളിക്ക് തുല്യമായി മാനവ ചരിത്രത്തിൽ ഒന്നും തന്നെ ഇല്ല എന്നാണ് കൃസ്തീയ മത പ്രചാരകരുടെ ആത്മ പ്രശംസ.

‘‘പിതാവേ, ഇവർ ചെയ്യുന്നതു ഇന്നതു എന്നറിയായ്ക കൊണ്ടുഇവരോട് ക്ഷമിക്കേണമേ’’

വിശുദ്ധ ബൈബിൾ – ലുക്കോസ് 23–34

ബൈബിളിലെ ഈ വചനമെഴുതാൻ തിരുസഭാചട്ടങ്ങൾക്കനുസൃതമായ സുവിശേഷപുസ്തകങ്ങളെഴുതിയ നാലു എഴുത്തുകാരിലൊരാളായ വിശുദ്ധനായ ലൂക്കോസ് മാത്രമാണ് പരിശുദ്ധാത്മാവിൽ നിന്നും പ്രേരിതനായത്. (?)ശേഷമുള്ള മൂന്നുപേർ മത്തായി, മാർക്കോസ്,യോഹന്നാൻ എന്നിവർ ഒരിക്കലും ഈ വാക്യം കേൾ ക്കുകയുണ്ടായില്ല. അല്ലെങ്കിൽ അതവർക്ക് വിരസമായോ രേഖപ്പെടുത്താൻ യോഗ്യമല്ലെന്നോ തോന്നി. വിശുദ്ധനായ ലൂക്കോസ് യേശുവിനാൽ തെരഞ്ഞെടുക്കപ്പെട്ട പന്ത്രണ്ടു ശിഷ്യൻമാരിലൊരാൾ പോലുമായിരുന്നില്ല. ബൈബിളിന്റെ നവീകൃത പ്രമാണിക പതിപ്പ് (revised standard version) തയ്യാറാക്കിയ പുനപരിശോധകർ അഃിന്റെ ഏറ്റവും പുരാതനമായ കൈയ്യെഴുത്തു പ്രതികളിൽ ഈ വാക്കുകളില്ല എന്നാണഭിപ്രായപ്പെടുന്നത്. അവ പിന്നീട് കൂട്ടിചേർക്കപ്പെട്ടതായിരുന്നു എന്നാണതിന്റെ വിവക്ഷ.

പുതിയ കിംഗ് ജേംസ് പതിപ്പ് (THE NEW KING JAMES VERSION. COPYRIGHTED BY THOMAS NELSON PUBLISHERSIN 1984) നമ്മെ അറിയിക്കുന്നത്

വിശുദ്ധനായ ലൂക്കോസിന്റെ ആദ്യലിഖിത, മൂല ഗ്രന്ഥമായ ഗ്രീക്ക് കൈയ്യെഴുത്ത് പ്ര തികളിൽ ഈ വാക്യമില്ലെന്നാണ്.മറ്റൊരു തരത്തി ൽ പറ ഞ്ഞാൽ അവ ചില ഭക്തരായ മാന്യൻമാർ കെട്ടിച്ചമച്ചവയാണ്. ഈ ഉദ്ധരണി ആധികാരികമ ല്ലാത്തതാണെങ്കിലും യേശു(ﷺ)പ്രബോധനം ചെ യ്ത ഒരുവന്റെ ശത്രുക്കളെ സ്നേഹിക്കണമെന്ന മഹത്തായ ധർമ്മനിഷ്ഠയും അസാധാരണമായ കുറ്റം ക്ഷമിക്കലും പ്രകടമാക്കുന്നത് കൊണ്ട് നാ മതിനെ സ്വീകരിക്കുന്നു.

മാപ്പു നൽകലിനെന്തെങ്കിലും ശ്രേഷ്ഠതയു ണ്ടാവണമെങ്കിൽ മാപ്പുനൽകുന്നവൻ മാപ്പു നൽ കാനുള്ള അവസ്ഥയിലായിരിക്കണം. അനീതിക്കി രയായവൻ എതിരാളിയുടെ പിടിയിലകപ്പെട്ട നി സ്സഹായവസ്ഥയിൽ ഞാൻ നിനക്കു മാപ്പു നൽ കുന്നു എന്നുദ്ഘോഷിക്കുന്നത് നിരർത്ഥകമാണ്. പീഡിതന് തുല്യരീതിയിൽ പ്രതികാരം ചെയ്യാൻ അവസരം കൈവന്നതിന് ശേഷം തന്റെ ശത്രുക്ക ളോടത് ചെയ്യാതെ ഞാൻ നിങ്ങൾക്കു മാപ്പുനൽ കുന്നു എന്നു പ്രഖ്യാപിച്ചാലേ അതിനെന്തെങ്കി ലും പ്രധാന്യമുള്ളു.

## മുഹമ്മദ് (ﷺ)ന്റെ ദാക്ഷിണ്യം

കുരിശിൽ നിന്നുള്ള മാപ്പു നൽകലും,ചരിത്ര സംഭവമായ രക്തരഹിതമായി പത്തായിരം അനുയായികളുമായി മക്ക കീഴടക്കിയതിനു ശേഷമുണ്ടായ മാപ്പു നൽകലും ഒന്നു താരതമ്യം ചെയ്തു നോക്കൂ. അദ്ദേഹത്തോടിത്രയും ക്രൂരമായി പെരുമാറിയ നഗരം, അദ്ദേഹത്തെയും സഖാക്കളെയും അഭയാർത്ഥികളാകാൻ നിർബന്ധിതരാക്കി, സ്വദേശത്ത് നിന്നും തുരത്തിയവർ, അദ്ദേഹത്തിന്റെയും അനുയായികളുടെയും ജീവനെടുക്കാൻ ശപഥം ചെയ്തവർ ഇപ്പോഴദ്ദേഹത്തിന്റെ കാൽകീഴിൽ കിടക്കുന്നു. മുമ്പ് കഠോരമായും നിഷ്കരുണമായും പീഢിപ്പിച്ചവർ, അപ്രതിരോധിതരായ സ്ത്രീകളേയും പുരുഷ്യൻമാരേയും നിർജ്ജീവമായ ജഢങ്ങളെപോലും ക്രൂരമായ അക്രമങ്ങൾക്കും ദണ്ഡനങ്ങൾക്കും വിധേയമാക്കി മാനവതയെ അവമതിച്ചവർ, അവരെല്ലാവരും ഇപ്പോൾ അദ്ദേഹത്തിന്റെ കാരുണ്യത്തിൻ കീഴിലായി. പക്ഷേ അദ്ദേഹം വിജയം വരിച്ച സന്ദർഭത്തിൽ മുമ്പനുഭവിച്ച എല്ലാ അക്രമങ്ങളും പൈശാചികതകളും മറക്കപ്പെടുകയായി. എല്ലാ ദ്രോഹങ്ങളും

പൊറുക്കപ്പെട്ടു. മക്കയിലെ മുഴുവൻ നിവാസികൾക്കും പൊതുമാപ്പ് നൽകപ്പെട്ടു.

സെയ്യിദ് അമീർ അലി
THE SPIRIT OF ISLAM

ജയിച്ചടക്കപ്പെട്ട നഗരത്തിലെ ജനതയെ അഭിസംബോധന ചെയ്തു കൊണ്ടദ്ദേഹം ചോദിച്ചു. ‘‘ഇന്ന് നിങ്ങൾ എന്താണെന്നിൽ നിന്നും പ്രതീക്ഷിക്കുന്നത്.’’? ബാല്യകാലം മുതൽ അദ്ദേഹത്തെ ഏറ്റവും നന്നായി അറിയാവുന്ന അവർ മറുപടി പറഞ്ഞു. ‘‘കാരുണ്യം അല്ലയോ, ഔദാര്യവനായ സഹോദരാ’’,പ്രവാചകന്റെ കണ്ണിൽ നിന്നും കണ്ണുനീർ ഒഴുകാൻ തുടങ്ങി. അദ്ദേഹം പറഞ്ഞു ‘‘ഇന്ന് യൂസുഫ്(ﷺ)തന്റെ സഹോദരൻമാരോടു പറഞ്ഞത് ഞാൻ നിങ്ങളോടു പറയട്ടെ. ഞാൻ നിങ്ങളെ അവജ്ഞയോടെ കാണുന്നില്ല.നിങ്ങൾ സ്വതന്ത്രരാണ്. നിങ്ങൾക്ക് പോകാം.’’

അങ്ങിനെ ലോകചരിത്രത്തിൽ ഒരുവിധത്തിലും തുല്യതയില്ലാത്ത ഒരു ദൃശ്യം പ്രകടമായി. ജനങ്ങൾ കൂട്ടം കൂട്ടമായി മുന്നോട്ടുവന്നു. ഇസ്ലാം മതം ആശ്ളേഷിച്ചു.സർവ്വശക്തനായ ദൈവം അ

വന്റെ ദൂതന്റെ ശ്രേഷ്ഠവും ഉത്തംഗവുമായ സ്വഭാവത്തെ പ്രമാണീകരിക്കുന്നു.

(തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ (സദ്ഗുണങ്ങളുടെ) ഉത്തമമായ മാതൃകയുണ്ട്) വിശുദ്ധ ഖുർആൻ 33:21

എത്ര ഉചിതമായാണ് ലാമാർട്ടിൻ അവിധിതമായി അദ്ദേഹത്തിന്റെ മനോവികാരം പ്രതിധ്വനിപ്പിക്കുന്നത്.

‘‘മാനവമഹത്വം അളക്കാനുള്ള മുഴുവൻ മാനദണ്ഡങ്ങളും പരിഗണിച്ചാൽ പോലും നമുക്കു ചോദിക്കാം. അദ്ദേഹത്തേക്കാൾ മഹാനായി മറ്റാരെങ്കിലുമുണ്ടോ? ഉത്തരമായി നമുക്കൊരിക്കൽ കൂടി പറയാം, ഇല്ല. മുഹമ്മദ്(ﷺ)നെക്കാൾ മഹാനായ ഒരു മനുഷ്യനില്ല. എക്കാലത്തും ജീവിച്ചിരുന്ന മനുഷ്യരിൽ ഏറ്റവും മഹാനായിരുന്നു മുഹമ്മദ്(ﷺ)’’.

ഇതുവരെ നമ്മുടെ കഥാനായകൻ വിവിധ മത വിശ്വാസികളിൽ നിന്നും വിവിധ മേഖലകളിൽ പ്രയത്നിക്കുന്ന ധിഷണശാലികളിൽ നിന്നും ഉൾപ്പകയില്ലാത്തതും അഭ്യർത്ഥനാരഹിതവുമായ

സ്തുത്യുപഹാരങ്ങൾ നേടിയെടുത്തു.പക്ഷേ, അദ്ദേഹത്തിന്റെ മുൻഗാമിയായ യേശുകൃസ്തു(ﷺ)വിന്റെ തീർപ്പ് എന്താണെന്നറിയാതെ ഇവയെല്ലാം അപൂർണ്ണമാണ്. മഹത്വം വിലയിരുത്താനുള്ള അദ്ദേഹത്തിന്റെ മാനദണ്ഡങ്ങൾ നമുക്കിപ്പോൾ പ്രയുക്തമാക്കാം.

**സ്നാപകനായ യോഹന്നാൻ**(JOHN,THE BAPTIST)

സ്നാപകനായ യോഹന്നാൻ മുസ്ലിം ലോകത്തറിയപ്പെടുന്നത് യഹ്‌യ അലൈഹിസ്സലാം എന്നാണ്. അദ്ദേഹം മിശിഹായുടെ സമകാലികനായ പ്രവാചകനായിരുന്നു. അവർ ബന്ധുക്കളുമായിരുന്നു. യേശു(ﷺ)അദ്ദേഹത്തെക്കുറിച്ചു പറയുന്നു.''ഞാൻ സത്യമായിട്ടു നിങ്ങളോടു പറയുന്നു. സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ യോഹന്നാൻ സ്നാപകനേക്കാൾ വലിയവൻ ആരും എഴുന്നേറ്റിട്ടില്ല.''

(വിശുദ്ധ ബൈബിൾ മത്തായി 11:11)

ഇതിൽ നിന്നും നാം മനസ്സിലാക്കേണ്ടത് സ്നാപകനായ യോഹന്നാൻ മോശെയെക്കാളും, ദാവീദിനേക്കാളും, ശലോമോനെക്കാളും, അബ്രഹാ

മിനെക്കാളും, ഇസയ്യയെക്കാളും, മറ്റെല്ലാ ഇസ്രാ ഈല്യപ്രവാചകരേക്കാളും മഹാനാണെന്നാണ്. എന്തുകൊണ്ട് യോഹന്നാന് മറ്റെല്ലാവരെക്കാളും ഔന്നത്യം കൈവന്നു? അദ്ദേഹമെന്തെങ്കിലും അത്ഭുതം പ്രകടിപ്പിച്ചത് കൊണ്ടല്ല. ബൈബിൾ അദ്ദേഹത്തിന്റേതായി അങ്ങിനെ യാതൊന്നും രേഖപ്പെടുത്തുന്നില്ല. പുതിയ നിയമങ്ങളും ചട്ടങ്ങളും കൊണ്ടുവരാത്തത് കൊണ്ട് അദ്ദേഹത്തിന്റെ അദ്ധ്യാപനങ്ങൾ കാരണമല്ല പിന്നെന്താണദ്ദേഹത്തെ ഏറ്റവും മഹാനാക്കിത്തീർത്തത് ? യേശു(ﷺ)അവകാശപ്പെടുന്നത് അദ്ദേഹം ഏറ്റവും മഹാനായവനെക്കാൾ മഹാനാവുന്നത് എന്ത് കൊണ്ട്?

‘‘എനിക്കോ യോഹന്നാന്റെ സാക്ഷ്യത്തിലും വലിയ സാക്ഷ്യം ഉണ്ടു. പിതാവും എനിക്കു അനുഷ്ഠിപ്പാൻ തന്നിരിക്കുന്ന പ്രവൃത്തികൾ ഞാൻ ചെയ്യുന്ന പ്രവൃത്തികൾ തന്നെ ’’

വിശുദ്ധ ബൈബിൾ യോഹന്നാൻ 5:36

‘സാക്ഷ്യപ്പെടുത്തുക’ എന്ന വിശേഷാധികാരം മാത്രമാണ് സർവ്വശക്തനായ ദൈവം അദ്ദേഹത്തെ ഏൽപിച്ചത്. അത് അദ്ദേഹത്തെ യോഹന്നാനേക്കാളും മഹാനാക്കിത്തീർക്കുന്നു. ഈ മാനദ

ണ്ഡങ്ങൾ പ്രയുക്തമാക്കി യേശു(ﷺ)പ്രഖ്യാപിച്ച തിൽ നിന്നും നമുക്ക് ഗ്രഹിക്കാൻ സാധിക്കുന്നത് ഇവയാണ്.

1 –കരുത്തനായ മിശീഹായുടെ ആഗമനത്തെക്കുറിച്ചു മുന്നറിയിപ്പ് നൽകിയത് കാരണം സ്നാപകനായ യോഹന്നാൻ എല്ലാ ഇസ്രയീലി പ്രവാചകമാരേക്കാളും മഹാനായിത്തീർന്നു. അതുപോലെ സകല സത്യത്തിലും വഴി നടത്തേണ്ട 'സത്യത്തിന്റെ ആത്മാവ്, ആശ്വാസകൻ'(വിശുദ്ധനായ യോഹന്നാന്റെ സുവിശേഷം, അദ്ധ്യായം16)ആഗതനാവുമെന്ന് മുന്നറിയിപ്പ് നൽകിയത് കാരണം യേശുവിനെ യോഹന്നാനെക്കാളും മഹാനാക്കിത്തീർക്കുന്നു.

2 –യേശുവിന്റെ രൂപത,അഥവാ ദൈവം കാര്യ നിർവ്വഹണത്തിനായി അദ്ദേഹത്തിനു നൽകിയ പ്രവർത്തനങ്ങൾ ഇസ്രായേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകളുടെ അടുക്കൽ (മത്തായി 15:24) മാത്രം പരിമിതമായിരുന്നു. പക്ഷെ മുഹമ്മദ്(ﷺ)യുടെ ദൗത്യം വിശ്വജനീനമായിരുന്നു. അദ്ദേഹത്തോടുപറയപ്പെട്ടു.

(സർവ്വ ലോകത്തിനും അനുഗ്രഹമായിട്ടല്ലാതെ (ഓ പ്രവാചകരേ) താങ്കളെ നാം നിയോഗിച്ചിട്ടില്ല)
വിശുദ്ധ ഖുർആൻ 21:107

അദ്ദേഹത്തിന്റെ മഹത്തായ വിശേഷാധികാരം വെച്ചുകൊണ്ട് മുഹമ്മദ്(ﷺ)ന്റെ സന്ദേശം, വംശ,വിഭാഗ,വർഗ്ഗഭേദമന്യേ തന്നെ ശ്രവിക്കുന്ന എല്ലാവരിലേക്കും നിരന്തരമായി എത്തിച്ചു കൊടുത്തു. അദ്ദേഹം ഒരു വിവേചനവും കൂടാതെ അവരെയെല്ലാവരെയും ദൈവീക മതത്തിലേക്ക് സ്വാഗതം ചെയ്തു.അദ്ദേഹം ദൈവത്തിന്റെ ഈ സൃഷ്ടികളെ നായകളും പന്നികളുമാക്കി (മത്തായി 7:6)അല്ലെങ്കിൽ ചെമ്മരിയാടുകളും കോലാടുകളുമാക്കി(മത്തായി25:32) വേർതിരിച്ചില്ല. അഖില മാനവർക്കും സമസ്ഥ പ്രപഞ്ചത്തിനും കാരുണ്യമായി അയക്കപ്പെട്ട(വി.ഖുർആൻ 21:107) അദ്ദേഹം ഒരേ ഒരു സത്യദൈവത്തിന്റെ സന്ദേശവാഹകനായിരുന്നു. മരണദിവസം വരെയും ഈ ദൗത്യമദ്ദേഹം മറന്നില്ല. ഭൂമിയിലെ പ്രവാസത്തിന്റെ അവസാന നാളുകളിൽ അപകടകരവും ഊർജ്ജസ്വലവുമായിരുന്ന ഭൂതകാലത്തിലേക്കദ്ദേഹം തിരിഞ്ഞുനോക്കി. വിജയ കിരീടമണിഞ്ഞു കൊണ്ട്

അദ്ധ്വാനത്തിന്റെ ഫലസിദ്ധിയിൽ ആഹ്ളാദിച്ചു വിശ്രമിക്കാമെന്നദ്ദേഹം കരുതുന്നു. പരിപൂർണ്ണ സംതൃപ്തിയും ഉല്ലാസവും നിറഞ്ഞകലാപരഹിതമായൊരു ജിവിതത്തെയദ്ദേഹം സ്വപ്നം കാണുന്നു. പക്ഷെ അദ്ദേഹത്തിന് വിശ്രമിക്കാനോ ഉല്ലസിക്കാനോ സമയമായില്ല. ഇനിയും പ്രവർത്തനങ്ങൾ തുടരേണ്ടതുണ്ട്. സർവ്വശക്തനായ ദൈവം അദ്ദേഹത്തെ ഓർമ്മപ്പെടുത്തുന്നു.

وَمَا أَرْسَلْنَاكَ إِلَّا كَافَّةً لِّلنَّاسِ بَشِيرًا وَنَذِيرًا وَلَكِنَّ أَكْثَرَ النَّاسِ لَا يَعْلَمُونَ} ( سورة سبأ: ٢٨)

(സകല മനുഷ്യർക്കും സുവിശേഷമറിയിക്കുന്നവനും മുന്നറിയിപ്പ് നൽകുന്നുവനുമായിട്ടില്ലാതെ താങ്കളെ നാം നിയോഗിച്ചിട്ടില്ല. പക്ഷേ ഭൂരിപക്ഷം മനുഷ്യരും അറിയാത്തവരാണ്) വിശുദ്ധ ഖുർആൻ – 34:28

പരിപക്വമായ വാർദ്ധക്യത്തിൽ എങ്ങിനെയാണദ്ദേഹം ഈ വെല്ലുവിളിയോടു പ്രതികരിച്ചത്?. അന്ന് അത് നിർവ്വഹിക്കാൻ കൈയ്യിൽ ഇലക്ട്രോണിക് ഉപകരണങ്ങളോ ആധുനിക വാർത്താവിനിമയ ക്രമീകരണങ്ങളോ ഉണ്ടായിരുന്നി

ല്ല. ഉപയോഗപ്പെടുത്താൻ ടെലക്സ് അല്ലെങ്കിൽ ഫാക്സ് മെഷിനുകളുണ്ടായിരുന്നില്ല.അക്ഷരാഭ്യാസമില്ലാത്ത ഉമ്മിയായ[15] ഒരു പ്രവാചകൻ പകർപ്പെഴുത്തുകാരെ വിളിച്ചു അഞ്ചു കത്തുകൾ പറഞ്ഞെഴുതിച്ചു. ഓരോന്നും വീതം കോൺസ്റ്റാന്റിനേപളിലെ ചക്രവർത്തിക്ക്, ഈജിപ്തിലെ രാജാവിന്, അബിസീനിയയിലെ നെഗസിന്, യെമനിലെ രാജാവിന്, പേർഷ്യൻ ചക്രവർത്തിക്ക്. അദ്ദേഹം അഞ്ചു സഹാബാക്കളെ വിളിച്ചു. അവർക്കു അഞ്ചു പടക്കുതിരകൾ നൽകി. ലോകരാഷ്ട്രങ്ങളെ ദൈവത്തിന്റെ വിശ്വജനീനമതത്തിലേക്ക് ക്ഷണിക്കാനായി അവരെ വിവിധ ദിക്കുകളിലേക്ക് യാത്രയയച്ചു.

തുർക്കിയിൽ ഇസ്തമ്പൂലിലെ ടോപ്കാപി മ്യൂസിയത്തിൽ ആ പരിശുദ്ധ കത്തുകളിലൊന്ന് കാണാനുള്ള സൗഭാഗ്യമെനിക്കുണ്ടായി.പൊടിപിടിച്ച അവസ്ഥയിലാണ് ആ കത്തുള്ളത്. ഭൗതിക രൂപത്തിൽ തുർക്കികൾ ആ ചർമ്മപത്രത്തെ സംരക്ഷിച്ചിട്ടുണ്ട്.പക്ഷേ അതിന്റെ സന്ദേകമിന്ന് പൊടി പിടിച്ചു കിടക്കുന്ന അവസ്ഥയിലാണ്. കത്തിങ്ങനെ തുടങ്ങുന്നു:

---

[15] നിരക്ഷരനായ

“ദൈവദൂതനായ മുഹമ്മദിൽ നിന്നും കോൺസ്റ്റാന്റിനോപളിലെ ചക്രവർത്തി ഹെരാക്ലിയസ്സിന്. ‘ഇസ്ലാം സ്വീകരിക്കുക, പ്രയോജകീഭവിക്കുക’’. തുടർന്ന് ദൈവീക ഗ്രന്ഥത്തിലെ ഈ അനുശാസനവും.

{قُلْ يَا أَهْلَ الْكِتَابِ تَعَالَوْاْ إِلَى كَلَمَةٍ سَوَاء بَيْنَنَا وَبَيْنَكُمْ أَلاَّ نَعْبُدَ إِلاَّ اللّهَ وَلاَ نُشْرِكَ بِهِ شَيْئًا وَلاَ يَتَّخِذَ بَعْضُنَا بَعْضاً أَرْبَابًا مِّن دُونِ اللّهِ فَإِن تَوَلَّوْاْ فَقُولُواْ اشْهَدُواْ بِأَنَّا مُسْلِمُونَ} (سورة آل عمران: ٦٤)

(നബിയേ, പറയുക വേദക്കാരേ, ഞങ്ങൾക്കും നിങ്ങൾക്കുമിടയിൽ സമമായുള്ള ഒരു വാക്യത്തിലേക്ക് നിങ്ങൾ വരുവീൻ.അതായത് അല്ലാഹുവെയല്ലാതെ നാം ആരാധിക്കാതിരിക്കുകയും, അവനോട് യാതൊന്നിനെയും പങ്ക് ചേർക്കാതിരിക്കുകയും നമ്മളിൽ ചിലർ ചിലരെ അല്ലാഹുവിന്നു പുറമെ രക്ഷിതാക്കളാക്കാതിരിക്കുകയും ചെയ്യുക. (എന്ന തത്വത്തിലേക്ക്).എന്നിട്ട് അവർ പിന്തിരിഞ്ഞുകളയുന്ന പക്ഷം നിങ്ങൾ പറയുക. ഞങ്ങ

ൾ (അല്ലാഹുവിന്ന്) കീഴ്പെട്ടവരാണ് എന്നതിന്ന് നിങ്ങൾ സാക്ഷ്യം വഹിച്ചുകൊള്ളുക)

വിശുദ്ധ ഖുർആൻ –3:64

മേൽ ഖുർആൻ വചനത്തിനു ശേഷം പ്രവാചകന്റെ സ്വന്തം വാക്യങ്ങളിൽ അഭിനന്ദനങ്ങളറിയിക്കുന്ന അനുബന്ധത്തോടെ കത്തവസാനിക്കുന്നു.അല്ലാഹുവല്ലാതെ ആരാധനക്കർഹതയുള്ള ഒരു വസ്തുവുമില്ല. മുഹമ്മദ് അവന്റെ സന്ദേശവാഹകനാണ് എന്നു രേഖപ്പെടുത്തിയ മുദ്രപതിപ്പിച്ചുകൊണ്ട് കത്ത് സമാപ്തമാവുന്നു. തുർക്കിയിലെ കത്ത് നമ്മുടെ ആകാംക്ഷ വർദ്ധിപ്പിക്കുന്നു. അതിന്റെ സൂക്ഷിപ്പിൽ പരിഗണിക്കപ്പെട്ട താൽപര്യവും.പക്ഷേ സന്ദർശകൻ തന്നെ അതിന്റെ സൂക്ഷിപ്പ് നഷ്ടപ്പെടുത്തിയവനാണ്. അതെ ഖുർആനിക സന്ദേശം ഓരോ മുസ്ലിം വീട്ടിലുമുണ്ട്. ഒരായിരം പ്രവാശ്യം അതിനെ പാരായണം ചെയ്യുകയും പുനഃപാരയണം ചെയ്യുകയുമാണെങ്കിലും ഈ സന്ദേശമറിഞ്ഞവർ അതിന്റെ മേൽവിലാസക്കാർക്ക് (സംബോധിതർക്ക്) എത്തിച്ചുകൊടുക്കാൻ ഉണർന്നു പ്രവർത്തിക്കുന്നില്ല. മേൽ വചനത്തിലേക്ക് ഒന്നുകൂടി കണ്ണോടിച്ചു നോക്കു.

അഹ്ലെകിതാബിനെയാണത് സംബോധനം ചെ യ്യുന്നത്, അഥവാ ദിവ്യഗ്രന്ഥങ്ങളെ പിന്തുടരുന്ന ജനങ്ങളെയാണ്, ജൂതരെയും കൃസ്ത്യാനികളെ യും. പക്ഷെ ആയിരം വർഷങ്ങളിലധികം ഈ മ ഹത്തായ നിർദ്ദേശത്തെനമുക്കു തന്നെ ഹാനികര മാം വിധം നിശ്ശേഷം അവഗണിച്ചു. ഒരു മൂർഖൻ പാമ്പ് ധനകൂമ്പാരത്തിൻമേൽ ഇരിക്കുന്നത് പോ ലെ അതിന്റെ ശരിയായ അവകാശികളെ ദുർഘട നിലയിലാക്കി നാം ഈ സന്ദേശത്തിൻ മുകളിൽ ഇരിക്കുകയാണ്. ഈ അവഗണന വരാൻ പോകു ന്ന തലമുറകളിലെ ഉമ്മത്തിൻമേൽ(സമുദായത്തി ൻമേൽ)പറഞ്ഞറിയിക്കാൻ വയ്യാത്ത ക്ലേശങ്ങളടി ച്ചേൽപിക്കും. പതിനാല് നൂറ്റാണ്ടുകളോളം ഖുർ ആന്റെ താളലയാനുക്രമമായ നമ്മുടെ പാരായണ ത്തിനും പഠനത്തിനും ശേഷവും നാം ഈ രൂക്ഷ മായ ഉദ്ഘോഷം കേൾക്കുന്നു.

(പക്ഷേ, ഭൂരിപക്ഷം മനുഷ്യരും അറിയാത്തവരാ ണ്) വിശുദ്ധ ഖുർആൻ –34:28

പതിനാല് നൂറ്റാണ്ട് മുമ്പവതരിച്ച വചനത്തി ന്റെ സമാപന വാക്യമാണിത്.അന്നത്തെ മത ലോ കത്തെ വസ്തുതാപരമായ സ്ഥിതി വിശേഷം വ്യ

ത്യസ്ഥമാണോ? ഒരിക്കലുമല്ല.ഇന്ന് ലോകത്ത് സത്യദൈവത്തിൽ വിശ്വസിക്കുന്നവരേക്കാളധികം മുശ്‌രിക്കുകളാണ്.[16] ഈ അവസ്ഥ മാറുമെന്ന് വല്ല പ്രതീക്ഷയുമുണ്ടോ ?

സൂറ മുദസ്സിർ(അദ്ധ്യായം 74)ലെ ആദ്യത്തെ ഏഴു വചനങ്ങളിലൂടെ അല്ലാഹു ഇന്നും നമ്മോടാജ്ഞാപിക്കുന്നത് പ്രവാചകനോടുള്ള കൽപനയിലൂടെയാണ്.

يَا أَيُّهَا الْمُدَّثِّرُقُمْ فَأَنـذِرْ وَرَبَّـكَ فَكَـبِّرْ وَثِيَابَـكَ فَطَهِّـرْ وَالرُّجْـزَ فَاهْجُرْ وَلَا تَمْنُن تَسْتَكْثِرُ وَلِرَبِّكَ فَاصْبِرْ

(ഹേ,പുതച്ചുമൂടിയവനേ,എഴുന്നേൽക്കുക,എന്നിട്ട് മുന്നറിയിപ്പ് നൽകുക.നിന്റെ നാഥനെ വാഴ്ത്തുക.നിന്റെ വസ്ത്രങ്ങൾ വൃത്തിയാക്കുക.അഴുക്കായത് വെടിയുക. അധികം തിരിച്ചു ലഭിക്കണമെന്ന ഉദ്ദേശത്തോടെ നൽകാതിരിക്കു. നിന്റെ നാഥന് വേണ്ടി(നാഥന്റെ പ്രീതിക്ക് വേണ്ടി)ക്ഷമിക്കുക.)

16 ബഹുദൈവ വിശ്വാസികൾ

(**a**) **رجز** (റുജ്സ്) അഥവാ റിജ്സ് എന്നാൽ അഴുക്ക് (വെറുപ്പു തോന്നുന്നവ, ജിഗുപ്സയുണർത്തുന്നവ)എന്നർത്ഥം. റുജ്സ് എന്നു പേരുള്ള ഒരു വിഗ്രഹമുണ്ടായിരിക്കാനും സാധ്യതയുണ്ട്.പക്ഷേ സാക്ഷാൽ ആരാധനക്കെതിരായ സംശയത്തിന്റെയും തീരുമാനമില്ലായ്മയുടെയും മാനസികാവസ്ഥ എന്ന നിലയിലും ഇപ്പോളിതിന്ന് വളരെയധികം പ്രധാന്യമുണ്ട്.

(**b**) നിയമ ദത്തവും വാണിജ്യവിഷയകവുമായ സൂത്രവാക്യമെന്തെന്നാൽ നൽകുന്നതിലും അൽപം കൂടുതൽ ലഭിക്കാൻ വേണ്ടി നിങ്ങൾ നൽകുന്നു എന്നതാണ്. പക്ഷെ നിങ്ങൾ സ്വീകരിക്കുന്നവനിൽ നിന്നും ഒന്നും തന്നെ പ്രതീക്ഷിക്കരുത്. നിങ്ങൾ ദൈവത്തെയും ദൈവത്തിന്റെ സൃഷ്ടികളെയും സേവിക്കുക.

(**c**) ദൈവഹിതത്തിന് വേണ്ടിയുള്ള നമ്മുടെ അഭിനിവേശത്തിനിടയിൽ നാം അക്ഷമരായിത്തീരരുത്.അതിനുള്ള നമ്മുടെ പരിശ്രമങ്ങളിൽ നാം നൈരന്തര്യം കാണിക്കേണ്ടതുണ്ട്. കാരണം നമുക്ക് സത്യ വിശ്വാസമുണ്ട്.ദൈവം സർവ്വ ശക്ത

നും സർവ്വ നൻമകളുടെ ധായകനുമാണെ ന്നും സർവ്വകാര്യങ്ങളും അത്യന്തികമായി ഋജു വാകുമെന്നും നാമറിയുന്നവരാണ്. പതിവു പോ ലെ, ഈ വിസ്മയകരമായ ആദ്യകാല ആത്മ ദർ ശനപരമായ വചനങ്ങളെ ത്രിമാന തലത്തിൽ നി രൂപിക്കാം.

(**a**) ഒരു പ്രത്യേക സാഹചര്യത്തെ അല്ലെങ്കിൽ വ്യ ക്തിയെ സൂചിപ്പിക്കുന്നു.പ്രവാചകനിപ്പോൾ വൈ യക്തിക ധ്യാനത്തിന്റെ ഘട്ടം പിന്നിട്ടു. ഇനി അ ദ്ദേഹത്തിന്റെ പുതപ്പണിഞ്ഞുകൊണ്ട് മുന്നോട്ടു ചെന്ന് ധൈര്യമായി സന്ദേശം പ്രചരിപ്പിക്കുകയും അല്ലാഹുവാണ് സാക്ഷാൽ ദൈവമെന്ന് പ്രഖ്യാ പിക്കുകയുമാണാവശ്യം. അദ്ദേഹത്തിന്റെ അന്ത രംഗം എല്ലായ്പ്പോഴും ശുദ്ധമായിരുന്നെങ്കിലും ഇ നി മുഴുവൻ ബാഹ്യപ്രവർത്തനങ്ങളും ദൈവത്തി നു സമർപ്പിക്കേണ്ടിയിരിക്കുന്നു. മാമുൽ പ്രകാരം പുരാതന ആചാരങ്ങളോടും ആരാധനാക്രമങ്ങ ളോടുമുണ്ടായിരുന്ന ആദരവ് വർജ്ജിക്കാനും സ മയമായി.ദൈവദൂതനാകേണ്ടിവന്ന ജോലി ഏറ്റടു ത്ത അദ്ദേഹത്തിന്റെ വ്യക്തിത്വത്തിൽനിന്നും അ ത്യുദാരത ഒഴുകാൻ തുടങ്ങി. പക്ഷേ, തന്റെ ജന

ങ്ങളിൽ നിന്നും പ്രതിഫലമോ അഭിനന്ദനങ്ങളോ പ്രതീക്ഷിക്കുന്നതിൽ നിന്നും വിഭിന്നമായി അത ദ്ദേഹത്തിൽ നിന്നും കൂടുതൽ ക്ഷമ കാംക്ഷിക്കു ന്നതായിത്തീർന്നു.എന്നിരുന്നാലും ദൈവത്തിന്റെ പ്രീതിയാലനുഗ്രഹീതനായ അദ്ദേഹത്തിൽ സം തൃപ്താവസ്ഥ ഉയരുമായിരുന്നു.

(**b**) ഒരു പൊതു ആത്മീയ പാഠം അഭ്യാസിപ്പിക്കു ന്നു.ഓരോ നല്ല മനുഷ്യന്റെയും ജീവിതത്തിൽ ല ഘുവായ അളവിൽ സമാന ഘട്ടങ്ങൾ ഉദ്ഭവി ക്കും അതിന്ന് പ്രവാചകന്റെ ജീവിതം മാതൃകയാ കേണ്ടതുമുണ്ട്.

(**c**)പൂർവ്വാധികം ഗഹനമായി ആത്മദക്തശക ചി ന്താ നിമഗ്നതയെ നിർദ്ദേശിക്കുന്നു.പുതപ്പ് കൊ ണ്ടും ബാഹ്യ ആവരണം കൊണ്ടും സൂഫികൾ മ നസ്സിലാക്കുന്നത് നമ്മുടെ ദർശനപരമായ നിലനി ൽപിന്റെ സാഹചര്യങ്ങളെയാണ്. അവ ഒരു പരി ധിവരെ ശാരീരിക സൗഖ്യത്തിന് ആവശ്യമാണ്. പക്ഷെ നാമതിൽ നിന്നും പെട്ടെന്ന് തന്നെ അതിർ കടന്നു വളരുന്നു.നമ്മുടെ ആന്തരിക പ്രകൃതി അ തിനെ നിർഭയം പ്രഖ്യാപിക്കേണ്ടതുണ്ട്. അത് മ നുഷ്യർക്കു ബഹുമതിയോ പാരിതോഷികമോ ല

ഭിക്കാൻ ഇടവരുത്തുന്നു എന്നത് കൊണ്ടല്ല. അത്തരമൊരു നേരിയ പ്രതീക്ഷ പോലും നമ്മുടെ ഉന്നതമായ പ്രകൃതിയോട് പൊരുത്തപ്പെടാത്തതായിരിക്കും. അതിന്ന് എല്ലാ വിധ നിയന്ത്രണങ്ങളുമേർപെടുത്തുകയും ദൈവത്തിന്റെ പ്രീതിയിൽ മാത്രം ആഹ്ളാദിക്കുകയും വേണം. അബ്ദുല്ലാഹ് യൂസുഫ് അലി

അറബികൾക്കു പൊതുവായും വിശുദ്ധ പ്രവാചകന്ന് പ്രത്യേകമായും ഒരു പുതപ്പ് (ആവരണം)എന്നാൽ സൂര്യനിൽ നിന്നും കാറ്റിൽ നിന്നും പൊടിമണ്ണിൽ നിന്നും അവരെ സംരക്ഷിക്കുന്ന മൂടുപടമായിരുന്നു. അത് ചുറ്റിയത് കൊണ്ടാണ് കുപ്പായക്കൈയുടെ ഭാഗത്ത് നിന്നും അത് മേൽപോട്ടുയർത്തി ദൗത്യം പൂർത്തീകരിക്കണമെന്നദ്ദേഹത്തോട് പറഞ്ഞത്. ഇന്ന് ലോകത്തുള്ള മുസ്ലിംകളിൽ ഭൂരിപക്ഷവും ഷാൾ കൊണ്ട് മറക്കുന്നില്ലെങ്കിലും അവരുടെ നിത്യജീവിതത്തിൽ അപകർഷതാബോധത്തിന്റെ ഒരു പാട് ആവരണങ്ങൾ ചുമക്കുന്നവരാണ്.

ദൈവത്തിന്റെ പ്രകാശം നമുക്കു ചുറ്റുമുള്ള തമസ്സിൽ പ്രശോഭിപ്പിക്കാൻ നമുക്കെന്ത് ചെയ്യാൻ കഴിയും ?

നാമാദ്യം നമ്മിൽ തന്നെ അതിനെ പ്രകാശിക്കാനനുവദിക്കുക. നമ്മുടെ ഹൃദയാന്തരാളത്തിൽ വെളിച്ചം വീശിക്കൊണ്ട് നമുക്ക് ഉറച്ച കാൽ വെപ്പുകളോടെ നടക്കാം.
നമുക്ക് സ്വാസ്ഥ്യമില്ലാത്തവരെ വിനീതരായി സന്ദർശിക്കാം. അവരുടെ ചുവടുവെയ്പുകളുടെ മാർഗദർശകരാകാം. എന്നാൽ നാമല്ല, പ്രകാശം മാർഗദർശനം നൽകും!.
പക്ഷേ, ഹോ! ദീപശിഖയേന്താൻ അർഹത നേടുമ്പോഴുള്ള ആഹ്ളാദം
നമ്മുടെ സഹോദരൻമാരോടു പറയുമ്പോഴും
ഞാനും അന്ധകാരത്തിലായിരുന്നു.സ്വസ്ഥ്യരഹിതനായിരുന്നു.
ഇതാ നോക്കു ദൈവീക കൃപയിൽ ഞാൻ
ആശ്വാസവും ആനന്ദവും കണ്ടെത്തിരിയിരിക്കുന്നു!.
അങ്ങിനെയാണ് നാം സാഹോദര്യത്തിന്റെ ബാദ്ധ്യതകൾ നിർവ്വഹിക്കേണ്ടത്..
ദൈവത്തിന്റെ മാർഗങ്ങളിലൂടെ
വിനീതരായ ഒപ്പം നടന്നു കൊണ്ട്,
പരസ്പരസഹായത്തോടെയും സന്തോഷത്തോടെയും
ഹൃദയസ്പർശിയായ പ്രാർത്ഥനയോടയെും,
കർമ്മത്തിന്റെ പിൻബലത്തോടെ.
അത് കൊണ്ട് ദൈവത്തിന്റെ സദുദ്ദേശം
നമ്മിലെല്ലാവരിലും സഫലീകൃതമായേക്കാം!

അബ്ദുല്ലാഹ് യൂസുഫ് അലി

ولكن أكثر الناس لا يعلمون

(പക്ഷേ, ഭൂരിപക്ഷം മനുഷ്യരും അറിയാത്തവരാണ്.) വിശുദ്ധ ഖുർആൻ –34:28

അങ്ങിനെ പ്രസ്താവിച്ചു. ദിവ്യജ്ഞാനത്തിലൂടെ വെളിപ്പെടുത്തി, നമ്മുടെ വിശുദ്ധ പ്രവാചകൻ മുഹമ്മദ്(ﷺ)–ദൈവത്തിന്റെ അനുഗ്രഹങ്ങൾ എന്നുമെന്നുമദ്ദേഹത്തിൻമേലുണ്ടാവട്ടെ.

## അനുബന്ധം(A)

## ഏറ്റവും മഹാനായ മുഹമ്മദ്(ﷺ)

‘‘ലക്ഷ്യത്തിന്റെ മഹത്വംവും,മാർഗ്ഗങ്ങളുടെ ലഘുത്വവും,സംഭ്രമിപ്പിക്കുന്ന സാഫല്യവുമാണ് ”

മാനവപ്രതിഭയുടെ മൂന്ന് അളവുകോലുകളെങ്കിൽ, ആധുനിക ചരിത്രത്തിലെ ഏതെങ്കിലു

മൊരു മഹാനെ മുഹമ്മദുമായി താരതമ്യം ചെയ്യാൻ ആർക്കു ധൈര്യമുണ്ട് ?

അതി പ്രശസ്തരായ മനുഷ്യരെല്ലാം ആയുധങ്ങളും നിയമങ്ങളും സാമ്രാജ്യങ്ങളും മാത്രമാണ് സൃഷ്ടിച്ചത്. എന്തെങ്കിലുമവർ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ അത് അവരുടെ കൺമുമ്പിൽ വെച്ചുതന്നെ ഉരുണ്ടുവീണ ഭൗതിക ശക്തികൾ മാത്രം. മുഹമ്മദെന്ന ഈ മനുഷ്യൻ മാറ്റിയത് സൈന്യങ്ങളെയോ നിയമനിർമ്മാണങ്ങളെയോ സാമ്രാജ്യങ്ങളെയോ സമൂഹങ്ങളെയോ രാജവംശങ്ങളെയോ അല്ല.ദശലക്ഷക്കണക്കിന് മനുഷ്യരെയാണ്. അതിലുപരി ആൾത്താരകളെയും,ദൈവങ്ങളെയും മതങ്ങളെയും,ആശയങ്ങളെയും,വിശ്വാസങ്ങളെയും ആത്മാവുകളെയുമാണ്. അതിലെ ഓരോ അക്ഷരവും നിയമമായിത്തീർന്ന ഒരു ഗ്രന്ഥത്തിന്റെ അടിസ്ഥാനത്തിൽ വ്യത്യസ്ഥഭാഷ സംസാരിക്കുന്ന ജനങ്ങളെയും വ്യത്യസ്ഥ വംശങ്ങളെയും സമന്വയിപ്പിച്ച് ഒരു ആത്മീയ ദേശിയതക്കദ്ദേഹം രൂപം നൽകി..

ദൈവീക ഏകത്വമെന്ന ആശയം കൽപിത ഈശ്വര വിജ്ഞാനീയങ്ങളുടെ അപചയങ്ങൾക്കി

ടയിൽ പ്രഖ്യാപിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ചുണ്ടിൽ നിന്നുള്ള വാക്കുകളായി ആവിഷ്കരിക്കപ്പെട്ടപ്പോൾ അത് സർവ്വ പുരാതന അന്ധവിശ്വാസങ്ങളെയും നശിപ്പിച്ച അത്ഭുതമായിത്തീർന്നു.അദ്ദേഹത്തിന്റെ അനന്തിമമായ പ്രാർത്ഥനകളും ദൈവവുമായുള്ള നിഗൂഢ സംഭാഷണങ്ങളും,അദ്ദേഹത്തിന്റെ മരണവും മരണശേഷമുള്ള വിജയവും ഒരു കപട വേഷധാരിയെയല്ല സാക്ഷ്യപ്പെടുത്തുന്നത്. ഒരു സിദ്ധാന്തത്തെ പുനസ്ഥാപനം ചെയ്യാൻ അദ്ദേഹത്തിന് ശക്തി പ്രദാനം ചെയ്ത അചഞ്ചലമായ വിശ്വാസത്തെയാണ്.ഈ സിദ്ധാന്തം ദ്വിമുഖമായിരുന്നു.ദൈവത്തിന്റെ ഏകതയും ദൈവത്തിന്റെ അമൂർത്തതയും. ആദ്യത്തേത് ദൈവമെന്താണെന്നും,രണ്ടാമത്തേത് ദൈവമെന്തല്ല എന്നും വ്യക്തമാക്കുന്നു. തത്വജ്ഞാനി,വാഗ്മി,ദൈവദൂതൻ,നിയമനിർമ്മാതാവ്,യോദ്ധാവ്,ആശയങ്ങളുടെ ജേതാവ്, യുക്തിപൂർവ്വകമായ വിശ്വാസങ്ങളുടെയും പ്രതി ബിംബങ്ങളില്ലാത്തൊരു ആരാധനാ സമ്പ്രദായത്തിന്റെയും പുനരുദ്ധാരകൻ, ഇരുപത് ഭൗതിക സാമ്രാജ്യങ്ങളുടെയും ഒരു ആത്മീയ സാമ്രാജ്യത്തിന്റെയും സ്ഥാപകൻ.അതായിരുന്നു മുഹമ്മദ്.മാനവമഹത്വമളക്കാനുള്ള സർവ്വമാനദണ്ഡങ്ങ

ളും പരിഗണിച്ചാൽ പോലും തീർച്ചയായും നമു ക്ക് ചോദിക്കാം.അദ്ദേഹത്തേക്കാൾ മഹാനായി മ റ്റാരെങ്കിലുമുണ്ടോ''? (LAMARTINE, HISTORIEDELA TURQUIE, PARIS 18 54 VOL II PAGE 276-277)

## അനുബന്ധം(B)

''നേതാക്കൾ മൂന്നു കൃത്യങ്ങൾ നിർവ്വഹിച്ച വരായിരിക്കണം... അനുയായികൾക്ക് സുസ്ഥിതി ഉണ്ടാക്കിക്കൊടുക്കണം, ജനങ്ങൾക്ക് ആപേക്ഷി കമായി സുരക്ഷിതത്വം ലഭിക്കുന്ന ഒരു സാമുഹ്യ സംഘടനക്ക് രൂപം നൽകിയവരായിരിക്കണം.അ വർക്ക് ഒരു കൂട്ടം വിശ്വാസപ്രമാണങ്ങൾ ഉണ്ടാ ക്കി കൊടുക്കണം.

ഗാന്ധി, കൺഫ്യൂസ് എന്നിവരെ പോലെയു ള്ളവർ ഒരു തലത്തിലും, അലക്സാൻഡർ,സീസ ർ,ഹിറ്റ്ലർ എന്നിവരെപോലുള്ളവർ മറുതലത്തി ലും രണ്ടാമത്തെയും മൂന്നാമത്തെയും ഗണ ത്തിൽ പെട്ടവരാണ്.യേശുവും,ബുദ്ധനും മൂന്നാമ ത്തെ ഇനത്തിൽ മാത്രം പെടുന്നവരാണ്.ഒരു വേ ള, എല്ലാ കാലഘട്ടങ്ങളിലെയും ഏറ്റവും മഹാനാ യ നേതാവ് ഈ മൂന്ന് കർത്തവ്യ നിർവ്വഹണങ്ങ

ളും സമ്മേളിച്ച മുഹമ്മദ്(ﷺ) ആയിരുന്നു.ഒരു ചെറിയ അളവിൽ മോശയും അതുതന്നെ ചെയ്തു.''

ജൂൽസ് മാസ്സർമാൻ, അമേരിക്കയിലെ സൈക്കോ അനലിസ്റ്റ് (മാനസികാപഗ്രഥകൻ)

ടൈം വാരിക, ജൂലൈ 15,1974

## അനുബന്ധം(C)

വിശ്വാസ്യത(കൂറ്)ഒരു മാനവീയ ഗുണമാണെന്ന് പറയപ്പെടുന്നു.

ആധുനിക മാന്യനെ നിഷ്ഠൂരരിൽനിന്നും വ്യതിരിക്തനാക്കുന്ന,

പക്ഷെ അതിശ്രേഷ്ടമായ ആ വിശ്വാസ്യത എല്ലാ വേട്ട നായ്ക്കളിലും ജൻമസിദ്ധമാണ്. മനുഷ്യന്റെ ഉത്തമസുഹൃത്തിന്റെ ലക്ഷണമായ ആ ഗുണം മനുഷ്യനിൽ അപൂർവ്വമായി മാത്രം കാണുന്നു. ഒരു സൗത്താഫ്രിക്കൻ കവി.

***************

# من أهداف المكتب

١- تعريف غير المسلمين بدين الإسلام ودعوتهم إليه، وترغيبهم فيه، مشافهة، ومراسلة، واستماعا.

٢- تصحيح عقائد المسلمين وتنقيتها من الشرك وشوائبه.

٣- نشر العلم الشرعي بين الجاليات المسلمة.

٤- توعية المسلمين وتوجيههم وإرشادهم إلى ما يصلح الحال ويسعد المآل.

٥- الدعوة إلى ترك البدع والخرافات الموجودة عند بعض المسلمين.







المملكة العربية السعودية

المكتب التعاوني للدعوة والإرشاد وتوعية الجاليات بغرب الديرة

تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد

ص.ب ١٥٤٤٨٨ - الرياض ١١٧٣٦ - تقاطع شارع الريس مع شارع عسير

هاتف ٤٣٩١٩٤٢ - ناسوخ ٤٣٩١٨٥١

حساب رقم ٩٢٤٠ / ٤ شركة الراجحي المصرفية فرع سلطانة

The Cooperative Office for Call & Guidance
to Communities at Western Diraah

P.O.Box:154488 - Riyadh 11736 - Tel:4391942 - Fax:4391851